നവംബർ 2025

# ജീവനും വെളിച്ചവും



## ദരിദ്രന്റെ കണ്ണുകളിൽ പ്രതിഫലിക്കുന്ന ദൈവത്തിന്റെ ഹൃദയമിടിപ്പ്

"ഞാൻ നിന്നെ സ്നേഹിച്ചു" (Dilexi Te)


വിശുദ്ധ മറിയം മഗ്ദലേന ദേവാലയം
പരുത്തിയൂർ, പൊഴിയൂർ
തിരുവനന്തപുരം ലത്തീൻ അതിരൂപത
69-ാമത്
ക്രിസ്തുരാജത്വ തിരുനാൾ
മഹോത്സവം
2025 നവംബർ 14
മുതൽ 23 വരെ
നവംബർ 23, 5pm | തിരുനാൾ സമൂഹ ദിവ്യബലി
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
നവംബർ 8 - 12 തിയതികളിൽ 5pm- 9pm
പൊഴിയൂർ തീരദേശ ബൈബിൾ കൺവെൻഷൻ
നയിക്കുന്നത് ഫാ. സോജി ഓലിക്കൽ & ടീം സെഹിയോൻ
ധ്യാനകേന്ദ്രം, അട്ടപ്പാടി
തീർത്ഥാടകർക്ക് സ്വാഗതം

# ജീവനും വെളിച്ചവും

**തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം**

2025 നവംബർ | പുസ്തകം 63 | ലക്കം 11



**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. സനീഷ് എസ്. എം., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. ബീഡ് മനോജ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ.നിജു അജിത്ത്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്‌മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജി.


## മുഖവിചാരം

'കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.' രണ്ടായിരം വർഷങ്ങൾക്കുമുൻപ്, ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ പ്രവചനം ഉദ്ധരിച്ചുകൊണ്ടാണ് ക്രിസ്തു ഇപ്രകാരം അരുളിചെയ്തത് (ലൂക്ക 4:18-19).

ഇന്നിപ്പോൾ, 'സഭ ദരിദ്രരുടെ പക്ഷം ചേരുക' എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് തന്റെ ആദ്യത്തെ അപ്പസ്തോലിക പ്രബോധനവുമായി ലിയോ പതിനാലാമൻ പാപ്പ. 'ദിലേക്സി തേ' എന്നാണ് അതിന്റെ ശീർഷകം. 'ഞാൻ നിന്നെ സ്നേഹിച്ചു' എന്നർത്ഥം വരുന്ന വെളിപാട് പുസ്തകത്തിലെ തിരുവചനമാണ് പാപ്പ തന്റെ പ്രബോധനത്തിന്റെ തലക്കെട്ടായി സ്വീകരിച്ചിരിക്കുന്നത്. സംവത്സരങ്ങൾക്കിപ്പുറം ദരിദ്രർ ദരിദ്രരായിത്തന്നെ നിലകൊള്ളുന്നു എന്നും സഭ ദരിദ്രരിൽനിന്നും ബഹുകാതം അകന്നുപോയി എന്നുമുള്ള ഉൾക്കാഴ്ചയോ പശ്ചാത്താപമോ ആകാം പാപ്പയുടെ ഈ അപ്പസ്തോലിക പ്രബോധനത്തിന്റെ ഉദ്ദേശ്യം. ലോകത്ത് ദാരിദ്ര്യവും അസമത്വവും അഭയാർത്ഥിത്വവും നിർബാധം തുടരുന്ന അവസ്ഥാവിശേഷത്തെ അഭിസംബോധന ചെയ്യുകയാണ് ഒരർത്ഥത്തിൽ പാപ്പ.

സ്നേഹത്തിന് അതിരുകൾ വയ്ക്കാത്ത, എല്ലാവരെയും സ്നേഹിക്കാൻ കഴിയുന്ന ഒരു സഭയാണ് ഇന്ന് ലോകത്തിനാവശ്യം എന്നും സമൂഹത്തിലെ ഏറ്റവും എളിയവരെ, ഉണ്ണാനും ഉടുക്കാനുമില്ലാത്തവരെ, പരദേശികളെ, അഭയാർത്ഥികളെ, യുദ്ധക്കെടുതികളിൽ അകപ്പെട്ടവരെ സഭ ചേർത്തു നിർത്തണമെന്നും പരിപാലിക്കണമെന്നും ദൈവത്തെ അവർക്ക് നൽകുക എന്നതിലുപരി അവരിൽ ദൈവത്തെ കണ്ടുമുട്ടുക എന്നതാണ് ഓരോ ക്രൈസ്തവന്റെയും ഉത്തരവാദിത്തം എന്നും പാപ്പ ഉദ്ബോധിപ്പിക്കുന്നു. ആ ഉദ്ബോധനത്തിന്റെ സമകാലിക പ്രസക്തി എന്തെന്നാൽ ധനവാൻ കൂടുതൽ ധനവാനാകുകയും ദരിദ്രൻ കൂടുതൽ ദരിദ്രനാകുകയും ചെയ്യുന്ന ഒരു കഷ്ടകാലത്തിലാണ് നാം ജീവിക്കുന്നു എന്നതാണ്.

'ഞാൻ നിന്നെ സ്നേഹിച്ചു.' എത്ര അർത്ഥവത്തായ വാക്കാണത്. ജീവിതത്തിലുടനീളം സ്നേഹത്തിലധിഷ്ഠിതമായ ഒരു പ്രബോധനരീതിയും പ്രവർത്തനവുമാണ് ക്രിസ്തു അവലംബിച്ചത്, ഞാൻ നിന്നെ സ്നേഹിച്ചതുപോലെ നീയും മറ്റുള്ളവരെ സ്നേഹിക്കുക. നല്ല സമരിയാക്കാരന്റെ കഥ സ്നേഹത്തിന്റെ ഉദാത്തമായ ഒരു ഉപമയാണ്. യോനായുടെ പുത്രനായ ശെമയോനോട് ചോദിച്ച ആ ചോദ്യം ഇപ്പോഴും അന്തരീക്ഷത്തിൽ മുഴങ്ങുന്നുണ്ട്; 'നീ എന്നെ സ്നേഹിക്കുന്നുവോ?' ലിയോ പാപ്പയുടെ പുതിയ അപ്പസ്തോലിക പ്രബോധനത്തിന്റെ വെളിച്ചത്തിൽ ആഗോള സഭ മാത്രമല്ല, പ്രാദേശികസഭകളും സഭയുടെ മക്കളും സ്വയം ചോദിക്കേണ്ടിയിരിക്കുന്നു; ഞാൻ ക്രിസ്തുവിനെ സ്നേഹിക്കുന്നുവോ? ക്രിസ്തു പറഞ്ഞ ദരിദ്രരുടെ പക്ഷത്തു തന്നെയാണോ നമ്മൾ ഇപ്പോഴും?

അതെ,
ഒരാത്മ പരിശോധനയ്ക്ക്, ഒരു പുനർവിചിന്തനത്തിന് സമയമായിരിക്കുന്നു.
ആ വിചിന്തനവേളയിൽ വെറുപ്പല്ല,
സ്നേഹവും കരുതലും കരുണയുമായിരുന്നു ക്രിസ്തുവിന്റെ വഴി എന്ന് ഓർക്കുകയും വേണം.

•


www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum




# പ്രതികരണങ്ങൾ

## വിശുദ്ധരുടെ ആയിരം തിരിനാളങ്ങൾ

**ജെറാൾഡ് ബി. മിരാൻഡാ,** തോന്നയ്ക്കൽ

വിശുദ്ധരായ കാർലോ അക്യൂട്ടിസിനെയും പിയെർ ജോർജിയോ ഫ്രാസാത്തിയെയും കുറിച്ചുള്ള ലേഖനങ്ങളാലും ചിന്തകളാലും സമ്പന്നമായിരുന്ന കഴിഞ്ഞ മാസത്തെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ. ജീവനും വെളിച്ചവും മാസികയിലും അത്തരം തേജസ്സുള്ള രചനകൾ വായിച്ചതിൽ സന്തോഷമുണ്ട്. ഈ വിശുദ്ധാത്മാക്കൾ നമ്മുടെ യുവജനങ്ങളുടെ ജീവിതയാത്രയിൽ വഴിവിളക്കായി പ്രചോദനവും പ്രത്യാശയുമായി പ്രശോഭിക്കട്ടെ എന്ന പ്രാർഥിക്കുന്നു.

സഭ നമ്മുടെ യുവജനങ്ങളുടെ ഇന്നത്തെ അവസ്ഥകൾ യഥാർഥമായി പഠിക്കുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ടോ? അവരെ ആത്മാർഥമായി സഭ പിന്തുടരുന്നുണ്ടോ? അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പ്രതിസന്ധികൾ ഒക്കെ സമഗ്രമായി പഠിച്ചിട്ടുണ്ടോ? സഭയോടുള്ള അവരുടെ കാഴ്ചപ്പാട് എന്താണ്? സഭയിൽ നിന്നും അവർ എന്താണ് ആഗ്രഹിക്കുന്നത്? അനുദിന ദിവ്യബലി / ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കുമ്പോൾ എന്തെങ്കിലും ആത്മീയ നന്മകൾ അനുഭവിക്കുവാൻ കഴിയുന്നുണ്ടോ? ആത്മീയാനന്ദം, സന്തോഷം, സമാധാനം, ശാന്തത ഇവയാൽ ഹൃദയം നിറയുന്നോ? അതോ, വെറുമൊരു ഞായറാഴ്ച ആചരണം മാത്രമായി മാറുന്നോ?

യുവജനങ്ങളെയും അവരുടെ കഴിവുകളെയും ഫലപ്രദമായും കാര്യക്ഷമമായും ക്രിയാത്മകമായും പ്രയോജനപ്പെടുത്താൻ സഭയ്ക്ക് കഴിയണം. ജീവിതത്തിന്റെ നാൽക്കവലകളിൽ തിരുവചനം കിട്ടാതെ തളർന്നുവീണ നശിക്കേണ്ടവരല്ല നമ്മുടെ യുവജനങ്ങൾ. കുറ്റങ്ങളും കുറവുകളും ഏറെ പരാതികളും പരിഭവങ്ങളും അവരെക്കുറിച്ചുണ്ടാകാം. എങ്കിലും നന്മയുടെ പ്രകാശം ഉള്ളിൽ സൂക്ഷിക്കുന്ന വിശുദ്ധാരാമങ്ങളാണവർ. നാളത്തെ ലോകത്തെ കരുത്തോടെ നയിക്കേണ്ടവർ. കുടുംബത്തിന്റെയും സമൂഹത്തിന്റെയും സഭയുടെയും കാവൽപ്പടയാളികളാകേണ്ടവർ. നാടിന്റെ ഹൃദയ സ്പന്ദനങ്ങളറിയുന്നവർ. വചനത്തിന്റെ ദീപശിഖകളേറ്റുവാങ്ങേണ്ടവർ. ഞാനാണ്, ഞങ്ങളാണ് സഭ എന്ന പറയേണ്ട തീപ്പന്തങ്ങൾ...

ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾക്കൊപ്പം മൊബൈൽ ഫോണും സ്ഥാനം പിടിച്ചിരിക്കുന്ന ഈ അത്യന്താധുനിക യുഗത്തിൽ അവ നോക്കിക്കൊണ്ടിരിക്കുന്ന കുട്ടികളിൽ, ഫുട്ബോൾ ഗ്രൗണ്ടിൽ കളിക്കുന്നവരിൽ, ലോകത്തിന്റെ ഭ്രമിപ്പിക്കുന്ന മോഹക്കടലിൽ മുങ്ങിത്താണവർ എന്ന നാം വിധിക്കുന്ന യുവജനങ്ങളിൽവരെ സഭയ്ക്ക് വിശുദ്ധരെ കണ്ടെത്താൻ കഴിയണം. ആ പ്രാപ്തി കർമ ധീരരായ വൈദികർ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന ചോദ്യം അവശേഷിക്കുന്നു. സഭ അവരുടെ മനസ്സറിഞ്ഞ് പ്രവർത്തിക്കണം. ബേത്‌ലഹേമിൽ പിറന്ന് 2000 വർഷങ്ങളിലേറെയായി മാനവ ഹൃദയങ്ങളിൽ മാനസാന്തരത്തിന്റെ വിത്തുകൾ പാകിയ നസ്രത്തുകാരൻ യുവാവായ യേശു കൂടെ ഉള്ളപ്പോൾ നാം ആരെപ്പേടിക്കണം? യുവ വിശുദ്ധരുടെ ആയിരം തിരിനാളങ്ങൾ ജ്വലിച്ചുയരട്ടെ.

## ജപമാല: ക്രിസ്തീയ വിശ്വാസത്തിന്റെ ഹൃദയ സ്പന്ദനം.

**വിമല,** പേട്ട, തിരുവനന്തപുരം

പരിശുദ്ധ ജപമാലയെക്കുറിച്ചുള്ള ലേഖനം വായിച്ചു. ക്രിസ്തുവിന്റെ രക്ഷാകര ചരിത്രത്തിലൂടെയുള്ള ആത്മീയ തീർഥയാത്രയാണ് ജപമാല. കുടുംബത്തിൽ അൽമായർ അർപ്പിക്കുന്ന വിശുദ്ധ ബലിയത്രേ ജപമാല. ഗൃഹനാഥൻ, ഗൃഹനാഥ, മക്കൾ ഇവർ പരിശുദ്ധ ത്രിത്വത്തിന്റെ പ്രതീകമായി കുടുംബങ്ങളിൽ നിലകൊള്ളുന്നു. ദു:ഖ, സന്തോഷ, മഹിമ, പ്രകാശ രഹസ്യങ്ങൾ ചൊല്ലുമ്പോൾ അവ ക്രിസ്തുനാഥന്റെ മാത്രമല്ല, നമ്മുടെ ജീവിതവുമായും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ജപമാലപ്രാർഥനയിലൂടെ കുടുംബങ്ങളെയും കുടുംബ ബന്ധങ്ങളെയും ദൃഢമായി കാത്തു സൂക്ഷിക്കുവാൻ സാധിക്കുന്നു. മാറിയ കാലത്തിൽ തിരക്കുകളുടെയും വേഗതകളുടെയും യുഗത്തിൽ കുടുംബങ്ങളിൽ ജപമാലകൾ അന്യംനിന്നു പോകുന്നു. അധരവ്യായാമമായി ജപമാലയെ വിലയിരുത്തുന്നവരുമുണ്ട്. കുടുംബാംഗങ്ങളെ സ്നേഹത്തിന്റെ ചരടിൽ കോർത്തുനിർത്തുന്ന ഭക്താനുഷ്ഠാനമാണ് ജപമാല.

ഭവനങ്ങളിൽനിന്നുവേണം പുതുതലമുറ കൊന്ത വണക്കം ശീലിക്കേണ്ടതും അഭ്യസിക്കേണ്ടതും. നമ്മുടെ അമ്മമാരുടെ തലയിണക്കീഴിൽ എപ്പോഴും ഒരു കൊന്ത ഉണ്ടായിരിക്കും. ഭർത്താവിനെയും മക്കളെയും ചെറുമക്കളെയും അയൽക്കാരെയും രോഗികളെയും എന്നുവേണ്ട പ്രാർഥനാ സഹായം ആവശ്യമുള്ളവർക്ക് വേണ്ടിയെല്ലാം പ്രാർഥിക്കും. അനേകം അമ്മ/ അമ്മൂമ്മ/അപ്പൂപ്പൻമാരുടെ ക്ഷീണത്തിൽ തളർന്നും പാതിമയങ്ങിയും ഉറങ്ങിയുമുള്ള ജപമാലകളാണ് വൈദികരെ, രൂപതയെ, തിരുസഭയെ താങ്ങി നിർത്തുന്നത്. നമ്മുടെ മക്കളെ ജപമാലയുടെ പുണ്യങ്ങളിലേക്ക് വളർത്താം. ജപമാല രാജ്ഞിയായ മാതാവേ, ഞങ്ങൾക്ക് വേണ്ടി പ്രാർഥിക്കണമേ!

## നേർക്കാഴ്ച പുതിയ കാലത്തിന്റെ ഉൾക്കാഴ്ച

**ജോളി ജോയി,** വെട്ടുകാട്

നേർക്കാഴ്ചയിൽ സ്ഥാപനവൽക്കരിക്കപ്പെടുന്ന മതങ്ങളെയും നഷ്ടമാകുന്ന ദൈവാനുഭവത്തെയുംകുറിച്ച് വായിച്ചു. സഭയുടെ ഐശ്വര്യമായാണ് സഭാ സ്ഥാപനങ്ങൾ സമൂഹത്തിൽ ഉയർന്നു നിൽക്കുന്നത്. അവ ഒരു കാലത്ത് അനിവാര്യ ഘടകവുമായിരുന്നു. സഭയിലെ സ്കൂളുകളുടെയും ആതുര ശുശ്രൂഷാ സ്ഥാപനങ്ങളുടെയും ഗുണഫലങ്ങൾ അനുഭവിക്കാത്തവർ നമ്മുടെ സമൂഹത്തിലില്ല.

കാലം മാറിയപ്പോൾ എല്ലാ മതങ്ങളും താന്താങ്ങളുടെ സ്ഥാപനങ്ങൾ തുടങ്ങി. ഇനി മാറിയ കാലത്തിനൊത്ത സ്ഥാപനങ്ങൾ മാത്രമേ നിലനിൽക്കൂ. നാം സ്ഥാപനങ്ങൾ വളർത്തിയെങ്കിലും നമ്മുടെ ആത്മീയത തളർന്നുകൊണ്ടിരിക്കുന്നുവെന്ന യാഥാർഥ്യം മനസ്സിലാക്കാൻ വൈകി. മിടുക്കരായ വൈദികർ സ്ഥാപനങ്ങളെ നയിക്കേണ്ടി വരുന്നത് സഭയ്ക്ക് കനത്ത നഷ്ടമാണ്. ദൈവജനത്തിന് പ്രയോജനപ്പെടാൻ തക്കവിധം ഇടവക വൈദികരുടെ സേവനം ലഭ്യമല്ല എന്ന പരാതി പൊതുവിൽ പറഞ്ഞു കേൾക്കുന്നുണ്ട്. ജനസംഖ്യ കൂടിയ ഇടവകകളിൽ അക്കാര്യം സത്യവുമാണ്. ഫലമോ, വിശ്വാസം നഷ്ടമാകുന്നു. ആടുകൾ ആല വിട്ടു പോകുന്നു. ഒരുവൻപോലും നശിച്ചുപോകാൻ ആഗ്രഹിക്കാത്ത ദൈവപിതാവിനെ നാം കൂടുതൽ ദു:ഖിപ്പിക്കുന്നു.

പൊതുവിൽ പുതു തലമുറയിൽ വിശ്വാസം കുറയുന്ന ഇക്കാലത്ത് വിശ്വാസവും ദൈവാനുഭവവും നഷ്ടമായാൽ പത്ത് പതിനഞ്ച് വർഷം കഴിയുമ്പോൾ അതിന്റെ രൂക്ഷമായ തിക്തഫലങ്ങൾ നാം അനുഭവിക്കേണ്ടി വരും. ഇന്ന് ദേവാലയങ്ങളിൽ ആളിനും അർഥത്തിനും കുറവൊന്നുമില്ല. നമ്മുടെ സാമ്പത്തിക ഉറവിടങ്ങൾ അടയ്ക്കപ്പെടുമ്പോഴാകും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വർധിക്കുന്നത്. പ്രാർഥന, പരിത്യാഗങ്ങൾ, ഉപവാസം, ബൈബിൾ വായന, ജപമാല, വിശുദ്ധ കുർബാന ഇവയിലൂടെ വളർന്നു വികാസം പ്രാപിക്കുന്നതാണ് കത്തോലിക്കാസഭയുടെ ആത്മീയതയുടെ അടിസ്ഥാനം. ക്രമാനുഗതമായ വളർച്ചയിലൂടെ മാത്രമേ ആത്മീയതയുടെ പടവുകൾ കയറി നിത്യജീവൻ സ്വന്തമാക്കാൻ കഴിയുകയുള്ളൂ. സഭ സുവിശേഷ വൽക്കരണത്തിന്റെ അന്ത:സ്സത്തയും രത്നച്ചുരുക്കവും ഉൾക്കൊണ്ട് ആത്മാക്കളെ നേടുന്നതിനു വേണ്ടിയുള്ള ദാഹത്തിൽ അധിഷ്ഠിതമാണ്.






# താളുകളിൽ


## ലേഖനം



**06**
'ദിലേക്സി തേ' ദരിദ്രരുടെ സുവിശേഷം
റവ. ഡോ. സബാസ് ഇഗ്നേഷ്യസ്



**10**
Dilexi Te 'ഞാൻ നിന്നെ സ്നേഹിച്ചു'
മാറുന്ന സംസ്ക്കാരവും മാറ്റപ്പെടേണ്ട മനോഭാവങ്ങളും
റവ. ഡോ. എ. ആർ. ജോൺ



**14**
ആഗമനകാലം ആനന്ദത്തിന്റെ കാലം
റവ. ഡോ. ഡൈസൺ



**18**
ഒരു സ്വർഗ വിചാരം
ഫാ. ജോസ് ഫ്രാങ്ക്ളിൻ



**24**
വിശുദ്ധ ദേവസഹായം അല്മായരുടെ മധ്യസ്ഥൻ
റവ. ഡോ. ലോറൻസ് കുലാസ്



**28**
ഇടുങ്ങിയ പാതയിലൂടെ നിത്യവിഹായസ്സിലേയ്ക്ക്
Sr. ഡോ. സൂസി കിണറ്റിങ്കൽ C.T.C



**30**
ഓഖി അവശേഷിപ്പിക്കുന്നത്
വിപിൻ ദാസ്

## കവിത



**13**
തിര
ഫാ. ബിജോയ് കെ. സി

## ടാക്കീസ്



**34**
വൈറൽ എന്ന പ്രയോഗത്തിന്റെ മനഃശാസ്ത്രം
സുനിൽ സി. ഇ

## നേർക്കാഴ്ച



**42**
രണ്ടുവർഷത്തെ ചോരക്കളിക്ക് ശേഷം ഗാസാ സമാധാനത്തിലേക്ക്?
ജെ. സി.

**17** കാനോൻ നിയമം

**22** സ്റ്റുഡൻസ് ഫോറം യോഗസഹായി

**26** ചരിത്രപഥം
തിരുസഭ ഒന്നാം നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികനിറവിൽ - 2

**35** വചന ജ്വാല

**37** വാർത്തകൾ

**39** നീർച്ചാൽ



• ലേഖനം

# ‘ദിലേക്സി തേ’ ദരിദ്രരുടെ സുവിശേഷം

റവ. ഡോ. സബാസ് ഇഗ്നേഷ്യസ്

**സമൂഹത്തിലെ തെറ്റായ ആശയങ്ങളും തിന്മകളുംസമൂഹത്തിൽ നിൻലനിൽക്കുന്ന ചില തെറ്റായ പ്രവണതകളും ബലഹീനരെ ആ അവസ്ഥയിൽതന്നെ നിലനിർത്തുന്നു. ആയതിനാൽ ദാരിദ്ര്യം ഒരു വ്യക്തിയുടെ വിധിയല്ല, മറിച്ച് സമൂഹത്തിൽ സ്വീകരിക്കുന്ന മോശം നിലപാടുകളുടെയും നയങ്ങളുടെയും ഫലമാണെന്ന് പാപ്പാ ഓർമിപ്പിക്കുന്നു.**

ക്രിസ്തുവിശ്വാസിക്ക് അവിടുത്തെ സ്നേഹത്തിൽ ജീവിക്കാനും, പാവപ്പെട്ടവരിൽ അത് പ്രകടിപ്പിക്കാനും ഉത്തരവാദിത്വമുണ്ടെന്ന ഉദ്ബോധനവുമായി ലിയോ പതിനാലാമൻ പാപ്പാ "ഞാൻ നിന്നെ സ്നേഹിച്ചു" എന്നർത്ഥം വരുന്ന "ദിലേക്സി തേ" (Dilexi Te) എന്ന തന്റെ ആദ്യ അപ്പസ്തോലിക പ്രബോധനം 2025 ലെ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിവസമായ ഒക്ടോബർ 4 ആം തിയതി ഒപ്പുവച്ച്, ഒക്ടോബർ 9 ആം തിയതി പുറത്തിറക്കി. ദുർബലരും നിരാശരുമായവർക്ക് ആശ്വാസം നൽകുന്ന വെളിപാട് പുസ്തകത്തിലെ "ഞാൻ നിന്നെ സ്നേഹിച്ചു" (3:9) എന്ന തിരുവചനത്തിൽ നിന്നാണ് ഈ പ്രബോധനത്തിന്റെ തലക്കെട്ടിനു പ്രചോദനം ഉൾക്കൊണ്ടിരിക്കുന്നത്. ലോകത്തിലെ നീറുന്ന പ്രശ്നങ്ങൾക്കു മദ്ധ്യേ വേദനിക്കുന്ന പാവപ്പെട്ടവർക്കുള്ള പ്രത്യാശയുടെ വചനങ്ങളാണിവ. ക്രിസ്തീയ നരവംശശാസ്ത്രത്തിന്റെ ഒരു പ്രധാന തത്വമായ മനുഷ്യമഹത്വത്തെയും അതിനു നിദാനമായി ഓരോ വ്യക്തിയിലും അന്തർലീനമായ ദൈവികച്ഛായയെയും ഊന്നിപ്പറയുകയും അത് കേന്ദ്രീകരിച്ച് ഈ പ്രബോധനത്തിന്റെ ചർച്ച പുരോഗമിക്കുകയും ചെയ്യുന്നു. ജോൺ ഇരുപത്തിമൂന്നാമൻ പാപ്പായുടെ "മാത്തർ എത് മജിസ്ത്ര" (Mater et Magistra), പോൾ ആറാമൻ പാപ്പായുടെ "പോപ്പുളോറും പ്രൊഗ്രേസിയോ" (Populorum progressio), ജോൺ പോൾ രണ്ടാമൻ പാപ്പായുടെ പാവപ്പെട്ടവരോടുള്ള സഭയുടെ പ്രത്യേക പരിഗണന, ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ "കാരിത്താസ് ഇൻ വേരിത്താത്തെ" (Caritas in Veritate) തുടങ്ങി, പാവപ്പെട്ടവരെക്കുറിച്ച് കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളിൽ സഭ പഠിപ്പിച്ചുവന്നിരുന്ന ശൈലി പിന്തുടർന്ന്, ദരിദ്രരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സഭയുടെ പാരമ്പര്യം "ദിലേക്സി തേ" യും തുടരുന്നു.

## "ദിലേക്സി തേ" യുടെ ഘടന

ദാരിദ്ര്യത്തെയും ദരിദ്രരുടെ ദുരവസ്ഥയെയുംകുറിച്ച് ഉൾക്കാഴ്ച നൽകുന്ന ഒരു ദൈവശാസ്ത്ര ഗ്രന്ഥമാണ് "ദിലേക്സി തേ". ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പ്രതിധ്വനിക്കുന്ന ദരിദ്രരുടെ നിലവിളികളെയും അവരുടെ കഷ്ടപ്പാടുകൾക്ക് കാരണമാകുന്ന ആഗോള വ്യവസ്ഥസ്ഥിതി യ്ക്കുള്ളിലെ അപകടങ്ങളെയുംകുറിച്ച് ലിയോ പാപ്പാ ഒന്നാമധ്യായത്തിൽ ചർച്ചചെയ്യുന്നതിലൂടെ തുടർന്ന് വരുന്ന അധ്യായങ്ങൾക്കവശ്യമായ സമകാലിക ലോകജീവിത പശ്ചാത്തലമൊരുക്കുന്നു. പഴയനിയമ ഗ്രന്ഥങ്ങളെ ഉദ്ധരിച്ചുകൊണ്ടു ഒന്നാമദ്ധ്യായത്തിൽനിന്ന് സാവധാനമാരംഭിക്കുന്ന ദരിദ്രരുടെ നിലവിളികേൾക്കുന്ന ദൈവത്തിന്റെ മുഖം യേശുവിന്റെ ദരിദ്രജീവിതത്തിലൂടെ രണ്ടാമധ്യായത്തിൽ വിവരിച്ചുകാട്ടുമ്പോൾ, ദൈവത്തിന്റെ സ്വത്വം ദാരിദ്ര്യമാണെന്ന് നമ്മെ ഓർമിപ്പിക്കുന്നു. തുടർന്ന് പുതിയ നിയമ ഗ്രന്ഥങ്ങളെ ആസ്പദമാക്കി ആദിമ ക്രൈസ്തവ സഭയുടെ ദരിദ്രരോടുള്ള സമീപനത്തെക്കുറിച്ച് വിശദീകരിക്കുന്നതിലൂടെ മാനുഷികമായ നമ്മുടെ കണക്കുകൂട്ടലുകളുടെയും സ്വാർത്ഥതാൽപര്യങ്ങളുടെയും യുക്തിയിൽനിന്നും വിമോചിതരാകാനും നാമേറ്റെടുക്കുന്ന കാരുണ്യപ്രവൃത്തികളെ നമ്മുടെ ആരാധനയുടെ ആധികാരിക അടയാളങ്ങളാക്കി മാറ്റാനും പാപ്പ ശുപാർശ ചെയ്യുന്നു (27).

സഭാപിതാക്കന്മാരിൽ തുടങ്ങി സഭയിലെ ആശ്രമ-സന്യാസ ജീവിതത്തിൽ ദാരിദ്ര്യമെന്ന സുവിശേഷ മൂല്യത്തെയും അവരുടെ പ്രവർത്തനങ്ങളിൽ ദരിദ്രർക്കുള്ള പ്രാധാന്യത്തെയും മൂന്നാമത്തെ അധ്യായത്തിൽ വിവരിക്കുന്നു. പാവപ്പെട്ടവരുടെയും രോഗികളുടെയും അഭയാർഥികളുടെയുമുൾപ്പെടെ നീതിനിഷേധിക്കപ്പെട്ടിരിക്കുന്ന അനേകം ദരിദ്രരുടെ കണ്ണീരൊപ്പുന്ന സഭയുടെ വിവിധ കരുണ്യ-വിമോചന പ്രവർത്തനങ്ങളെ പാപ്പ അക്കമിട്ടുനിരത്തുന്നു. വ്യത്യസ്തത സമീപനങ്ങളും പ്രവർത്തന ശൈലിയുമുള്ള സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും സമർപ്പിതരും അല്മായരും ലോകത്തിലെ വിവിധ ഭൂഖണ്ഡങ്ങളിലെ പാവപ്പെട്ടവർക്കുവേണ്ടി രണ്ടായിരത്തിൽപരം വർഷങ്ങൾ നടത്തിയ പ്രവർത്തനങ്ങളെ കോർത്തിണക്കിക്കൊണ്ട് സഭയുടെ സർവ്വത്രികത വളരെ മനോഹരമായി അവരിപ്പിച്ചിക്കുകയാണ് ഈ അധ്യായത്തിൽ.

രണ്ടു ശതാബ്ദങ്ങൾക്കപ്പുറം രൂപപ്പെട്ട സാങ്കേതിക വളർച്ചയുടെയും സാമൂഹിക മാറ്റങ്ങളുടെയും പശ്ചാത്തലത്തിൽ, സാധാരണ തൊഴിലാളികളും പ്രസ്ഥാനങ്ങളും നടത്തിയ നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും പോരാട്ട ഭൂമികയിൽ നിന്നുകൊണ്ട്, ലിയോ പതിമൂന്നാമൻ പാപ്പ സഭയുടെ ആദ്യത്തെ ഔദ്യോഗിക സാമൂഹിക ചാക്രികലേഖനമായ 'റേരും നൊവാരും' എഴുതിയ നാൾമുതൽ സഭയുടെ ചരിത്രപരമായ ഇടപെടലിനെക്കുറിച്ചും പാപ്പാമാരുടെ വിവിധ സാമൂഹ്യ പഠനങ്ങളെക്കുറിച്ചും നാലാമത്തെ അധ്യായം പ്രതിപാദിക്കുന്നു. ലോകത്തിൽ ദാരിദ്ര്യവും അസമത്വവും രൂപപ്പെടുത്തുന്ന 'പാപഘടന'കളെക്കുറിച്ചും ദരിദ്രർ സാമൂഹ്യ നിർമിതിയുടെ വസ്തുക്കളല്ല വക്താക്കളാണെന്നും ഈ അദ്ധ്യായത്തിൽ ലിയോ XIV-ാമൻ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ട്, വിവരസാങ്കേതികതയുടെയും നിർമ്മിതബുദ്ധിയുടെയും സങ്കീർണ്ണതകളോട് പൊരുത്തപ്പെടാൻ സാധിക്കാതെ അനേകരുടെ ജീവൽപ്രശ്നങ്ങളോടുള്ള പ്രതിബദ്ധതയാണ് തന്റെ പേപ്പസി എന്ന നിലപാടിനു തിരി കൊളുത്തുകയാണ് ഈ അപ്പസ്തോലിക പ്രബോധനത്തിലൂടെ.

ദരിദ്രരോടുള്ള പ്രതിബദ്ധത പുതുക്കുന്നതിനുള്ള ഒരു ആഹ്വാനമായി അഞ്ചാം അധ്യായം അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ദരിദ്രൻ ഒരു പ്രശ്നമല്ലന്നും നമ്മുടെ ഒരു കുടുംബാംഗമാണ് എന്ന തിരിച്ചറിവിൽനിന്ന് അവനോടുള്ള നമ്മുടെ പ്രതിബദ്ധത രൂപപ്പെടേണമെന്നും പാപ്പ ഓർമിപ്പിക്കുമ്പോൾ, അവർ



തിരിച്ച നമുക്ക് നൽകുന്ന പാഠങ്ങൾ നാമുൾക്കൊള്ളണമെന്നും ആഹ്വാനം ചെയ്യുന്നു. ദാനധർമ്മങ്ങൾക്കുപരിയായ സമഗ്ര പുരോഗതിയാണ് ഏറ്റവും അഭികാമ്യമെങ്കിലും അത്യാവശ്യ ഘട്ടങ്ങളിൽ ദാനധർമത്തിന് അതിന്റെതായ പ്രസക്തിയുണ്ടെന്നും അത് ചെയ്യുന്നതിലൂടെ അവരുമായി നമ്മുടെതായ എന്തെങ്കിലും പങ്കുവെക്കാനുമുള്ള ഒരു അവസരമാണ് ലഭിക്കുന്നതെന്നും പാപ്പ പറയുന്നു. സ്നേഹത്തിന് അതിരുകൾ വക്കാത്ത, പോരാടാനുള്ള ശത്രുക്കളില്ലാത്ത, മതിൽക്കെട്ടുകളില്ലാതെ എല്ലാവരെയും സ്നേഹിക്കാൻ കഴിയുന്ന, പുരുഷന്മാരും സ്ത്രീകളുമുൾക്കൊള്ളുന്ന ഒരു സഭയാണ് ഇന്ന് ലോകത്തിന് ആവശ്യമുള്ളതെന്ന് പോപ്പ് ലിയോ ആഗ്രഹിക്കുന്നു (120).

## സമൂഹത്തിലെ തെറ്റായ ആശയങ്ങളും തിന്മകളും

സമൂഹത്തിൽ നിൻലനിൽക്കുന്ന ചില തെറ്റായ പ്രവണതകളും ബലഹീനരെ ആ അവസ്ഥയിൽതന്നെ നിലനിർത്തുന്നു. ആയതിനാൽ ദാരിദ്ര്യം ഒരു വ്യക്തിയുടെ വിധിയല്ല, മറിച്ച് സമൂഹത്തിൽ സ്വീകരിക്കുന്ന മോശം നിലപാടുകളുടെയും നയങ്ങളുടെയും ഫലമാണെന്ന് പാപ്പ ഓർമിപ്പിക്കുന്നു (14). പലപ്പോഴും ഇറ്റിറ്റ് വീഴുന്ന കുറച്ച് "തുള്ളികൾ" മാത്രമാണ് ദരിദ്രർക്ക് വാഗ്ദാനം ചെയ്യുന്നത്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതിനുപകരം സൈദ്ധാന്തികതകൾ പറഞ്ഞ് ഒഴിവ്കഴിവുകൾ തേടുമ്പോൾ ഒരു യഥാർത്ഥ അന്യവൽക്കരണം പ്രകടമാകുന്നു (96). സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ പാപ്പ പ്രത്യേകം അഭിസംബോധന ചെയ്യുന്നുണ്ട്, (12). നിർഭാഗ്യവശാൽ, ലൗകിക പ്രത്യയശാസ്ത്രങ്ങളുടെയും രാഷ്ട്രീയ-സാമ്പത്തിക അജണ്ടകളുടെയും സ്വാധീനത്താൽ അന്യായമായ സാമാന്യവൽക്കരണങ്ങളുടെയും വഴിതെറ്റിയ വിശ്വാസങ്ങളുടെയും കെണിയിൽ ക്രിസ്ത്യാനികൾപോലും വീഴാം (15). ദരിദ്രരെ പരിപാലിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണെന്നും അവർ സ്വയം സംരക്ഷിക്കേണ്ടവരാണെന്നും വിശ്വസിക്കുന്ന (114) ക്രിസ്ത്യാനികൾ ഉൾപ്പെടെ പലരും ജീവകാരുണ്യ സംഭാവനകൾ കുറയ്ക്കുന്ന പ്രവണതയെ പോപ്പ് വിമർശിക്കുന്നു (115).

## 'എന്റെ ഏറ്റവുംഎളിയ സഹോദരങ്ങളിൽ ഒരുവന് ഇത് ചെയ്തപ്പോൾ...'

മത്തായിയുടെ സുവിശേഷത്തിൽ അന്ത്യവിധിയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ പരിഗണിക്കപ്പെടേണ്ടവരായി യേശു എടുത്തുകാട്ടുന്ന ഒരു കൂട്ടം ഏറ്റവും എളിവരെ ലിയോ പാപ്പ അക്കമിട്ടു നിരത്തുന്നുണ്ട്. ഭക്ഷിക്കാനും കുടിക്കാനും ഉടുക്കാനും ഇല്ലാത്ത ദരിദ്രർ, രോഗികൾ, പരദേശികളായവർ, കാരാഗൃഹവാസികൾ, നിരക്ഷരർ, സമൂഹത്തിൽ മുഖം നഷ്ടപ്പെട്ട-ശബ്ദം നഷ്ടപ്പെട്ട സ്ത്രീകളും കുട്ടികളും, യുദ്ധത്തിൽപെട്ടവർ ഇങ്ങനെ നിരവധിപ്പേർ. ഇത്തരം യാഥാർഥ്യങ്ങളിൽ സഭ എങ്ങനെ ഇടപെട്ടിരുന്നുവെന്നും അവരുടെ പരിപാലനത്തിൽ ക്രൈസ്തവന് വലിയ ഉത്തരവാദിത്തമുണ്ടെന്നും പഠിപ്പിക്കുമ്പോൾ പാപ്പാ ആഗ്രഹിക്കുന്നത് ദൈവത്തെ അവർക്ക് നൽകുക എന്നതിലുപരി അവരിൽ ദൈവത്തെ കണ്ടുമുട്ടുക എന്നതിനാണ്. അന്ത്യവിധിയുടെ മാനദണ്ഡം നമ്മെ ഓർമിപ്പിക്കുന്നത് രക്ഷ എന്നാൽ അമൂർത്തമായ ഒരു ആശയം മാത്രമല്ലെന്നും മൂർത്തമായ പ്രവർത്തനമാണ് എന്നുമാണ് (79).

## മനുഷ്യമഹത്വം- ക്രിസ്തീയ നരവംശശാസ്ത്രത്തിന്റെ കാതൽ

ദാരിദ്ര്യത്തിലും ദരിദ്രരുടെ ദുരവസ്ഥയിലും "ദിലേക്സി തേ" ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, അതിന് നിദാനമാകുന്നത് മനുഷ്യാന്തസ് തന്നെയാണ്. ക്രിസ്തീയ നരവംശ ശാസ്ത്രത്തിൽനിന്ന് ഉരുത്തിരിഞ്ഞതും വിശുദ്ധ തിരുവെഴുത്തുകളിൽ, പ്രത്യേകിച്ച് ഉല്പത്തി പുസ്തകത്തിൽ വേരൂന്നിയതുമായ മനുഷ്യമഹത്വത്തിന്റെ തത്വമാണ് ഈ ചർച്ചയുടെ കാതൽ. മാനുഷിക അന്തസ്സിന്റെ അടിത്തറ നാമെല്ലാവരും ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുതയിലാണ്. പ്രത്യേകിച്ച് ദരിദ്രരും ദുർബലരും നിന്ദിക്കപ്പെടുന്നവരും കഷ്ടപ്പെടുന്നവരും (72). അതിനാൽ, ഓരോ വ്യക്തിയും - വംശം, മതം, നിറം, ലിംഗം, ഭാഷ, സ്ഥലം എന്നിവ പരിഗണിക്കാതെ - ബഹുമാനവും ആദരവും അർഹിക്കുന്നു. (12, 13). ഈ ബോധ്യത്തിൽനിന്നാണ് സഭയിലെ പല വിശുദ്ധരും സന്യസ്ത സഭകളും മറ്റനേകം പ്രേക്ഷിതരും അവരുടെ പ്രബോധനങ്ങളിലൂടെയും സ്ഥാപനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ദരിദ്രരോടും രോഗികളോടും അഭയാർത്ഥികളോടും കാരാഗൃഹവാസികളോടും വിദ്യാവിഹീനരോടുമുള്ള കരുതലും സാഹോദര്യവും പ്രകടിപ്പിക്കുന്നത്. മുഖം നഷ്ടപ്പെട്ടവരിലും, ശബ്ദമില്ലാത്തവരിലും, നീതി നിഷേധിക്കപ്പെട്ടവരിലും അന്തർലീനമായ മഹത്വം തിരിച്ചറിയാൻ നാം പരാജയപ്പെട്ടാൽ, നാം വിശുദ്ധീകരിക്കപ്പെടുന്നില്ല. എന്നാൽ ഏറ്റവും ആവശ്യമുള്ളവരോട് കാണിക്കുന്ന കരുതൽ കേവലം സഹതാപത്തിന്റെയോ അനുകമ്പയുടെയോ പ്രകടനങ്ങളായല്ല, മറിച്ച് യഥാർത്ഥ സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും പ്രതിഫലനമായാണ് പ്രകടിപ്പിക്കേണ്ടത് (77).



## ദരിദ്രർ ഒരു കൂദാശയാകുന്നു

"കൂദാശകൾ അദൃശ്യമായ ദൈവകൃപയുടെ ദൃശ്യമായ അടയാളങ്ങളാണ്" എന്നതാണ് കത്തോലിക്കാ വിശ്വാസത്തിന്റെ മതബോധനഗ്രന്ഥം കൂദാശകൾക്ക് നൽകുന്ന വ്യാഖ്യാനം. "ദിലേക്സി തേ" എന്ന അപ്പസ്തോലിക പ്രബോധനം ദരിദ്രർ ഒരു കൂദാശയാണെന്ന ആശയത്തിലേക്ക് നമ്മെ നയിക്കുന്നു. ഫ്രാൻസിസ് പാപ്പായെ ഉദ്ധരിച്ച്, 'ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ദരിദ്രർ വെറുമൊരു സാമൂഹിക വിഭാഗമല്ല, മറിച്ച് ക്രിസ്തുവിന്റെ ശരീരമാണ്" എന്ന് പോപ്പ് ലിയോ ആവർത്തിക്കുന്നു (110). കാരണം ദൈവം തന്നെത്തന്നെ ദരിദ്രനാക്കി, ജനനം മുതൽ മരണം വരെ ദാരിദ്ര്യത്തിന്റെ ജീവിതം നയിച്ചുകൊണ്ട്

(19), തന്റെ ദാരിദ്ര്യത്തിലൂടെ നമ്മെ സമ്പന്നരാക്കാൻ മനുഷ്യനായി (99). ദൈവത്തെ അറിയുന്നതിനും ദൈവകൃപ അനുഭവിക്കുന്നതിനുമുള്ള ദൃശ്യമായ അടയാളങ്ങളാണ് ദരിദ്രർ എന്ന് പാപ്പ വ്യക്തമാക്കിത്തരുമ്പോൾ, ദരിദ്രർക്കും ദാരിദ്ര്യത്തിനും ഒരു അന്തർലീനമായ മൂല്യമുണ്ടെന്നും (Intrinsic value) അതിനാൽ ഒരു ക്രിസ്ത്യാനിക്ക് അവരെ ഒരു ശാപമായി കണ്ട് തള്ളിക്കളയാൻ കഴിയില്ലെന്നും ബോധ്യപ്പെടും.

## ദരിദ്രർ നമ്മുടെ സുവിശേഷകരാകുന്നു

ദരിദ്രർക്ക് അന്തർലീനമായ മൂല്യമുണ്ടെന്ന് വ്യക്തമാക്കുമ്പോൾതന്നെ, അവർ സുവിശേഷവൽക്കരണത്തിന്റെ ഏജന്റുമാരായും പ്രവർത്തിക്കുന്നുവെന്നും "ദിലേക്സി തേ" പഠിപ്പിക്കുന്നു. കാരണം, "മറ്റുള്ളവർക്ക് കാണാൻ കഴിയാത്ത ചില യാഥാർത്ഥ്യങ്ങൾ ദരിദ്രർക്ക് കാണാൻ കഴിയും, അവ മനസ്സിലാക്കണമെങ്കിൽ അവരെ ശ്രവിക്കണം" (100). നാം സംതൃപ്തിയോടെ ജീവിക്കുമ്പോൾ, മറ്റുള്ളവരുടെ ആവശ്യങ്ങളോട് നാം അന്ധരായി മാറിയേക്കാം. നമ്മുടെ സന്തോഷം നമ്മുടെ സ്വന്തം നേട്ടങ്ങളിൽനിന്നുമാത്രമാണെന്നു നാം വിശ്വസിക്കുന്നുവെങ്കിൽ, നമ്മുടെ വിജയത്തിൽ മറ്റുള്ളവർ അപ്രസക്തരാണെന്നു കാണുന്നുവെങ്കിൽ, ദരിദ്രർ നിശബ്ദമായി എളിമയുടെ മനോഭാവം നമ്മെ പഠിപ്പിക്കും (108). ചുരുക്കത്തിൽ, ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിൽ എങ്ങനെ സഞ്ചരിക്കാമെന്നും, ദൈവത്തിൽ ആശ്രയിക്കാമെന്നും, നമ്മുടെ കഷ്ടപ്പാടുകൾ നിസ്സാരമാണെന്നും ദരിദ്രരിൽനിന്ന് നാം പഠിക്കുന്നു. നമ്മുടെ ജീവിതം ലളിതമാക്കാൻ അവർ നമ്മെ പ്രോത്സാഹിപ്പിക്കുന്നു (102). അപ്രകാരം അവർ സുവിശേഷവൽക്കരണത്തിന്റെ ഏജന്റുമാരാകുമ്പോൾ, അവർക്ക് അന്തർലീനമായ മൂല്യം മാത്രമല്ല, നമ്മുടെ ആത്മീയ വളർച്ചയിൽ അവർക്കൊരു ഉപകരണ മൂല്യവും (instrumental value) ഉണ്ടെന്ന് നാം മനസ്സിലാക്കിത്തുടങ്ങും.

## ദാനധർമവും സമഗ്ര പുരോഗതിയും

മറ്റുള്ളവരോടുള്ള നമ്മുടെ സ്നേഹവും പ്രതിബദ്ധതയും പ്രകടിപ്പിക്കുന്ന വ്യത്യസ്ത ചിന്താധാരകളെക്കുറിച്ച് ഈ അപ്പസ്തോലിക പ്രബോധനത്തിൽ രേഖപ്പെടുത്തുന്നുണ്ട്. ദരിദ്രരോടും വേദനിക്കുന്നവരോടും അവഗണിക്കപ്പെട്ടവരോടും സഹായഹസ്തം നീട്ടുമ്പോഴും ദാനധർമ്മത്തിലൂടെ എല്ലാറ്റിനുമെപ്പോഴും പരിഹാരം കാണാൻ കഴിയുമെന്ന് ലിയോ പാപ്പ വിശ്വസിക്കുന്നില്ല. മറിച്ച് 'മനുഷ്യസമഗ്ര പുരോഗതി' ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് വ്യക്തമാക്കുന്നുണ്ട് (90). എന്നാൽ സാമ്പത്തിക വളർച്ച മാത്രം ലക്ഷ്യം വയ്ക്കുന്ന സമ്പദ് വ്യവസ്ഥയും ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്ക് വളരാനുള്ള 'അവസരം' നിഷേധിക്കുന്ന സാമൂഹിക രാഷ്ട്രീയ സംവിധാനങ്ങളും സമഗ്രവളർച്ചക്കു ഉപകരിക്കുന്നില്ല(13 ), എന്നുമാത്രമല്ല അവ ശക്തനെ അനുകൂലിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക സംവിധാനങ്ങളെയും (11) കൊല്ലുന്ന ഒരു സമ്പദ്വ്യവസ്ഥയുടെ സ്വേച്ഛാധിപത്യത്തെയും (92) സ്വാർത്ഥതയുടെ മനോഭാവങ്ങളെയും (93 ) വലിച്ചെറിയൽ സംസ്കാരത്തെയും (96) പരിപോഷിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അതിനു ബദലായി ഏറ്റവും അനിവാര്യമായിരിക്കേണ്ടത് വിദ്യാഭ്യാസത്തിനും (68-72) തൊഴിലിനും (115) അവസരങ്ങൾ ഒരുക്കുന്ന സംവിധാനങ്ങൾ സൃഷ്ടിക്കുകയാണ്. എന്നാൽ ഇത്തരം നിലപാടുകളുടെ പേരിൽ നിർഭാഗ്യവശാൽ മാന്യമായ ഒരു ജീവിതത്തിനുള്ള സാധ്യതകൾ ഇല്ലാത്ത മനുഷ്യർക്കു നൽകേണ്ട ദാനധർമ്മങ്ങൾ നിഷേധിക്കരുതെന്നും പാപ്പ വ്യക്തമാക്കുന്നു. ദാനധർമ്മം പാവപ്പെട്ടവരെ കണ്ടുമുട്ടുന്നതിനും അവരെ സ്പർശിക്കാനും, അവരുമായി നമ്മുടെതായ എന്തെങ്കിലും പങ്കുവെക്കാനുമുള്ള ഒരു അവസരവും നൽകുന്നു (116).

"ദിലേക്സി തേ" യിൽ, ലിയോ പതിനാലാമൻ പാപ്പ സഭയോടും സന്മനസ്സുള്ള എല്ലാവരോടും ഓരോ മനുഷ്യനെയും ആശ്ലേഷിക്കുന്ന ദിവ്യസ്നേഹത്തിന്റെ പരിവർത്തന ശക്തി വീണ്ടും കണ്ടെത്തണമെന്ന് ആഹ്വാനം ചെയ്യുന്നു. ദരിദ്രരുടെ നിലവിളികൾ ശ്രദ്ധിക്കുന്ന ഈ പ്രബോധനം, ഐക്യദാർഢ്യത്തിലും കരുണയിലും പ്രത്യാശയിലും നടക്കാൻ നമ്മെ ക്ഷണിക്കുന്നു, നീതിയിലും സാഹോദര്യത്തിലും ദൈവത്തിന്റെ ഹൃദയത്തെ പ്രതിഫലിപ്പിക്കുന്ന ഒരു ലോകം പടുത്തുയർത്താൻ ആഹ്വാനം ചെയ്യുന്നു. സ്നേഹം മാത്രമാണ് സൃഷ്ടിയെ പുതുക്കുന്നതും, ഭിന്നതകൾ സുഖപ്പെടുത്തുന്നതും, സഭയെ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ യഥാർത്ഥ അടയാളമാക്കി മാറ്റുന്നതുമെന്ന് നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് പരിശുദ്ധ പിതാവ് തന്റെ ആദ്യ അപ്പസ്തോലിക ഉദ്ബോധനം ഉപസംഹരിക്കുന്നത്. ●



**സാമ്പത്തിക വളർച്ച മാത്രം ലക്ഷ്യം വയ്ക്കുന്ന സമ്പദ് വ്യവസ്ഥയും ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്ക് വളരാനുള്ള 'അവസരം' നിഷേധിക്കുന്ന സാമൂഹിക രാഷ്ട്രീയ സംവിധാനങ്ങളും സമഗ്രവളർച്ചക്കു ഉപകരിക്കുന്നില്ല, എന്നുമാത്രമല്ല അവ ശക്തനെ അനുകൂലിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക സംവിധാനങ്ങളെയും, കൊല്ലുന്ന ഒരു സമ്പദ്വ്യവസ്ഥയുടെ സ്വേച്ഛാധിപത്യത്തെയും സ്വാർത്ഥതയുടെ മനോഭാവങ്ങളെയും വലിച്ചെറിയൽ സംസ്കാരത്തെയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു.**



# Dilexi Te 'ഞാൻ നിന്നെ സ്നേഹിച്ചു'

## മാറുന്ന സംസ്ക്കാരവും മാറ്റപ്പെടേണ്ട മനോഭാവങ്ങളും

റവ. ഡോ. എ. ആർ. ജോൺ



പാവപ്പെട്ടവർ ദൈവഗൃഹത്തിൽ പ്രത്യേകം ഇടം പിടിച്ചവരാണ്. അതിനാൽ സഭ പാവങ്ങളുടെ നിലവിളിക്ക് കാതോർക്കേണ്ടതുണ്ട്. പാവങ്ങൾ എന്തായിരിക്കുന്നുവോ അതവരുടെ നിലവിളിയാണ്. അതിനാൽ സഭ അവർക്ക് അത്യധികമായ സ്നേഹം നൽകണം.

ക്രിസ്തുസ്നേഹവും പാവപ്പെട്ടവരുടെ കരുതലും പ്രധാന പ്രമേയങ്ങളാക്കി 2025 ഒക്ടോബർ 4-ാം തീയതി, വിശുദ്ധ ഫ്രാൻസിസ് അസീസ്സിയുടെ തിരുന്നാൾ ദിനം അസീസ്സിയിൽവച്ച് ഫ്രാൻസിസ് പാപ്പ തുടക്കമിട്ട് ലിയോ പാപ്പ തന്റെ സ്ഥാനാരോഹണത്തിന്റെ പ്രഥമവർഷത്തിൽ പൂർത്തിയാക്കി നൽകിയ പ്രഥമ അപ്പസ്തോലിക പ്രബോധനമാണ് 'ഞാൻ നിന്നെ സ്നേഹിച്ച്' (Dilexi Te). കൃത്യമായ പ്രവർത്തങ്ങളിലൂടെ പാവപ്പെട്ടവരുടെ കണ്ണീരിന് നാം ഉത്തരമാകണമെന്നാണ് പാപ്പ നമ്മോട് ആവശ്യപ്പെടുന്നത്. ക്രിസ്തു സ്നേഹത്തിന്റെ അടിസ്ഥാനവും സുവിശേഷമൂല്യങ്ങളുടെ സത്തയും പാവങ്ങളോടുള്ള സ്നേഹവുമാണ്. ദൈവം ഇന്ന് പാവങ്ങളിലൂടെയാണ് നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുന്നത്.

ദുർബലവും ദരിദ്രവുമായ ഒരു സഭയായിരുന്ന വെളിപാട് പുസ്തകത്തിൽ പരാമർശിക്കുന്ന ഫിലാദൽഫിയിലെ സഭ. ആ സഭാമക്കളിലേക്ക് മിശിഹാ തന്റെ സ്നേഹപ്രവാഹത്തിലൂടെ ധൈര്യവും പ്രത്യാശയും നൽകി അരുൾ ചെയ്യുന്ന വചനമാണ്, 'ഞാൻ നിന്നെ സ്നേഹിച്ചു' 'ദിലേക്സി തേ' (3:9). വിശ്വാസവും പാവങ്ങളോടുള്ള സ്നേഹവും രണ്ടല്ല ഒന്നാണെന്നും സഭ ഇന്ന് ശ്രദ്ധ ചേലുത്തേണ്ടത് പലവിധ ഞെരുക്കങ്ങളിലൂടെയും ദാരിദ്ര്യത്തിലൂടെയും കടന്നുപോകുന്നവർക്ക് ആശ്വാസവും സാന്ത്വനവും നൽകുകയാണ് വേണ്ടതെന്നും പാപ്പ നമ്മെ പഠിപ്പിക്കുന്നു. പാവങ്ങളിലൂടെ ദൈവം നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ വിളികേൾക്കാൻ കൂട്ടാക്കാതെ ആധുനിക സമൂഹം മറ്റുചില സംസ്കാരങ്ങളെ ബോധപൂർവ്വം വളർത്തി പാവങ്ങളെ അറിവുവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. പാപ്പയുടെ പ്രബോധനത്തിൽ നാം കണ്ടുമുട്ടുന്ന നവമായ മരണ സംസ്കാരങ്ങൾ ഇവയാണ്.

## 1. ആധുനിക കമ്പോള സംസ്ക്കാരം

ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുന്ന ഒരു കമ്പോള വ്യവസ്ഥയാണ് ഇന്ന് രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ സമ്പത് വ്യവസ്ഥയാകട്ടെ കൂടുതൽ കൂടുതൽ ദരിദ്രരെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. പാവങ്ങൾ അതിസ്വഭാവികമായി ഉണ്ടായതല്ല മറിച്ച്, തെറ്റായ സമ്പത് വ്യവസ്ഥവഴി രൂപപ്പെട്ടതാണ്. അതിനാൽ പാവങ്ങളുടെ പരിതാപ അവസ്ഥ എന്നും ഒരു സൃഷ്ടിയാണ്, ഒരു കരങ്ങളിലാണ്. അത് സമൂഹത്തെയും രാഷ്ട്രീയതയെയും സാംസ്ക്കാരിക സംവിധാനങ്ങളെയും സഭയേയും വെല്ലുവിളിക്കുന്നു.

## 2. അത്യാഡംബരങ്ങളുടെ സംസ്ക്കാരം


തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ പലരും ദാരിദ്ര്യത്തിനും ചൂഷണത്തിനും വിധേയരാകുമ്പോൾ സമ്പന്നർ അത്യാഡംബരത്തിന്റെ സമൃദ്ധിയിൽ എല്ലാ സുഖങ്ങളും സൗകര്യങ്ങളും ആസ്വദിക്കുന്നു. അവർക്ക് മാതൃക ആദിമസഭയാണ്. ദരിദ്രർ അധികമുണ്ടായിരുന്നുവെങ്കിലും അവരുടെ ഇടയിൽ ദാരിദ്ര്യം ഉണ്ടായിരുന്നില്ല. ഉള്ളതെല്ലാം പങ്കുവയ്ക്കുകയും പൊതുവായി കാണുകയും ചെയ്തിരുന്നതാണ് സഭയുടെ സ്വഭാവം. (അപ്പ:4:32-34) അതിനാൽ സഭയും സമൂഹവും ദരിദ്രർക്കായി നിലകൊള്ളുന്നു എന്ന് പഠിപ്പിക്കാൻ മൂന്നാമത്തെ അധ്യായത്തിന്റെ ശീർഷകം തന്നെ പാപ്പ ദരിദ്രർക്കുവേണ്ടിയുള്ള സഭ എന്നാക്കി.

## 3. വാതിലടയ്ക്കുന്ന സംസ്ക്കാരം

കുടിയേറ്റക്കാരെ ശത്രുക്കളായി കണ്ട് അവരുടെ മുന്നിൽ വാതിലുകൾ കൊട്ടിയടയ്ക്കുന്ന സംസ്ക്കാരം വളർന്നുവരുന്നതായി പാപ്പ പരാമർശിക്കുന്നു. അതുപോലെ തന്നെ അഭയാർത്ഥികളെയും. അവരെ ഒരു 'ഭീഷണിയായി' കാണുന്നു. അവരെ ലോകവും സഭയും മക്കളായി പരിഗണിക്കുകയും സ്വീകരിക്കുകയും ചെയ്യണമെന്ന് പ്രബോധനം നമ്മെ പഠിപ്പിക്കുന്നു. സഭയും രാഷ്ട്രങ്ങളും മതിലുകളല്ല പാലങ്ങളാണ് പണിയേണ്ടതെന്ന ഫ്രാൻസിസ് പാപ്പയുടെ ആവർത്തിച്ചുള്ള ആഹ്വാനം ഇവിടെ സ്മരിക്കപ്പെടുന്നു. തരസ്ക്കരിക്കപ്പെടുന്ന ഓരോരുത്തരിലും ക്രിസ്തുവിനെ കണ്ടുകൊണ്ട് അവരെ സ്വീകരിക്കുക, സംരക്ഷിക്കുക, പിന്തുണ നൽകുക, പങ്കുചേർക്കുക എന്ന നാല് നിർദ്ദേശങ്ങൾ പാപ്പ നൽകുന്നു (75).

## 4. അസമത്വത്തിന്റെ സംസ്ക്കാരം

അനീതിയും അസമത്വവും ഒരു സംസ്ക്കാരമായി വളർന്നുവരുന്നു. അസമത്വത്തിന്റെ പുതിയരൂപങ്ങളും ഇന്ന് പ്രകടമാണ്. സാമ്പത്തിക, സാംസ്ക്കാരിക, സാമൂഹിക അസമത്വങ്ങൾ ഇന്ന് ധാരാളമാണ്. അതിനാൽ സഭ സമത്വത്തിനും നീതിയ്ക്കും വേണ്ടി നിലപാടെടുക്കേണ്ടതുണ്ട്. താത്വിക ന്യായീകരണങ്ങൾ വിലപ്പോകില്ല.



കൂടുതൽ കൂടുതൽ സമ്പന്നരാകുമ്പോൾ ദരിദ്രർ കുറഞ്ഞുകുറഞ്ഞുവരുമെന്നതിൽ സത്യമില്ല. കാരണം, ആഗോള പ്രതിസന്ധികളിലെല്ലാം അവർ ദരിദ്രരായി മാറും. അതിന് മാറ്റം അനിവാര്യമെന്ന് പാപ്പ പഠിപ്പിക്കുന്നു.

## 5. സ്ത്രീവിരുദ്ധതയുടെ സംസ്ക്കാരം

സ്ത്രീകൾ പല സമൂഹങ്ങളിലും അവഗണിക്കപ്പെടുന്നുണ്ട്. അവരുടെ നേരെ പലവിധ ആക്രമണങ്ങളും ഉണ്ടാകുന്നുണ്ട്. പലതരത്തിലുള്ള മോശമായ പെരുമാറ്റങ്ങൾക്കും അവർ ഇരയായി മാറുന്നുണ്ട്. അത്തരം സാഹചര്യങ്ങളിൽപ്പെട്ട് സഹിക്കേണ്ടിവരുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. അതിനാൽ അവരെ പരിഗണിക്കുകയും സംരക്ഷിക്കുകയും ചേയ്യേണ്ടത് സഭയുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്തമാണ്.

## 6. സാമാന്യ വൽക്കരണത്തിന്റെ സംസ്ക്കാരം

തെറ്റായ ചില തെരഞ്ഞെടുപ്പുകളുടെ അനന്തരഫലമാണ് സമൂഹത്തിൽ പാവങ്ങൾ ഉണ്ടാകാൻ പ്രധാനകാരണം. അതിനെ പ്രോത്സാഹിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രീയ സാമ്പത്തിക നിർദ്ദേശങ്ങളും ആധുനിക ലോകം വച്ചുനീട്ടി എല്ലാറ്റിനെയും സാമാന്യവൽക്കരിക്കുന്ന ഒരു പ്രവണത കൂടിവരികയാണ്. ക്രൈസ്തവരും ഈ കെണിയിൽ പെട്ടുപോകുന്നതായി പാപ്പ പറയുന്നു.

## 7. അവഗണനയുടെ സംസ്ക്കാരം

എവിടെയും അവഗണനയുടെ സംസ്ക്കാരം വളർന്നുവരികയാണ്. പാവപ്പെട്ടവരെ കൂടുതൽ പാവപ്പെട്ടവരാക്കുകയും അവരുടെ ജീവിതങ്ങളെ

തകർത്തുകളയുകയും ചെയ്യുന്ന ഒരു സാമ്പത്തിക വ്യവസ്ഥിതി അത് അവഗണന യുടെ സംസ്‌ക്കാരമാണ്. അത് ആളുകളെ പട്ടിമരണത്തിലും മനുഷ്യമഹത്വത്തിനു ചേരാത്ത അവസ്ഥയിലേക്കും എത്തിക്കും.

## 8. നിസംഗതയുടെ സംസ്‌ക്കാരം

ദരിദ്രരെ നിർമാർജ്ജനം ചെയ്യുന്ന സാമ്പത്തിക വ്യവസ്ഥയും സ്വേച്ഛാധി പത്യവും വളർന്നുവരുമ്പോഴും കാഴ്ചക്കാരായി നോക്കി നിൽക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. ദാരിദ്ര്യം വളരാൻ നിസംഗത ഒരു വലിയ കാരണമാണ്. കൂടാതെ വലിച്ചെറിയലിന്റെ സംസ്‌ക്കാരം കൂടിവരുന്നതിനാൽ ദാരിദ്ര്യനിർമാർജ്ജനത്തിന്റെ പ്രവർത്തനങ്ങൾ അത്ര എളുപ്പമാകില്ലെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു.

പാവപ്പെട്ടവർ ദൈവഗൃഹത്തിൽ പ്രത്യേകം ഇടം പിടിച്ചവരാണ്. അതിനാൽ എക്കാലത്തെയുംകാൾ സഭ പാവങ്ങളുടെ നിലവിളിക്ക് കാതോർക്കേണ്ടതുണ്ട്. പാവങ്ങൾ എന്തായിരിക്കുന്നുവോ അതവരുടെ നിലവിളിയാണ്. അതിനാൽ സഭ അവർക്ക് അത്യധികമായ സ്നേഹം നൽകണം. അത് അവർക്ക് നൽകുന്ന പരിഗണനയും മഹത്വവുമാണ്. അതിനായി പാപ്പ ചില നിർദ്ദേശങ്ങൾ ഈ പ്ര ബോധനത്തിലൂടെ നൽകുന്നുണ്ട്.

### > സഭ അമ്മയെപ്പോലെ അഭയം നൽകണം

പാവപ്പെട്ടവർക്കും കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും സഭ അമ്മ യാകണമെന്ന് പാപ്പ പഠിപ്പിക്കുന്നു. അതിനാൽ വാതിലിന്റെ സംസ്‌ക്കാരം വള ർത്തിയെടുത്ത് പാലങ്ങൾ പണിയുക.

### > ദാനധർമ്മത്തിന്റെ സംസ്‌ക്കാരം വളർത്തുക

പാവപ്പെട്ടവരെയും വേദനിക്കുന്ന ജീവിതങ്ങളെയും സ്പർശിക്കുവാനായി സഭ ദാനധർമ്മം ധാരാളമായി നൽകണം. ചില ക്രൈസ്തവരും ക്രൈസ്തവ ഗ്രൂപ്പുകളും ദാനധർമ്മം ചെയ്യുന്ന ശീലം കുറച്ചുകൊണ്ടുവരുന്നതായി പാപ്പ നിരീക്ഷിക്കുന്നു. ഇതിനെതിരെയും ചില പ്രത്യയശാസ്ത്രങ്ങൾ രൂപപ്പെടുന്നുണ്ട്. നൽകുന്ന ശീലം വളർത്തിയെടുക്കണം, കാരണം ദാനധർമ്മം സഭയുടെ ഒരു പ്രവൃത്തിയല്ല സ്വത്വ മാണ് (116).

### > ദരിദ്ര്യത്തിന്റെ വിവിധ മുഖങ്ങളെ തിരിച്ചറിയുക

ജീവിക്കാൻ വകയില്ലാത്ത, സാമൂഹികമായി ഒറ്റപ്പെട്ട, ധാർമ്മിക, ആധ്യാ ത്മിക, സാംസ്‌ക്കാരിക ദാരിദ്ര്യത്തിൽപ്പെട്ടവരെ തിരിച്ചറിയണം. ആധുനികലോ കത്തിലെ സൂക്ഷ്മവും അപകടകരവുമായ ദാരിദ്ര്യങ്ങളെ തിരിച്ചറിയണം. മുറിവേറ്റ മുഖങ്ങളിൽ ക്രിസ്തുവിനെ കണ്ട് 'ഈ എളിയവർക്ക് ചെയ്തപ്പോഴെല്ലാം എനിക്ക് തന്നെ യാണ് ചെയ്തതെന്ന മനോഭാവത്തോടെ പ്രവർത്തിക്കണം (മത്തായി:25:40) (26).

### > സമഭാവനയുടെ മനോഭാവം വളർത്തുക

മനുഷ്യാവകാശങ്ങൾ എല്ലാവർക്കും ഒരുപോലെയല്ല. എല്ലാ മനുഷ്യരുടെയും അന്തസ്സ് മാനിക്കപ്പെടുന്ന ഒരു മനോഭാവം വളർത്തിയെടുക്കണം. അത് സമഭാ വനയുടേതാകണം. ഇത് സത്യത്തിനും സമത്വത്തിനുംവേണ്ടിയുള്ള ക്ഷണമാണ്.



### > വേർപെടുത്താനാകാത്ത ബന്ധത്തെ തിരിച്ചറിയുക

ദൈവസ്നേഹവും പാവപ്പെട്ടവരോടുള്ള സ്നേഹവും വേർപെടുത്താൻ കഴിയാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു. ഇത് രണ്ടായിക്കാണുന്നത് ക്രിസ്തുവിനോട് ചേർന്ന ചിന്തയല്ല. ക്രിസ്തുവിന്റേതായിരിക്കണമെങ്കിൽ സഭ സുവിശേഷ ഭാഗ്യങ്ങളുടെ സഭയായിരിക്കണം (21).

### > സ്നേഹ സംസ്‌ക്കാരത്തിന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കുക

പങ്കുവയ്ക്കുക സഭയുടെ സത്തയാണ്. ആദിമ സഭ തുടങ്ങിയതിൽനിന്നും വിശുദ്ധ ലോറൻസിൽനിന്നും വിശുദ്ധ അംബ്രോസിൽനിന്നും വിശുദ്ധ അഗസ്റ്റിനിൽനിന്നും സഭാ പിതാക്കന്മാരിൽനിന്നും വിവിധങ്ങളായ പരോപകാര പുണ്യപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സഭ പങ്കുവയ്ക്കലിന്റെ സംസ്‌ക്കാരം ഇന്നും തുടർന്നുകൊണ്ടുപോകുന്നു (37,36). പല സഭാവിഭാഗങ്ങളും കാരുണ്യ പ്രവർത്തനങ്ങൾക്കായി രൂപപ്പെട്ടിട്ടുണ്ട്. പല വിശുദ്ധരും കാരുണ്യ പ്രവർത്തികൾ വഴി വിശുദ്ധിയുടെ പടവുകൾ കയറിപ്പോയിട്ടുണ്ട്. അതിനാൽ കാരുണ്യ പ്രവൃത്തികൾക്ക് യാഥാർത്ഥ്യങ്ങളെ മാറ്റിമറിക്കാനുള്ള ശക്തിയുണ്ടെന്ന് തിരിച്ചറിയണം. (Charity has the power to change reality) (91).

### > പാവപ്പെട്ടവരാൽ സുവിശേഷവൽക്കരണം സാധ്യമാക്കുക

പാവപ്പെട്ടവരെ സഹായിക്കുകവഴി അവർ നമ്മെ സുവിശേഷവൽക്കരണത്തിന് വിധേയരാക്കുന്നുണ്ട്. അതിനാൽ സധൈര്യം തെറ്റ് തിരുത്തിയ വ്യത്യസ്ഥരീതികളിലൂടെ പാവങ്ങളെ ഉയർത്തിക്കൊണ്ടുവരണം. ഇത് നമ്മുടെ ഉപകാരമല്ല, കടമയാണെന്ന് പാപ്പ ഓർമ്മപ്പെടുത്തുന്നു. ദരിദ്രരോട് കരുണ കാണിക്കാനുള്ള കർത്താവിന്റെ ആഹ്വാനം സ്പഷ്ടമാകുന്നത് അന്ത്യവിധിയുടെ ഉപമയിലാണ് (28).

### > ജീവിക്കുന്ന വിശ്വാസത്തിന്റെ ഭാഗമാവുക

ദരിദ്രരെ മറന്നുള്ള ഒരു വിശ്വാസ ജീവിതം സാധ്യമല്ല (28). വിശ്വാസവും പാവപ്പെട്ടവരോടുള്ള കരുതലും ഒന്നിച്ച് കൊണ്ടുപോകണം. അതാണ് ജീവിക്കുന്ന വിശ്വാസം. വിശ്വാസം ജീവനായി മാറിയില്ലെങ്കിൽ അത് ശ്വാസംമുട്ടി മരിക്കും.

•

• കവിത



# തിര

ഫാ. ബിജോയ് കെ. സി

തിരതല്ലിത്തീരുന്ന
ജീവിതം
തിരതൻ ശാന്തിയിൽ
അഭയം

തെളിനീരുപോ-
ലൊഴുകാതെ
കലങ്ങിയടിക്കുന്ന തിര
കാലത്തിൻ മാസ്മരികതയിൽ
കണ്ണടക്കാതെ
ഒഴുകുന്ന തിര

നഗ്നനായി നിന്ന
മനുഷ്യനു
മാനമായി
മാറിയ തിര

തേങ്ങലുകളെ
തേനായലിയിച്ചും
വിണ്ടുകീറിയ പാദങ്ങൾക്ക്
നനവേകിയും
ഒഴുകിയ തിര

ഒഴുകുന്ന കാലമായ്
ദിശയില്ലാതെ
നിലയ്ക്കാതെ
ഒഴുകുന്നു
എന്നിലും നിന്നിലും
തിര





# ആഗമനകാലം ആനന്ദത്തിന്റെ കാലം

റവ. ഡോ. ഡൈസൺ

**യഥാർത്ഥ ആനന്ദം ദൈവമാണ്. മറിയത്തെപ്പോലെ ദൈവത്തെ സ്വീകരിച്ച് സ്വന്തമാക്കാം. അതിനായി ഈ ആഗമനകാലത്ത് പ്രാർത്ഥനാനിരതരായി അവളെപ്പോലെ അവന്റെ പാദാന്തികത്തിൽ ശ്രദ്ധാപൂർവ്വം നന്ദിയോടെ ആയിരിക്കാം.**



മർത്തായുടെ സഹോദരിയായ മറിയത്തെപ്പോലെ നല്ലതു സ്വീകരിക്കുവാനും സ്വന്തമാക്കുവാനുമുള്ള കാലഘട്ടമാണ് ആഗമനകാലം. നല്ലത് ദൈവം മാത്രമാണ്. അതുകൊണ്ടാണ് ധനികനായ മനുഷ്യനോട് യേശു പറയുന്നത് ദൈവം മാത്രമാണ് നല്ലവൻ (മർക്കോ: 10:18). ദൈവം നല്ലവനാണെന്ന സത്യം സങ്കീർത്തകനും അടിവരയിട്ടു പറയുന്നു. കർത്താവിനു കൃതജ്ഞത അർപ്പിക്കുവിൻ; അവിടുന്ന് നല്ലവനാണ് (സങ്കീ:118:1). നല്ലവനായ ദൈവത്തെ സ്വീകരിക്കുമ്പോൾ നമ്മുടെ ജീവിതം ആനന്ദപൂരിതമാകും. അവശതകളും ദുരിതങ്ങളും ദൈവാത്മാവിനെ സ്വീകരിക്കുന്നതിലൂടെ മംഗളഗീതങ്ങൾ ആലപിക്കാനുള്ള അവസരങ്ങളായി മാറും. അങ്ങനെ ആണ്ടുതോറും നമ്മിലേക്ക് വരുന്ന യേശുവിനെ സ്വീകരിച്ച് നമ്മുടെ ജീവിതത്തെ അവനുള്ള വാസയോഗ്യമായ പാർപ്പിടമാക്കാം.

## ആഗമനകാലം ആനന്ദത്തിന്റെ കാലഘട്ടം

ആനന്ദം ആഗ്രഹിക്കാത്ത മനുഷ്യനില്ല. മനുഷ്യന്റെ അലച്ചിലുകളും അന്വേഷണങ്ങളും സർവ്വോപരി അവന്റെ എല്ലാ പ്രയത്നങ്ങളും സന്തോഷത്തിനുവേണ്ടിയുള്ള



താണ്. ചരിത്രത്തിൽ സിദ്ധാർത്ഥ രാജകുമാരൻ ശാക്യമുനിയായി മാറിയത് ആനന്ദം അന്വേഷിച്ച് ഇറങ്ങിയതുകൊണ്ടാണ്. കത്തോലിക്കാ തിരുസഭയിൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയും, വിശുദ്ധ ക്ലാരയും, വിശുദ്ധ അഗസ്റ്റിനും, വിശുദ്ധ അന്തോനീസും ആഗ്രഹിച്ചതും അന്വേഷിച്ചതും വലിയ ആനന്ദത്തിനു വേണ്ടിയായിരുന്നു. അതുകൊണ്ടായിരിക്കാം വിശുദ്ധ അഗസ്റ്റിൻ ഇങ്ങനെ കുറിക്കുന്നത്; കർത്താവേ അങ്ങ് ഞങ്ങളെ അങ്ങേയ്ക്കായി സൃഷ്ടിച്ചു. അങ്ങിൽ സന്തോഷം (വിശ്രമം) കണ്ടെത്തുന്നതുവരെ ഹൃദയം അസ്വസ്ഥമായിരിക്കും.

ബെത്സയ്ദാക്കാരനായ അന്ത്രയോസ് അപ്പസ്തോലൻ തന്റെ ഇളയ സഹോദരനായ പത്രോസിനെയും കൂട്ടിക്കൊണ്ട് സ്നാപക യോഹന്നാന്റെ അടുക്കൽ പോകുന്നത് ആനന്ദം അന്വേഷിച്ചാണ്. അവൻ അവർക്ക് യഥാർത്ഥ സന്തോഷമായ യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇങ്ങനെ മൊഴിഞ്ഞു: ഇവനാണ് നിങ്ങൾ അന്വേഷിക്കുന്ന ആനന്ദം നല്കുന്ന യഥാർത്ഥ ദൈവത്തിന്റെ കുഞ്ഞാട്. ദേശങ്ങൾ താണ്ടി മൂന്നു രാജാക്കന്മാർ ബേത്‌ലെഹെമിൽ എത്തിയതും സന്തോഷം അന്വേഷിച്ചാണ്. ശിമയോനും അന്നയും ഈ വലിയ ആനന്ദത്തിനായി കാത്തിരുന്നത് വാർദ്ധക്യം വരെയാണ്. 2005 ൽ ജർമനിയിലെ കോളോണിൽ സമ്മേളിച്ച, ലോകം മുഴുവനുമുള്ള യുവജനങ്ങളോട് ബെനഡിക്റ്റ് പാപ്പ പറഞ്ഞു. നിങ്ങൾ അന്വേഷിക്കുന്ന, നിങ്ങൾ സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന സന്തോഷത്തിന് ഒരു പേരും മുഖവുമുണ്ട്. അത് കർത്താവായ യേശുവാണ്. അതുകൊണ്ടാണ് അവന്റെ ജനനവാർത്ത മംഗളവാർത്തയായി, സദ്‌വാർത്തയായി മാറുന്നത്.

ഇന്നിന്റെ ലോകം യഥാർത്ഥ സന്തോഷമായ യേശുവിനെ അവഗണിച്ചുകൊണ്ട് മിഥ്യകൾക്ക് പിന്നാലെ പരക്കം പായുന്നു. അതുകൊണ്ട് സഭാ പ്രസംഗകൻ 6:9 ൽ പറയുന്നു; കൺമുൻപിലുള്ളതുകൊണ്ട് തൃപ്തിപ്പെടുന്നതാണ് സങ്കല്പങ്ങളിൽ അലയുന്നതിനെക്കാൾ നല്ലത്. ഇത് മിഥ്യയും പാഴ്‌വേലയുമാണ്. ചിലർ വിചാരിക്കുന്നു അറിവാണ് യഥാർത്ഥ സന്തോഷമെന്ന്. എന്നാൽ അറിവന്റെ നിറവിലെത്തുമ്പോഴും മനസ്സ് അസ്വസ്ഥമാണ്. ആഗ്രഹിച്ച ആനന്ദം ലഭിക്കുന്നില്ല. ഫ്രാൻസിസ് സേവ്യറും എഡിത്ത് സ്റ്റെയിനും ലൂയി പാസ്റ്ററും അന്വേഷിച്ചത് അറിവിനെയല്ല, അറിവിനെ ദാനമായി നല്കുന്ന യഥാർത്ഥ ആനന്ദമായ ദാതാവിനെയായിരുന്നു. അതുകൊണ്ട് അവർ ജീവിതത്തിൽ സായൂജ്യം കണ്ടെത്തി. ജഡികാസക്തിയാണ് യഥാർത്ഥ സന്തോഷമെന്ന് കരുതിയ പെലാജിയ യുവതലമുറയെ നടനംകൊണ്ടും വശീകരണംകൊണ്ടും വഴിതെറ്റിച്ചു. ജഡികാസക്തി അവളെ നിരാശയുടെ അഗാധഗർത്തത്തിലെത്തിച്ചു. വിശുദ്ധ നെണ്ണൂസിന്റെ പ്രസംഗത്തിലൂടെ യഥാർത്ഥ ആനന്ദമായ യേശുവിനെ അറിഞ്ഞു. അറിഞ്ഞ യേശുവിനെ അവൾ ജീവിതംകൊണ്ട് പ്രഘോഷിച്ചു. ലഹരിയാണ് യഥാർത്ഥ സന്തോഷമെന്ന് കരുതിയ മാറ്റ് റ്റാൽബോട്ട് മദ്യാസക്തിക്ക് അടിമയായി ജീവിതത്തെ നശിപ്പിച്ചു. യഥാർത്ഥ സന്തോഷം കർത്താവായ യേശുവാണെന്ന് തിരിച്ചറിഞ്ഞ അവൻ സഭയിൽ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലെത്തി. യഥാർത്ഥ ആനന്ദമായ യേശുവുള്ള സഭ ആനന്ദഭരിതമായ ഭവനമാണെന്നും സങ്കടപ്പെടുന്നവരുടെ താവളമല്ലായെന്നും ഫ്രാൻസിസ് പാപ്പ പറഞ്ഞു. യഥാർത്ഥ ആനന്ദം ദൈവമാണ്. മറിയത്തെപ്പോലെ ദൈവത്തെ സ്വീകരിച്ച് സ്വന്തമാക്കാം. അതിനായി ഈ ആഗമനകാലത്ത് പ്രാർത്ഥനാനിരതരായി അവളെപ്പോലെ അവന്റെ പാദാന്തികത്തിൽ ശ്രദ്ധാപൂർവ്വം നന്ദിയോടെ ആയിരിക്കാം.

## ആത്മീയ നെക്രോസിസിൽനിന്നും ആത്മീയ ജീവനിലേക്കുള്ള കാലഘട്ടം

ജീവശരീരത്തിൽ മൃതഭാഗങ്ങളുണ്ടായിരിക്കുന്ന അവസ്ഥയെയാണ് നെക്രോസിസ് എന്നു വിളിക്കുക. ആത്മീയ ജീവിതത്തിലും ആത്മാവിന്റെ പലഭാഗങ്ങളിലും മൃതഭാഗമുണ്ടായിരിക്കും. ഇതിനെ ആത്മീയ നെക്രോസിസ് എന്നാണ് ഫ്രാൻസിസ് പാപ്പ വിളിക്കുക. ദാവീദിന്റെ ജീവിതത്തിലെ ആത്മീയ നെക്രോസിസിനു കാരണം അവന്റെ കണ്ണാണ്. 2 പത്രോസ് 2:14 ൽ പറയുന്നതുപോലെ, ദാവീദിന്റെ കണ്ണ് വ്യഭിചാരാസക്തി നിറഞ്ഞതും, പാപത്തിൽനിന്ന് വിരമിക്കാത്തതും ചഞ്ചലമനസ്കരെ വശീകരിക്കുന്നതുമായിരുന്നു. ആ കണ്ണിന്റെ ദുരാശയും ദുർമോഹവും അവനെ പാപം ചെയ്യിക്കാനും, അവനെ കൊലാപാതകിയാക്കാനും കാരണമായി മാറുന്നു. ആത്മീയ നെക്രോസിസിനെ ആത്മീയ ജീവനുള്ള അവയവങ്ങളാക്കി മാറ്റാൻ അനുതാപത്തിന് സാധിക്കും. അനുതാപത്തിന്റെ തോരാത്ത കണ്ണുനീർ അവന്റെ കണ്ണുകളെ ദൈവദർശനത്തിന്റെ അവയവങ്ങളാക്കി മാറ്റി. മോശയുടെ ജീവിതത്തിലെ ആത്മീയ നെക്രോസിസിനു കാരണം അവന്റെ കരങ്ങളായിരുന്നു. കാരണം അവന്റെ കൈകൾ രക്തപങ്കിലമായിരുന്നു. എന്നാൽ മുൾപടർപ്പിൽ ദൈവത്തെ ദർശിച്ച മോശ പാപത്തിന്റെ ആസക്തികളും ചായ്‌വുകളും മാറ്റിവയ്ക്കുന്നതിലൂടെ അവന്റെ കരങ്ങൾ ജീവസംരക്ഷണത്തിന്റെ ഇടയടവടിയേന്തുന്ന വിശുദ്ധ കരങ്ങളായി മാറുന്നു. അനുതാപത്തിന് ആത്മീയ നെക്രോസിസിനെ ആത്മീയജീവനായി രൂപാന്തരപ്പെടുത്തുവാൻ സാധിക്കും. പത്രോസിന്റെ ജീവിതത്തിലെ ആത്മീയ നെക്രോസിസ് അവന്റെ നാവായിരുന്നു.

അപ്പസ്തോല പ്രമുഖൻ എന്ന നിലയിൽ തന്റെ ഗുരുനാഥനെ തള്ളിപ്പറയുന്നതിലൂടെ ഒറ്റിക്കൊടുത്ത യൂദാസിനെക്കാൾ ഹീനമായ പ്രവൃത്തിയാണ് ചെയ്യുന്നത്. യേശുവിനെ തള്ളിപ്പറഞ്ഞ ദുഷിച്ച നാവുകൊണ്ട്, അവനുവേണ്ടി ഒറ്റ പ്രസംഗത്തിലൂടെ മൂവായിരംപേരെ വിശ്വാസികളാക്കാൻ തക്കരീതിയിൽ അവന്റെ നാവ് വിശുദ്ധമായി മാറിയത് അനുതാപത്തിലൂടെയാണ്. ആഗമനകാലം ആത്മീയ നെക്രോസിസിൽനിന്നും ആത്മീയ ജീവനിലേക്കുള്ള പ്രവേശനപാത തുറക്കാൻ അനുതാപത്തിന്റെ വഴിയിലൂടെ സഞ്ചരിക്കാം.

## ആഗമനകാലം അവശതയനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാൻ ഹൃദയത്തിൽ ചിറകുണ്ടാകേണ്ട കാലഘട്ടം

ഹൃദയത്തിൽ ചിറകുള്ള മനുഷ്യർക്ക് അവശതയനുഭവിക്കുന്നവരുടെ പക്കൽ തിടുക്കത്തിൽ എത്തിച്ചേരാനാകും. അവശതയനുഭവിച്ച എലിസബത്ത് കരുത്തുള്ളവളായി മാറിയത് ഹൃദയത്തിൽ ചിറകുമായി സഹായിക്കാൻ ഓടിയെത്തിയ മറിയത്തിന്റെ സാന്നിദ്ധ്യത്താലാണ്. മറിയത്തിന്റെ തിടുക്കത്തിലുള്ള ഈ യാത്ര യഥാർത്ഥ തീർത്ഥയാത്രയാണ്!



മദർ തെരേസായുടെ ഹൃദയത്തിലെ ചിറകാണ് ലോകം മുഴുവനും അവശതയനുഭവിക്കുന്നവരുടെ അടുക്കൽ അവളെ എത്തിച്ചത്. യഥാർത്ഥ ദൈവഭക്തി അവശതയിലൂടെ വീണു പോകുന്നവരെ എഴുന്നേല്പിക്കാൻ സഹായിക്കുന്നതാണ്. മൂന്നുപേർ ഒരേ വഴിയിലൂടെ കടന്നു പോകുന്നു. ആദ്യ രണ്ടുപേർ രക്തത്തിൽ കുളിച്ച മനുഷ്യനെ സഹായിച്ചാൽ അവർക്ക് എന്ത് കിട്ടുമെന്ന് ചിന്തിച്ചു. ശുശ്രൂഷിച്ചാൽ അപകടം സംഭവിച്ചവന്റെ രക്തം കൊണ്ട് തങ്ങൾ മലീമസരാകും. തൽഫലമായി ദേവാലയത്തിലെ ബലിയർപ്പണത്തിനു സഹായിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. അത് അവർക്ക് നഷ്ടമാണ്. മൂന്നാമൻ ഇങ്ങനെ ചിന്തിച്ചു. ഞാൻ സഹായിച്ചില്ലെങ്കിൽ ഈ മനുഷ്യന് എന്തു സംഭവിക്കും. ആദ്യ രണ്ടുപേർ തങ്ങളെക്കുറിച്ച് മാത്രം ചിന്തിച്ചു. മൂന്നാമൻ അവശതയനുഭവിക്കുന്ന മനുഷ്യനെക്കുറിച്ച് ചിന്തിച്ചു.

ഹൃദയത്തിൽ ചിറകുണ്ടാകണമെങ്കിൽ ദൈവത്തിന്റെ സ്നേഹത്തിനും കനിവിനുമായി ആത്മാവിനെ തുറക്കണം. ദൈവത്തോടുള്ള സ്നേഹവും മനുഷ്യരോടുള്ള കനിവുമാണ് ഹൃദയത്തിൽ ചിറകായി മുളച്ചുവരുന്നത്. ആ ചിറകുള്ള മനുഷ്യരാണ് അവശതയനുഭവിക്കുന്നവരുടെ അടുക്കൽ ഓടിയെത്തുന്നത്. അതുകൊണ്ടാവണം വിക്ടർ ഫ്രാങ്കൽ ഇപ്രകാരം പറയുന്നത്: നിങ്ങൾക്ക് എന്നിൽനിന്ന് എല്ലാം എടുത്തുകളയാം. പക്ഷേ, സന്തോഷവാനായിരിക്കുവാനുള്ള സ്വാതന്ത്ര്യം എടുത്തുകളയുവാൻ നിങ്ങൾക്ക് ആവില്ല. വികലാംഗനായ ഒരു മനുഷ്യന്റെ ധീരമായ ചുവടുവയ്പ്പിനെ വിൻസെന്റ് വാരിയത്ത് ചില്ലുവാതിലെന്ന പുസ്തകത്തിൽ ഇങ്ങനെ കുറിക്കുന്നു; എന്റെ വികലാംഗത്വം എന്നെ വികലനാക്കാൻ ഞാൻ അനുവദിക്കുകയില്ല.

ഇതേ സത്യംതന്നെയാണ് ലോക പ്രശസ്ത മോട്ടിവേഷണൽ സ്പീക്കറായ നിക്ക് വൂജിസിക്കിനും പറയാനുള്ളത്. കൈകളും കാലുകളുമില്ലാതെ ജനിച്ച നിക്കിനെ ഒരു അപൂർവ്വജീവിയായും അന്യഗ്രഹജീവിയായുമാണ് സഹപാഠികളും പുറംലോകവും കണ്ടത്. പത്താം വയസ്സിൽ ആത്മഹത്യക്ക് ശ്രമിച്ചതാണ്. കൈകാലുകളില്ലാത്തവരും ഈ ലോകത്തിൽ സന്തോഷമായി ജീവിക്കുന്നുവെന്ന അമ്മയുടെ പ്രചോദനമാണ് നിക്കിനെ ജീവിക്കാൻ പ്രേരിപ്പിച്ചത്. പതിനഞ്ചാം വയസ്സിൽ കാലിഫോർണിയായിലെ ഒരു ദേവാലയത്തിൽ തന്റെ ജീവിതാനുഭവം പങ്കുവക്കാൻ അവസരം ലഭിച്ചു. തന്നെ ശ്രവിക്കാൻവന്ന കുടുംബത്തിലെ ഒരു കുഞ്ഞിന് കൈകാലുകളില്ല. ആ കുഞ്ഞിൽ നിക്ക് തന്നെ കണ്ടു. ഞാൻ വെറുമൊരു ഉപയോഗശൂന്യമായ മാംസപിണ്ഡമല്ലെന്നും ദൈവത്താൽ ഈ ലോകത്ത് അയക്കപ്പെട്ട ദൈവത്തിന്റെ പൈതലാണെന്നും തിരിച്ചറിഞ്ഞു. അറുപത്തിയഞ്ചോളം രാജ്യങ്ങളിൽ അദ്ദേഹം പ്രഭാഷണം നടത്തിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ സന്തോഷത്തിനു കാരണം ആരാണെന്ന് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി, ദൈവം. അതെ, ദൈവമാണ് മനുഷ്യന്റെ ആനന്ദത്തിനു കാരണം.

ആഗമനകാലം ആത്മീയ നെക്രോസിസിനെ ആത്മീയ ജീവനാക്കി ആനന്ദമാക്കുവാനുള്ള കാലം കൂടിയാണ്. നമ്മുടെ ആനന്ദത്തിനു കാരണം കർത്താവായ യേശുവാണ്. അവൻ തന്നെയാണ് നമ്മുടെ ആനന്ദവും!

•



• കാനോൻ നിയമം

# മിശ്രവിവാഹങ്ങൾ



ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

മിശ്രവിവാഹങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടിന് സിവിൽപരമായും സഭാപരമായും ഒരേസമയം സാമ്യവും വ്യത്യാസവുമുള്ളതായി കാണാം. ഇതര മതവിഭാഗങ്ങളിൽപ്പെട്ടവർ, അവരവരുടെ മതത്തിൽ തുടരാൻ തീരുമാനിച്ചുകൊണ്ട് നടത്തുന്ന വിവാഹത്തെയാണ് സിവിൽപരമായി മിശ്രവിവാഹം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അതേസമയം, രണ്ടുതരം പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവരുടെ വിവാഹത്തെ സഭ മിശ്രവിവാഹമായി കണക്കാക്കുന്നു:

(1) കത്തോലിക്കാ വിശ്വാസിയും അകത്തോലിക്കാ വിശ്വാസിയും തമ്മിലുള്ള വിവാഹം (സിവിൽപരമായി ഇത് മിശ്രവിവാഹമല്ല).

(2) കത്തോലിക്കാ വിശ്വാസിയും ജ്ഞാനസ്നാനം സ്വീകരിക്കാത്ത വ്യക്തിയും തമ്മിലുള്ള വിവാഹം. (സിവിൽപരമായി ഇത് മിശ്രവിവാഹമാണ്)

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1124 - 1129 വരെയുള്ള നിയമങ്ങൾ മിശ്രവിവാഹങ്ങൾ വിശദീകരിക്കുന്നു.

## 1. കത്തോലിക്കാ വിശ്വാസിയും അകത്തോലിക്കാ വിശ്വാസിയും തമ്മിലുള്ള മിശ്രവിവാഹം

CIC 1124 പ്രകാരം, കത്തോലിക്കാ സഭയിൽ ജ്ഞാനസ്നാനം സ്വീകരിച്ചതോ അതിലേയ്ക്ക് സ്വീകരിക്കപ്പെട്ടതോ ആയ വ്യക്തിയും കത്തോലിക്കാ സഭയുമായി പൂർണ്ണ കൂട്ടായ്മയില്ലാത്ത സഭയിലോ സഭാസമൂഹത്തിലോ പെട്ട ഒരു വ്യക്തിയും തമ്മിലുള്ള വിവാഹം, ചുമതലപ്പെട്ട അധികാരിയുടെ വ്യക്തമായ അനുവാദം കൂടാതെ, നിരോധിച്ചിരിക്കുന്നു. ഇന്ത്യയിൽ കത്തോലിക്കാ സഭയ്ക്ക് മൂന്ന് റീത്തുകളാണുള്ളത്: ലത്തീൻ റീത്ത്, സീറോ മലബാർ റീത്ത്, സീറോ മലങ്കര റീത്ത്. ഇവയിൽ ലത്തീൻ റീത്ത് പാശ്ചാത്യ കത്തോലിക്കാ സഭയെന്നും റോമൻ കത്തോലിക്കാ സഭയെന്നും അറിയപ്പെടുന്നു. സീറോ മലബാർ റീത്ത്, സീറോ മലങ്കര റീത്ത് എന്നിവ പൗരസ്ത്യ കത്തോലിക്കാ സഭകൾ എന്ന് അറിയപ്പെടുന്നു. പ്രാദേശിക സഭാധികാരിയുടെ വ്യക്തമായ അനുവാദമില്ലാതെ കത്തോലിക്കാ സഭയിലെ ഒരംഗം കത്തോലിക്കാ സഭയ്ക്കുപുറത്തുള്ള ഒരു ക്രൈസ്തവ അംഗത്തെ വിവാഹം ചെയ്യുന്നത് നിയമം മൂലം നിരോധിച്ചിരിക്കുന്നു. ആയതിനാൽ, പ്രാദേശികസഭാധികാരിയുടെ അനുവാദമില്ലാതെ നടത്തപ്പെടുന്ന മിശ്രവിവാഹങ്ങൾ സിവിൽപരമായി അംഗീകരിക്കപ്പെട്ടാലും സഭാപരമായി ഫലം രണ്ടുതരത്തിലായിരിക്കും.

അകത്തോലിക്കാ ക്രൈസ്തവ വിഭാഗങ്ങളെ കത്തോലിക്കാ സഭയുമായി പൂർണ്ണ കൂട്ടായ്മയില്ലാത്ത സഭകളെന്നും സഭാസമൂഹങ്ങളെന്നും CIC 1124 വേർതിരിച്ചിട്ടുണ്ട്. കത്തോലിക്കാ സഭയുമായി പൂർണ്ണ കൂട്ടായ്മയില്ലാത്ത സഭകൾ അകത്തോലിക്കാ പൗരസ്ത്യ റീത്തുകൾ/സഭകളാണ്. ഇന്ത്യയിൽ മൂന്നു വിഭാഗം അകത്തോലിക്കാ പൗരസ്ത്യ സഭകളാണുള്ളത്:

1) സുറിയാനി ഓർത്തഡോക്സ് സഭ/യാക്കോബായ സഭ (സമാനമായ മറ്റുചില പേരുകളിലും ഈ സഭ അറിയപ്പെടുന്നുണ്ട്).

2) ഓർത്തഡോക്സ് സുറിയാനി സഭ/ഓർത്തഡോക്സ് സഭ സമാനമായ മറ്റുചില പേരുകളിലും ഈ സഭ അറിയപ്പെടുന്നുണ്ട്).

3) കൽദായ സിറുയാനി സഭ/സുറായ് സഭ

ഈ മൂന്നു സഭകളിലും, കത്തോലിക്കാ സഭയിലെന്നപോലെ, ഏഴ് കൂദാശകളാണുള്ളത്; അവ കത്തോലിക്കാ സഭ അംഗീകരിക്കുകയും ചെയ്യുന്നു. മുകളിൽ സൂചിപ്പിച്ച മൂന്നു അകത്തോലിക്കാ പൗരസ്ത്യ സഭകൾ ഒഴികെയുള്ള ഇന്ത്യയിലെ മറ്റെല്ലാ ക്രൈസ്തവ സഭകളെയും/വിഭാഗങ്ങളെയും സഭാസമൂഹങ്ങളായാണ് കത്തോലിക്കാസഭ കരുതുന്നത്. സെവൻത് ഡേ, പെന്തക്കുസ്താ സഭകളിലെ ചില വിഭാഗങ്ങൾ എന്നിവർ ഒഴികെയുള്ള എല്ലാ സഭാസമൂഹങ്ങളിലെയും ജ്ഞാനസ്നാനം കത്തോലിക്കാസഭ അംഗീകരിക്കുന്നു.




• ലേഖനം



# ഒരു സ്വർഗ വിചാരം

ഹാ. ജോസ് ഫ്രാങ്ക്ളിൻ



**മനുഷ്യരാശി മുഴുവന്റെയും ഹൃദയത്തിൽ ഒരിക്കലെങ്കിലും കടന്നുപോയിട്ടുള്ള ചോദ്യമാണ് സ്വർഗമുണ്ടോ? അതെവിടെ നിലനിൽക്കുന്നു? എന്നാൽ ഒരു ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രധാനപ്പെട്ട രേഖ എന്നത് വിശുദ്ധ ബൈബിൾ തന്നെയാണ്. ഇതിന്റെ വെളിച്ചത്തിൽ സ്വർഗത്തെക്കുറിച്ച് വചനം വഴി നൽകുന്ന സത്യം നമുക്ക് ഗ്രഹിക്കാം.**

മനുഷ്യർ പ്രാചീന കാലഘട്ടം മുതൽ ഇന്നുവരെ സ്വർഗം എന്നതിനെക്കുറിച്ച് വ്യത്യസ്തങ്ങളായ ചിന്താഗതി പുലർത്തുന്നു. വിശ്വാസിയും അവിശ്വാസിയും ഒരുപോലെ ചിന്തിക്കുന്ന അല്ലെങ്കിൽ ചോദ്യങ്ങൾ ഉരുവിടുവാൻ ഇടയാക്കുന്ന ഒന്നാണിത്. പൊതുവായി കടന്നുവരുന്ന ചില ചോദ്യങ്ങൾ ഇവയൊക്കെയാണ്. സ്വർഗം എന്ന ഒന്ന് ഉണ്ടോ? എവിടെയാണ് സ്ഥിതിചെയ്യുക?. എല്ലാവർക്കും കടന്നു ചെല്ലുവാൻ പറ്റുന്ന ഒന്നാണോ?. അവിടെയെത്താനായി ഞാൻ എന്തു ചെയ്യണം എന്നൊക്കെ നീണ്ടു പോകുന്നു. ഇതിന് ഉത്തരമായി വിശ്വാസാടിസ്ഥാനത്തിലും സഭാ പഠനത്തിന്റെ വെളിച്ചത്തിലും തിരുവചനാടിസ്ഥാനത്തിലും നമുക്ക് ചിന്തിക്കുവാൻ പരിശ്രമിക്കാം.

മാനുഷികമായി വ്യത്യസ്തങ്ങളായ ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ടെങ്കിലും ചില സത്യങ്ങൾ എല്ലാവരും ഒന്നുപോലെ അംഗീകരിക്കുന്നുണ്ട്. അവ ഇപ്രകാരമാണ്; സ്വർഗീയ അനുഭൂതിയുടെ സ്ഥലം, ദൈവീക സാന്നിദ്ധ്യത്തിന്റെ സ്ഥലം, നിരന്തര സന്തോഷം പങ്കുവയ്ക്കപ്പെടുന്ന സ്ഥലം എന്നൊക്കെ. എന്നാൽ ഒരു വിശ്വാസിക്കാണെങ്കിൽ സ്വർഗം എന്നാൽ അത്യുത്കൃഷ്ടമായ ഒരു സ്ഥലം. ഇവിടെ ഓരോ മനുഷ്യന്റെയും നന്മയ്ക്കു നിത്യജീവൻ എന്ന സമ്മാനവും തിന്മയ്ക്ക് നരക ജീവിതം എന്ന ശിക്ഷയും ലഭിക്കുന്നു. എല്ലാ വിശ്വാസ പാരമ്പര്യങ്ങളും സമ്മതിക്കുന്നതാണ് മരണശേഷം നന്മ ചെയ്യുന്നവർക്ക് ദൈവം നൽകുന്ന വിശ്രമ സ്ഥലമാണ് സ്വർഗം എന്നത്.

ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ദൈവീക സാന്നിദ്ധ്യമുള്ള സ്ഥലവും ദൈവവുമായി പരിപൂർണ്ണ ഐക്യം സ്ഥാപിക്കുന്ന സ്ഥലവും. ഇവിടെ സങ്കടമോ വേദനയോ ഒന്നുമില്ല. സ്വർഗത്തിൽ എത്തുന്നവർക്ക് "ഇനി മരണം ഉണ്ടായിരിക്കുകയില്ല, ഇനിമേൽ ദുഃഖമോ മുറവിളിയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി." ഈ വാക്കുകൾ ഉൾക്കൊള്ളുകവഴി ഇവർ പുതുയുഗത്തിന്റെ അനുഭവത്തിൽ പ്രവേശിക്കുന്നതിന്റെ സന്തോഷംനിറഞ്ഞ സ്ഥലം എന്ന് വിശ്വസിക്കുന്നു.

ഹൈന്ദവ വിശ്വാസത്തെ സംബന്ധിച്ച് സ്വർലോകം എന്നാൽ നന്മയുടെ ലോകം അല്ലെങ്കിൽ പ്രകാശത്തിന്റെ ഭവനം, സന്തോഷത്തിന്റെ ലോകം, ആത്മീയ വിടുതൽ അനുഭവിക്കുന്ന സ്ഥലം, വേദനയിൽനിന്നും പ്രയാസങ്ങളിൽനിന്നും വിടുതൽ ലഭിക്കുന്ന സ്ഥലം. ഇവിടെ വിശപ്പോ ദാഹമോ രോഗമോ ഇല്ലാതെയും മറ്റാരുടെയും നിയന്ത്രണമില്ലാതെയും സന്തോഷം അനുഭവിക്കുന്ന സ്ഥലം. പുനർജന്മം ലഭിക്കുവാൻ ഒരുക്കത്തിനായി ചെന്നെത്തുന്ന സ്ഥലം എന്നൊക്കെയാണ് വിശ്വാസം.

ബുദ്ധ വിശ്വാസത്തിൽ പഠിപ്പിക്കുന്ന സത്യം മറ്റൊന്നാണ്. അതായത് സ്വർഗം എന്നാൽ താല്ക്കാലികവും ക്ഷണികവുമായ സ്വർഗീയ ലോകവും എന്നാൽ കർമ്മാ നിയമത്തിന് വിധേയമായിട്ടുള്ള അവസ്ഥയുമാണ്. ഈ അവസ്ഥയെ 'നിർവ്വാണ' (Nirvana) എന്നാണ് വിശേഷിപ്പിക്കുന്നത്. അതായത് പുനർജനന ക്രമത്തിൽനിന്നും ക്ലേശകരമായ ജീവിതത്തിൽനിന്നും മോചനംലഭിക്കുന്ന അവസ്ഥ.

യഹൂദ വിശ്വാസമനുസരിച്ച് സ്വർഗം എന്നാൽ ദൈവത്തിന്റെ സാമ്രാജ്യം. ഇവിടെ ദൈവവുമായി അടുപ്പം പുലർത്തുവാൻ പറ്റുന്ന സ്ഥലം എന്നതാണ് വിശ്വാസം. മാത്രമല്ല നന്മ ചെയ്തവരുടെ സമ്മാനം സ്വന്തമാക്കുവാൻ കാത്തിരിക്കുന്നവരുടെ കൂട്ടായ്മയുടെ സ്ഥലം, സമഗ്രമായ സദാചാര സമ്പൂർണ്ണത ലഭിക്കുന്ന സ്ഥലം എന്നൊക്കെ നീണ്ടുപോകുന്നു. ഇതിനെക്കാൾ ശക്തമായിട്ടുള്ള വിശ്വാസം ഇപ്രകാരമാണ്. അതായത് വരാനിരിക്കുന്ന ലോകം, ഭാവിയിൽ വരാനിരിക്കുന്ന സമാധാനത്തിന്റെ കാലഘട്ടം, സമ്പൽസമൃദ്ധിയുടെയും ദൈവവുമായി ആത്മീയ ബന്ധം സ്ഥാപിക്കുന്നതിന്റെയും സ്ഥലം. ഈ സുന്ദരമായ പറുദീസയിൽ നന്മ ചെയ്തവർക്ക് സമാധാനവും സമ്മാനവും ലഭിക്കുകയും തിന്മ ചെയ്തവർക്ക് ശിക്ഷ ലഭിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. വിശുദ്ധിയിൽ ജീവിച്ച്, നിയമങ്ങൾ കല്പനകൾ പാലിച്ച് ജീവിക്കുന്നവർക്ക് തങ്ങളുടെ പ്രിയപ്പെട്ടവരുമായി പുനർപ്രവേശിക്കുന്ന സ്ഥലം. അടിസ്ഥാനപരമായി വേദനയിൽനിന്നും മോചനവും ഒരുവന്റെ തീവ്രാഭിലാഷം സഫലീകരിക്കുകയും ചെയ്യുന്ന സ്ഥലം. ഇവിടെ നന്മ ചെയ്തവർക്കും നീതിയിൽ ജീവിച്ചവർക്കും വിജയം ലഭിക്കുന്നതുമായ ആത്മാഭിലാഷത്തിന്റെ സ്ഥലമാണ്.

കത്തോലിക്ക വിശ്വാസമനുസരിച്ച് സ്വർഗം എന്നാൽ ഒരവസ്ഥയെന്നും ദൈവഹിതം നിറവേറ്റുന്നവർക്കായി ഒരുക്കിയിരിക്കുന്ന സ്ഥലം എന്നൊക്കെ



നീണ്ട അർത്ഥങ്ങളുണ്ട്. സ്വർഗം എന്നതു "ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ, കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല" (1 കൊറി 2:9) എന്നുള്ള പുതിയൊരു അനുഭവം നൽകുന്ന സ്ഥലമാണ്. യുവജന മതബോധന ഗ്രന്ഥമായ യൂകാറ്റ് 158 ൽ "ദൈവത്തെ മുഖാമുഖം കാണുകയെന്നത് സ്നേഹത്തിന്റെ ഒരിക്കലും അവസാനിക്കാത്ത ഒറ്റനിമിഷം പോലെയാണ്." കത്തോലിക്ക മതബോധന ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുകയും പൂർണ്ണമായി വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നവർ ക്രിസ്തുവിനോടുകൂടെ എന്നേയ്ക്കും ജീവിക്കുന്നു. അവർ എന്നേയ്ക്കും ദൈവത്തെപ്പോലെയാണ്. എന്നാൽ "അവിടുന്ന് ആയിരിക്കുന്നതുപോലെ" അവർ അവിടുത്തെ മുഖാമുഖം കാണുന്നു (CCC 1023). ഒരുപാട് മുന്നോട്ട് കടക്കുമ്പോൾ പറയുന്നു, കന്യകാ മറിയത്തോടും മാലാഖമാരോടും എല്ലാ വിശുദ്ധരോടുമൊപ്പമുള്ള ത്രിത്വത്തോടുള്ള ജീവന്റെയും സ്നേഹത്തിന്റെയും സംസർഗ്ഗം എന്നതിനെ സ്വർഗമെന്നു വിളിക്കുന്നു (CCC 1024). കുറച്ചുകൂടി വ്യക്തമായി പറയുമ്പോൾ സ്വർഗത്തിൽ ജീവിക്കുക എന്നതു ക്രിസ്തുവിനോടുകൂടെ ആയിരിക്കുക എന്നതാണ്.

വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ നമുക്ക് വളരെ വ്യക്തമായി സ്വർഗത്തെക്കുറിച്ചുള്ള അറിവ് ലഭിക്കാറുണ്ട്. "നമ്മുടെ ദൈവം സ്വർഗത്തിലാണ്; തനിക്കിഷ്ടമുള്ളതെല്ലാം അവിടുന്ന് ചെയ്യുന്നു" (സങ്കീ. 115:3). "കർത്താവ്



തന്റെ സിംഹാസനം സ്വർഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു; എല്ലാവരും അവിടുത്തെ രാജകീയ അധികാരത്തിൻ കീഴിലാണ്" (സങ്കീ. 103:19).

മനുഷ്യരാശി മുഴുവന്റെയും ഹൃദയത്തിൽ ഒരിക്കലെങ്കിലും കടന്നുപോയിട്ടുള്ള ചോദ്യമാണ് സ്വർഗമുണ്ടോ? അതെവിടെ നിലനിൽക്കുന്നു? എന്നാൽ ഒരു ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രധാനപ്പെട്ട രേഖ എന്നത് വിശുദ്ധ ബൈബിൾ തന്നെയാണ്. ഇതിന്റെ വെളിച്ചത്തിൽ സ്വർഗത്തെക്കുറിച്ച് വചനം വഴി നൽകുന്ന സത്യം നമുക്ക് ഗ്രഹിക്കാം.

ഉൽപത്തി പുസ്തകത്തിൽ, "ദൈവത്തിന്റെ ചൈതന്യം വെള്ളത്തിന് മീതെ ചലിച്ചുകൊണ്ടിരിക്കുന്നു" (1:2). ഈ ചലിച്ചുകൊണ്ടിരിക്കുന്ന വെള്ളത്തിൽ ഒരു വിതാനം ഉണ്ടാക്കുകയും ഈ വിതാനം ജലത്തെ രണ്ടായി തിരിക്കുകയും ചെയ്തു (ഉൽ. 1:6). ഇപ്രകാരം ഉണ്ടാക്കിയ വിതാനത്തെ അവിടുന്ന ആകാശം എന്നു പേരിട്ടു (ഉൽ. 1:8). അങ്ങനെ ദൈവം ആകാശത്തേയും ഭൂമിയേയും വേർതിരിച്ചതായി കാണുന്നു. ഇതിനുശേഷം ആകാശത്തിന് താഴെയുള്ള ജലത്തിൽ കർത്താവിന്റെ സ്വരം മുഴങ്ങുന്നതായി (സങ്കീ 29:3) കാണുന്നു. അങ്ങനെയെങ്കിൽ ഇതിന് നടുവിൽ കർത്താവിന് വാസസ്ഥലം ഉള്ളതായി നമ്മെ വ്യക്തമാക്കിത്തരുകയാണ്. ഇപ്രകാരം രൂപീകരിച്ച ജലസഞ്ചയത്തിനുമേൽ കർത്താവ് സിംഹാസനസ്ഥനായിരിക്കുന്നതായി (സങ്കീ 29:10) നാം വായിക്കുന്നു. അപ്രകാരം ദൈവം ഭൂമിക്കു മുകളിൽ ആകാശവിതാനത്തിന് ഉപരി ഉപവിഷ്ടനായിരിക്കുന്നവനാണെന്ന് (ഏശ 40:22) വചനം വ്യക്തമാക്കുന്നു.

എസക്കിയേലിന്റെ പുസ്കത്തിൽ ഇവ വളരെ മനോഹരമായി വ്യക്തമാക്കുന്നു. "വിതാനത്തിനു മീതേ ഇന്ദ്രനീലക്കല്ലുപോലെയുള്ള ഒരു സിംഹാസനത്തിന്റെ രൂപം ഉണ്ടായിരുന്നു. മനുഷ്യന്റേതുപോലുള്ള ഒരു രൂപം അതിൽ ഇരിപ്പുണ്ടായിരുന്നു" (എസ. 1 :26). ഇപ്രകാരമുള്ള മനുഷ്യരൂപംപോലെ എന്നു വിശേഷിപ്പിക്കുന്ന ആകാശതുല്യം പ്രകാശമാനമായ ഇന്ദ്രനീലക്കൽത്തളം എന്തോ ഒന്ന് അവിടുത്തെ പാദങ്ങളുടെ താഴെ കാണപ്പെട്ടു (പുറ 24:10). ഇങ്ങനെ സ്ഥിരമായി നിലനിൽക്കുന്ന ഒന്നിനെയാണ് നാം സ്വർഗം എന്നും പറയുക. തിരുവചനങ്ങൾ വഴി നാം ധ്യാനിക്കുമ്പോൾ ആകാശവിതാനത്തിൽ സ്വർഗം എന്ന സ്ഥലം പ്രത്യേകമായി നിലനിൽക്കുന്നതായി കാണുവാൻ സാധിക്കും. ഈ പടലം നിലനിൽക്കുന്നതായി ഇപ്പോൾ ശാസ്ത്രജ്ഞന്മാരും അംഗീകരിച്ചിരിക്കുകയാണ്. നാസായുടെ സൈറ്റിൽ പരിശോധിച്ചാൽ ആകാശത്തിന് മുകളിൽ ഉറഞ്ഞു കാണപ്പെടുന്ന വെള്ളം ഉള്ളതായി അംഗീകരിക്കുന്നു. ഇവയെ വ്യക്തമാക്കിയാണ് ജെറമിയാ പറയുക, "അവിടുന്ന് ഗർജ്ജിക്കുമ്പോൾ ആകാശത്തിന് മുകളിലെ ആഴികൾ അലറുന്നു. ദിഗന്തങ്ങളിൽനിന്ന് കാർമേഘങ്ങളെ ഉയർത്തുന്നു. മഴ പെയ്യിക്കാൻ മിന്നൽപ്പിണറുകളെ അയയ്ക്കുന്നു. തന്റെ അറപ്പുരകളിൽനിന്ന് കാറ്റിനെ അഴിച്ചു വിടുന്നു"(51:16). "ആകാശത്തിനുമേലുള്ള ജലസഞ്ചയമേ, അവിടുത്തെ സ്തുതിക്കുവിൻ"(സങ്കീ 148:4). "ആകാശത്തിന്റെ ജാലകങ്ങൾ തുറക്കുമ്പോൾ മഴ പെയ്യുകയും"(ഉൽ 7:11) "അവ അടയ്ക്കുമ്പോൾ മഴ നിൽക്കുകയും ചെയ്യുന്നു" (ഉൽ 8:2). കർത്താവ് തന്റെ വിശുദ്ധ മന്ദിരത്തിൽ സ്വർഗത്തിലെ സിംഹാസനത്തിൽ വാണിരിക്കുന്നു(സങ്കീ 11:4). ഇപ്രകാരം ദൈവം ആകാശ വിതാനത്തെ അവിടെയായിരുന്നു നിയന്ത്രിക്കുന്നതിനാലാണ് "ദൈവം കുനിഞ്ഞു ആകാശത്തെയും ഭൂമിയേയും നോക്കുന്നു" എന്ന് സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇക്കാരണത്താൽ നമുക്കും വിശ്വസിക്കാം, "മുകളിൽ സ്വർഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ല" (നിയമാ. 4:39) എന്ന സത്യം. ഈ സത്യം മുറുകെ പിടിച്ചുകൊണ്ടു കൽപനകളും പ്രമാണങ്ങളും അനുസരിച്ചു മുന്നേറാം.

ആകയാൽ ദൈവം മേൽനോട്ടം വഹിക്കുന്ന ഈ സ്വർഗം സ്വന്തമാക്കാനായി നമ്മിൽ ചില കുറുക്കുവഴികൾ രൂപപ്പെടുത്താം. ഈ കുറുക്കുവഴികൾ നമ്മൾ അറിയാതെ നമ്മിൽ കടന്നുവരുന്ന ചില സഹനങ്ങൾ ആകാം. ചിലപ്പോൾ നമ്മുടെ മാതാപിതാക്കളിൽനിന്നും കുട്ടികളിൽനിന്നും ബന്ധുക്കളിൽനിന്നും സുഹൃത്തുക്കളിൽനിന്നും നാം സഹായിച്ചവരിൽനിന്നും നമ്മുടെ വിശ്വസ്തരിൽനിന്നുപോലും അപ്രതീക്ഷിത വേദനകൾ കടന്നുവരാം. മാനസിക സങ്കർഷങ്ങൾ കാരണം എവിടെയും സമാധാനമില്ലായ്മയും തിരസ്കരണവും അനുഭവപ്പെടാം. എല്ലാവരും നമ്മെ ഒറ്റപ്പെടുത്തി വ്യാജ കഥകളും ആരോപണങ്ങളും ഉന്നയിച്ച് മാറ്റി നിർത്തിയേക്കാം. പ്രതീക്ഷിച്ചവരിൽനിന്നും ഉപേക്ഷയും, അപമാനവും ഏറ്റു വാങ്ങേണ്ടി വന്നേക്കാം. ഈശോയുടെ പീഡാസഹനവേളയിലെന്നപോലെ ഇടതും വലതും ആരുമില്ലാതെ തളർന്നേക്കാം. ജീവിതത്തിൽ ഇനിയുള്ള യാത്ര എങ്ങോട്ട് എന്നുചിന്തിച്ച് പുതുവഴികൾതേടി നടന്നേക്കാം. ഈ അവസ്ഥകളിൽപോലും നാം അറിയാതെ നമ്മെ ചേർത്തുപിടിക്കുന്ന ഒരു ശക്തിയുണ്ടാകും. അവനാണ് സ്വർഗത്തിലെ ഭരണാധികാരി. "സ്നാപക യോഹന്നാന്റെ നാളുകൾമുതൽ ഇന്നുവരെ സ്വർഗരാജ്യം ബലപ്രയോഗത്തിന് വിഷയമായിരിക്കുന്നു. ബലവാന്മാർ അതു പിടിച്ചടക്കുന്നു" (മത്താ. 11:12). വിശ്വാസത്തിലും മൂല്യങ്ങളിലും ഉറച്ചുനിന്നുകൊണ്ടു നമ്മെ വിശുദ്ധീകരിച്ച് സ്വർഗം ബലപ്രയോഗമായി പിടിച്ചെടുക്കാം. അങ്ങനെ ജീവിതത്തിലെ സന്തോഷങ്ങളോടൊപ്പം സഹനങ്ങളും സ്വീകരിച്ച് സ്വർഗത്തിലെ അവകാശികളാകാം.

•



# ഫാ. സിൽവസ്റ്റർ മൊറായിസ്: വിദ്യാഭ്യാസമേഖലയിലെ മികച്ച വ്യക്തിത്വം

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ വിദ്യാഭ്യാസ മേഖലകളിൽ നിസ്തുലമായ സംഭാവനകൾ നൽകിയ പുരോഹിതനായിരുന്ന ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ട ഫാ. സിൽവസ്റ്റർ മൊറായിസ്. നീണ്ട 55 വർഷം രൂപതയിലെ ധാരാളം ഇടവകകളിൽ പൗരോഹിത്യ ശുശ്രൂഷ ചെയ്തിട്ടുണ്ട്. 1978 ൽ ലത്തീൻ കത്തോലിക്ക ഫിഷർമെൻ എജ്യൂക്കേഷൻ സൊസൈറ്റി ആരംഭിക്കുകയും തുമ്പ സെന്റ് ജൂഡ് കോളേജിന്റെ വളർച്ചയിൽ നിർണായകമായ പങ്കുവഹിക്കുകയും ചെയ്തു.

1944 ൽ ഔസേഫ് മൊറായിസിന്റെയും മേരി മൊറായിസിന്റെയും ആറു മക്കളിൽ അഞ്ചാമനായി പുല്ലുവിള ഇടവകയിൽ ജനിച്ചു. പുല്ലുവിള ലിയോ തെർട്ടീൻത് സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് വൈദീക പഠനത്തിനായി സെന്റ് വിൻസെന്റ് മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ കാർമൽ ഗിരിയിൽനിന്ന് തത്വശാസ്ത്രവും സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് ദൈവശാസ്ത്രവും പഠിച്ച് 1970 ഡിസംബർ പതിനെട്ടാം തീയതി വൈദിക പട്ടം സ്വീകരിച്ചു. 1974 ൽ സ്വന്തം ഇടവകയായ പുല്ലുവിളയിൽ സഹവികാരിയായി സേവനമനുഷ്ഠിച്ചു കൊണ്ട് വൈദിക ശുശ്രൂഷ ആരംഭിച്ചു. പിന്നീട് മാമ്പള്ളി, നെടുമങ്ങാട്, മരിയാപുരം, വിഴിഞ്ഞം, പൂവാർ, കരിങ്കുളം, കൊച്ചുതുറ, മാർത്താണ്ഡംതുറ, പള്ളിത്തുറ, കൊല്ലംകോട്, പൂന്തുറ, പേട്ട, കൊച്ചുവേളി, ചിന്നത്തുറ, പുല്ലുവിള, ലൂർദ്പുരം, പൂഴിക്കുന്ന്, കഴക്കൂട്ടം എന്നീ ഇടവകകളിൽ വികാരിയായി സേവനം തുടർന്നു. കൂടാതെ, ഫെറോന വികാരിയായും വിശ്വപ്രകാശ് സ്കൂൾ മാനേജരായും സേവനം അനുഷ്ഠിച്ചു. ബെത്സയ്ദാ ആശ്രമത്തിൽ മൂന്നുവർഷം അദ്ദേഹം താമസിച്ചിരുന്നു. തുടർന്ന് സെന്റ് ജൂഡ് കോളേജിൽ താമസിച്ചുവരവേ ശാരീരികമായ അസ്വസ്ഥതകളെ തുടർന്ന് ജൂബിലി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സയിലായിരിക്കവേ 01.10.2025 രാവിലെ 6.30 മണിക്ക് അന്തരിച്ചു.

ദൈവസന്നിധിയിലേക്ക് യാത്രയായ പ്രിയ സിൽവസ്റ്റർ മൊറായിസ് അച്ചന് ആദരാഞ്ജലികൾ...

വിദ്യാഭ്യാസശുശ്രൂഷ
തിരുവനന്തപുരം അതിരൂപത

# സ്റ്റുഡൻസ് ഫോറം യോഗസഹായി

**നവംബർ 2025**

തയ്യാറാക്കിയത്: സ്റ്റുഡൻസ് ഫോറം റിസോഴ്സ് ടീം

> **പ്രാർത്ഥനാ ഗാനം**

> **പ്രാർത്ഥന** (എല്ലാവരും ഏറ്റുചൊല്ലുന്നു)

പരമപിതാവായ ദൈവമേ, നമ്മുടെ കേരളം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും, ഐക്യത്തിന്റെയും മാതൃകയായി നിലനിർത്തണമേ. മതം, ഭാഷ, ജാതി തുടങ്ങിയ വ്യത്യാസങ്ങൾ മറന്ന് എല്ലാവരും പരസ്പരം സഹോദരങ്ങളായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയുടെ സ്നേഹത്തിലും പ്രകാശത്തിലും നമ്മുടെ കേരളം എന്നും മുന്നേറട്ടെ എന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. 1സ്വർഗ്ഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രിത്വസ്തുതി

> **സ്വാഗതം** (പ്രസിഡൻറ്)

> **റിപ്പോർട്ട്** (സെക്രട്ടറി)

> **ഹാജർ** (സെക്രട്ടറി)

> **അധ്യക്ഷപ്രസംഗം** (പ്രസിഡൻറ്)

പ്രിയപ്പെട്ട കൂട്ടുകാരേ, ഈ മാസത്തെ ചിന്താവിഷയം'എന്റെ കേരളം' ആണ്.

ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 1956 നവംബർ 1-ാം തീയതി കേരള സംസ്ഥാനം രൂപംകൊണ്ടു. സഞ്ചാരികളുടെ പറുദീസ എന്നറിയപ്പെടുന്ന കേരളത്തിന്റെ പ്രകൃതിഭംഗി അവർണ്ണനീയമാണ്. കേരളം സമുദ്രവും പർവതങ്ങളും നദികളും കാടുകളും നിറഞ്ഞ ഒരു ഭൂപ്രദേശമാണ്. ദൈവത്തിന്റെ സ്വന്തം നാട്, കേരവൃക്ഷങ്ങളുടെ നാട് ഈ പേരുകളിലും അറിയപ്പെടുന്നു. പശ്ചിമഘട്ടംപോലുള്ള പർവ്വതനിരകൾ, ശാന്തമായ കായലുകൾ, പാടശേഖരങ്ങൾ, ശാന്തമായ ബീച്ചുകൾ ഇവയെല്ലാം പ്രകൃതിയുടെ സൗന്ദര്യമാണ്. കേരളത്തിൽ 14 ജില്ലകളുണ്ട്. കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരം ആകുന്നു. കേരളത്തനിമ വിളിച്ചോതുന്ന കലാരൂപങ്ങളാണ് ഓട്ടൻതുള്ളൽ, കഥകളി, മോഹിനിയാട്ടം, തോൽ പാവക്കൂത്ത്. കേരളത്തിന്റെ ആയോധന കലയായ കളരിപ്പയറ്റ്, വള്ളംകളി ഇവ കേരളത്തിന്റെമാത്രം പ്രത്യേകതകളാണ്. കേരളത്തിന്റെ ദേശീയോത്സവമാണ് ഓണം. ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധൻ തുടങ്ങിയ ജനവിഭാഗങ്ങൾ ഒന്നിച്ച് ജീവിക്കുന്ന സംസ്ഥാനമാണ് കേരളം. കവികൾ, സാംസ്കാരിക നായകന്മാർ മുതലായവരുടെ സംഭാവനകൾ നാടിന്റെ യശസ്സ് വർദ്ധിപ്പിച്ചു. ഇന്ത്യയിൽ സമ്പൂർണ്ണ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമാണ് കേരളം. 1990-കളിൽ കേരള ടൂറിസം വകുപ്പാണ് 'Gods Own Country' എന്ന ടാഗ്ലൈൻ ഔദ്യോഗികമായി അവതരിപ്പിച്ചത്. കേരളത്തെ ഒരു ആഗോള ടൂറിസമായി മാറ്റുകയാണ് ലക്ഷ്യം. ഭരണാധികാരികൾക്കു കൈമോശം വന്ന ധാർമ്മികത, മദ്യം, മയക്കുമരുന്ന് ഇവയുടെ അമിതോപയോഗംമൂലം ഉണ്ടാകുന്ന അക്രമങ്ങൾ കേരളത്തിന്റെ സ്വസ്ഥത നഷ്ടപ്പെടുത്തുന്നു.

> **വായന പരിശീലനം** (ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)



> **പ്രസംഗ പരിശീലനം** (അഞ്ചുപേർ 2 മിനിറ്റുവീതം)

വിഷയം :

● കേരളത്തിന്റെ പ്രകൃതിഭംഗി

● കേരളത്തിലെ ഉത്സവങ്ങൾ

● കേരളത്തിലെ ദൃശ്യകലകൾ

● കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ

● ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ _ വള്ളത്തോൾ നാരായണമേനോൻ

> **ക്വിസ് മത്സരം**

1) UNESCO അംഗീകാരം നേടിയ കേരളീയ കലാരൂപങ്ങൾ?

2) കേരളത്തിലെ ഏറ്റവും ചെറിയ ജില്ല?

3) കേരളത്തിന്റെ ഔദ്യോഗിക ഭാഷ?

4) സഹ്യാദ്രി, സഹ്യപർവ്വതം എന്നിങ്ങനെ അറിയപ്പെടുന്ന പർവ്വതനിര?

5) കേരളത്തിലെ ഏറ്റവും വലിയ കൊടുമുടി?

6) സൈലന്റ് വാലി സ്ഥിതി ചെയ്യുന്ന ജില്ല?

7) കേരള മുഖ്യമന്ത്രി?

8) കേരളത്തിലെ നദികളുടെ എണ്ണം?

9) കേരളത്തിലെ ആദ്യ പക്ഷിസങ്കേതം?

10) കേരളത്തിലെ ഏറ്റവും വലിയ അണക്കെട്ട്?

> **മറ്റ് മത്സരങ്ങൾ** (ഉപന്യാസം, കവിത, കഥ)

> **ജന്മദിനാശംസകൾ/ അഭിനന്ദനങ്ങൾ**

> **തൊഴിൽ പഠന മത്സര മേഖലയെ പരിചയപ്പെടുത്തൽ** (വൈസ് പ്രസിഡന്റ്)

> **സ്കോളർഷിപ്പ്/ പ്രവേശന പരീക്ഷകളെ പരിചയപ്പെടുത്തൽ** (ട്രഷറർ)

> **വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ** (ഇടവക/ ഫൊറോന/രൂപത)

> **ചർച്ച:**

വി. ലൂക്കാ 11:2-4,13: അവൻ അരുളിച്ചെയ്തു: നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ. പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ; അന്നന്നുവേണ്ട ആഹാരം ഓരോ ദിവസവും ഞങ്ങൾക്കു നല്കണമേ. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. എന്തെന്നാൽ ഞങ്ങളുടെ കടക്കാരോടു ഞങ്ങളും ക്ഷമിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. മക്കൾക്കു നല്ല ദാനങ്ങൾ നൽകാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല!

എന്നെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനയെന്നത് ഹൃദയത്തെ ഉന്നതിയിലേയ്ക്കുയർത്തുന്ന, സ്വർഗ്ഗത്തിലേക്കുള്ള ഒരു വീക്ഷണമാണ്. സന്തോഷത്തിന്റെയും സന്താപത്തിന്റെയും സന്ദർഭങ്ങളിൽ കൃതജ്ഞതയുടെയും സ്നേഹത്തിന്റെയും കരച്ചിലാണ്. അത് ആത്മാവിനെ വികസിപ്പിക്കുകയും അതിന് ദൈവത്തോട് സംയോജിപ്പിക്കുകയും ചെയ്യുന്ന ശ്രേഷ്ഠവും അതിസ്വാഭാവികവുമായ എന്തോ ഒന്നാണ്.

ദൈവത്തെ കേൾപ്പിക്കാൻ ആ സന്ദർഭത്തിലേക്ക് ഉണ്ടാക്കിയ പ്രത്യേക പ്രാർത്ഥനകൾ ഒന്നും ചൊല്ലേണ്ട ആവശ്യമില്ല. മനോഹരമായ പ്രാർത്ഥനകൾക്കുവേണ്ടി പുസ്തകങ്ങൾ പരതിനോക്കുവാൻ എനിക്കു ധൈര്യമില്ല. എനിക്ക് തലവേദന ഉളവാക്കുവാൻതക്കവണ്ണം അവ അനേകമുണ്ട്. കൂടാതെ അവ ഓരോന്നും മറ്റൊന്നിനേക്കാൾ സുന്ദരവുമാണ്. അവയെല്ലാം ചൊല്ലാൻ നിവർത്തിയില്ലാത്തതിനാലും അവയിലേതു ചൊല്ലണമെന്ന് അറിഞ്ഞുകൂടാത്തതിനാലും എഴുതാനും വായിക്കാനും അറിഞ്ഞുകൂടാത്ത ഒരു കൊച്ചുകുട്ടിയെപ്പോലെ ഞാൻ പ്രവർത്തിക്കുന്നു. എനിക്ക് പറയാനാഗ്രഹമുള്ളത് ദൈവത്തോട് ഞാൻ ലളിതമായി പറയുന്നു. ഒരിക്കലുമത് അവിടുന്ന് ഗ്രഹിക്കാതിരിക്കുന്നുമില്ല.

> നന്ദി


> മാതാവിനോടുള്ള ഗാനം

●



• ലേഖനം





# വിശുദ്ധ ദേവസഹായം അല്മായരുടെ മധ്യസ്ഥൻ

റവ. ഡോ. ലോറൻസ് കുലാസ്

**വിശുദ്ധ ദേവസഹായത്തിന്റെ ജീവിതം നാം ഓരോരുത്തരുടെയും വിശ്വാസജീവിതത്തെ സ്വാധീനിക്കാൻ ഉതകുന്നതാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഇതൊരു ഭൂതകാല ചരിത്രസംഭവമായിമാത്രം വീക്ഷിക്കപ്പെടേണ്ട ഒന്നല്ല. നാമായിരിക്കുന്ന വർത്തമാന കാലത്തിലും തുടർന്നു പോകേണ്ട വിശ്വാസ ജീവിതത്തിലും ഈ വിശുദ്ധന്റെ രക്തസാക്ഷിത്വം നമ്മെ ശക്തിപ്പെടുത്തുന്നു.**

## ചരിത്ര മുഹൂർത്തം

ഇന്ത്യൻ സഭാചരിത്രത്തിൽ സുവർണ ലിപികളാൽ അടയാളപ്പെടുത്തേണ്ട ഒരു സുദിനമായിരുന്നു 2025 ജൂലൈ 16. അന്നാണ് ആഗോള കത്തോലിക്കാ സഭയുടെ നായകനായ പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പ വിശുദ്ധ ദേവസഹായത്തെ നമ്മുടെ രാജ്യത്തെ അല്മായരുടെ മധ്യസ്ഥനായി ഔദ്യോഗികമായി അവരോധിച്ചത്. ഈ ചരിത്രമുഹൂർത്തത്തിന് സാക്ഷികളാകുവാനും ഈ സന്ദർഭം ആഘോഷിക്കുവാനും സി.സി.ബി.ഐ പ്രസിഡന്റ് കർദിനാൾ ഫിലിപ്പ് നേരി ഫെറാവോ ഇന്ത്യയിലെ എല്ലാ മെത്രാന്മാരേയും സന്യസ്തരേയും വൈദികരേയും അൽമായരേയും സഭാഭേദമന്യേ സെപ്റ്റംബർ 20-ന് പുറപ്പെടുവിച്ച ഒരു പ്രസ്താവനയിലൂടെ സ്വാഗതം ചെയ്തു.

വാരണാസിയിലെ സെയിന്റ് മേരീസ് ഭദ്രാസന ദേവാലയത്തിൽവച്ച് വിശുദ്ധ ദേവസഹായത്തെ ഇന്ത്യയിലെ അൽമായരുടെ മധ്യസ്ഥനായി ഔദ്യോഗികമായി ഒക്ടോബർ 15-ന് പ്രഖ്യാപിച്ചു. ഈ ആഘോഷങ്ങളുടെ തുടർച്ചയായിട്ടാണ് തിരുവനന്തപുരം അതിരൂപത ഒക്ടോബർ 19-ാം തീയതി പാളയം സെയിന്റ് ജോസഫ് ഭദ്രാസന ദേവാലയത്തിൽ വിശ്വാസസമൂഹത്തിന്റെ സമ്മേളനവും കൃതജ്ഞതാ ദിവ്യബലിയും ഒരുക്കിയത്. ദൈവസ്നേഹത്തിൽ വളരുവാനും വിശ്വാസത്തിൽ ആഴപ്പെടുവാനും സഭയെയും സമൂഹത്തെയും ശുശ്രൂഷിക്കുവാനും ഇന്ത്യയിലെ അൽമായരെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഈ ആഘോഷങ്ങൾക്ക് പിൻബലമേകിയത്.

## ചരിത്ര പശ്ചാത്തലം

തെക്കേ ഇന്ത്യയിലെ ഇന്നത്തെ തിരുവനന്തപുരവും കന്യാകുമാരിയും ഉൾപ്പെടുന്ന തിരുവിതാംകൂർ രാജവംശത്തെ സേവിച്ചിരുന്ന ഒരു പട്ടാള ഉദ്യോഗസ്ഥനായിരുന്നു 1712-ൽ തമിഴ് നാട്ടിലെ നെറ്റാലത്ത് ജനിച്ച നീലകണ്ഠപിള്ളയെന്ന ദേവസഹായം.

അക്കാലത്ത് തിരുവിതാംകൂർ കൊട്ടാരം സന്ദർശിക്കാനിടയായ ഡച്ച് നേവൽ കമാൺണ്ടറായിരുന്ന എയുസ്താക്കിയൂർ ഡി. ലനോയി രാജ്യസേവകനായ നീലകണ്ഠപിള്ളയെ പരിചയപ്പെടുകയും ക്രൈസ്തവ ദർശനവും വേദപുസ്തക വിജ്ഞാനവും പകർന്നു നൽകുകയുംചെയ്തു. ഇദ്ദേഹവുമായിട്ടുള്ള സമ്പർക്കം നീലകണ്ഠപിള്ളയെ സത്യവിശ്വാസം സ്വീകരിക്കുവാൻ പ്രേരിപ്പിച്ചു. തൽഫലമായി 1745-ൽ ഫാദർ ജിയോവാനി ബറ്റിസ്റ്റായിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിക്കുകയും "ദൈവം സഹായം" എന്നർത്ഥം വരുന്ന ലാസർ എന്ന നാമത്തിന്റെ തമിഴ് പരിഭാഷയായ ദേവസഹായം എന്ന പേരിന് ഉടമയാകുകയും ചെയ്തു.

മതസ്പർധയും ജാതി വ്യവസ്ഥയും കൊടികുത്തി വാണിരുന്ന ആ കാലഘട്ടത്തിൽ വിശ്വാസം മുറുകെ പിടിച്ച് എല്ലാ മനുഷ്യരും ദൈവമുമ്പാകെ ഒന്നാണെന്ന ബോധ്യത്തിൽ ജീവിക്കുകയും നീതിയും സത്യവും എല്ലാ മനുഷ്യർക്കും ലഭ്യമാകണമെന്ന ബോധ്യത്തിൽ ദേവസഹായം സധൈര്യം മുന്നോട്ടുപോയി. വിശ്വാസ സംരക്ഷണത്തിനുവേണ്ടി ഏതുതരം പീഡനവും തന്റെ പൂർവ്വകാല മതത്തിൽനിന്നും സമുദായത്തിൽനിന്നും ഭരണാധികാരികളിൽനിന്നും ഏറ്റുവാങ്ങുവാനും സഹിക്കുവാനും ദേവസഹായം സന്നദ്ധനായി. ക്രിസ്തുവിലുള്ള വിശ്വാസം ഉപേക്ഷിക്കുവാനുള്ള പ്രലോഭനങ്ങൾ നിരന്തരം തന്റെ ജീവിതത്തിലുണ്ടായിട്ടും അവയ്ക്കൊന്നിനും വഴങ്ങാതെ കാരഗൃഹവാസവും തിരസ്ക്കരണവും ശാരീരിക പീഡനങ്ങളും അനുഭവിക്കുവാൻ അദ്ദേഹം തയ്യാറായി. ഒരു പീഡനത്തിനും സമ്മർദ്ദത്തിനും ദേവസഹായത്തെ തന്റെ വിശ്വാസത്തിൽനിന്ന് അകറ്റുവാൻ കഴിയുകയില്ലെന്ന് ബോധ്യപ്പെട്ടപ്പോൾ അധികാരികൾ അദ്ദേഹത്തെ മരണത്തിന് ഏല്പിച്ചുകൊടുത്തു. 1752 ജനുവരി 14-ന് ദേവസഹായം ഇന്ത്യയിലെ ആദ്യത്തെ അല്മായ കത്തോലിക്കാ രക്തസാക്ഷിയായി. വിശ്വാസജീവിതത്തിൽ അദ്ദേഹം കാഴ്ചവച്ച ധീരത കണക്കിലെടുത്ത് ദേവസഹായത്തെ 2021-ൽ നാഗർകോവിലിൽവച്ച് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയും 2022 മേയ് 15-ന് വത്തിക്കാനിൽവച്ച് ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തുകയും ചെയ്തു.

## ചരിത്രം കുറിക്കുന്ന മാതൃക

അല്മായ ജീവിതത്തിൽ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിന്റെ ഉത്കൃഷ്ട മാതൃകയാണ് വിശുദ്ധ ദേവസഹായം. സങ്കീർണമായ ജാതി-മത-സാമുദായിക-സാംസ്കാരിക വ്യവസ്ഥിതിയിൽ വിശ്വാസം സംരക്ഷിക്കുക എന്നത് ഒട്ടും എളുപ്പമുള്ള ഒരു കാര്യമല്ല. അനുദിന ജീവിതത്തിന്റെ സംഘർഷങ്ങളിൽ വിശ്വാസം ത്യജിക്കുവാനും ഒത്തുതീർപ്പ് വ്യവസ്ഥിതിക്ക് കീഴടങ്ങുവാനും ഒട്ടേറെ അവസരങ്ങളുണ്ട്. ഏതൊരു ഘട്ടത്തിലും വിശ്വാസ ജീവിതം എപ്രകാരം സംരക്ഷിക്കപ്പെടണമെന്ന് വിശുദ്ധർ നമ്മെ പഠിപ്പിക്കുന്നുണ്ട്.

അല്മായരുടെ മധ്യസ്ഥനെന്ന നിലയിൽ വിശുദ്ധ ദേവസഹായം നമ്മെ മൂന്ന് രീതിയിൽ പ്രചോദിപ്പിക്കുന്നു. ഒന്ന്, പ്രവൃത്തിയിലെ വിശ്വാസം. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണ്. സാമൂഹിക-ഔദ്യോഗിക ജീവിതത്തിൽ തന്റെ എല്ലാ ബന്ധങ്ങളെയും അതിലൂടെ സ്വീകരിക്കേണ്ടിവരുന്ന തീരുമാനങ്ങളും ക്രിസ്തുവിശ്വാസത്തിൽ ഉറപ്പിച്ചിട്ടുള്ളതായിരുന്നു. രണ്ട്, സാക്ഷ്യത്തിലെ ധൈര്യം. പരിഹാസത്തിന്റെയും തിരസ്ക്കരണത്തിന്റെയും നടുവിൽ ക്രിസ്തുവിന് സാക്ഷ്യംനൽകാനുള്ള അസാമാന്യ ധൈര്യം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. ഓരോ നിമിഷവും ദൈവസ്നേഹം നിറഞ്ഞതുകൊണ്ട് അപ്രകാരമൊരു സ്നേഹത്തിൽ സാക്ഷ്യം നൽകാൻ വിശുദ്ധനു കഴിഞ്ഞു. ആകയാൽ, തന്നെ പീഡിപ്പിക്കുന്നവരോട് ഹൃദയപൂർവം ക്ഷമിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

മൂന്ന്, നീതിയോടുള്ള പ്രതിബദ്ധത. ഓരോ മനുഷ്യനും ദൈവത്തിന്റെ സുന്ദരമായ സൃഷ്ടിയാണെന്നും ആ സൗന്ദര്യബോധം നീതിയിൽ അധിഷ്ഠിതമാണെന്നും അദ്ദേഹം വിശ്വസിച്ചു. വർണവിവേചനങ്ങളും ജാതീയതയും മനുഷ്യനെ മനുഷ്യനിൽനിന്ന് വിഘടിപ്പിക്കുമ്പോൾ നീതിയെന്ന സൗന്ദര്യബോധം മനുഷ്യനെ പരസ്പരം ബന്ധിപ്പിക്കണമെന്ന് അദ്ദേഹം ക്രൈസ്തവ ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഉൾക്കൊണ്ടു.

വിശുദ്ധ ദേവസഹായത്തിന്റെ ജീവിതം നാം ഓരോരുത്തരുടെയും വിശ്വാസജീവിതത്തെ സ്വാധീനിക്കാൻ ഉതകുന്നതാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഇതൊരു ഭൂതകാല ചരിത്ര സംഭവമായിമാത്രം വീക്ഷിക്കപ്പെടേണ്ട ഒന്നല്ല. നാമായിരിക്കുന്ന വർത്തമാന കാലത്തിലും തുടർന്നുപോകേണ്ട വിശ്വാസജീവിതത്തിലും ഈ വിശുദ്ധന്റെ രക്തസാക്ഷിത്വം നമ്മെ ശക്തിപ്പെടുത്തുന്നു. നമ്മുടേതുപോലെ വൈവിധ്യമാർന്ന മതസാംസ്കാരിക പാരമ്പര്യം ഉൾക്കൊള്ളുന്ന ഒരു രാജ്യത്ത് ചുറ്റുപാടുമുള്ളവരോട് സഹിഷ്ണുതയുള്ളവരാകുവാനും നീതിബോധത്തോടെ ജീവിക്കുവാനും വിശുദ്ധ ദേവസഹായത്തിന്റെ ജീവിതസാക്ഷ്യം മാതൃകയാകട്ടെ! •

ചരിത്രപഥം





# തിരുസഭ ഒന്നാം നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികനിറവിൽ 2

(മെയ് 20-ഓഗസ്റ്റ് 25, 325)

ഫാ. സിബിൻ ജോർജ്

**ഒന്നാം നിഖ്യാ സൂനഹദോസിന്റെ ചരിത്രപരവും സഭാപരവുമായ പശ്ചാത്തലം.**

ഓരോ സൂനഹദോസിന്റെയും ചരിത്രപരവും സഭാപരവുമായ പശ്ചാത്തലം നാം അറിയുമ്പോൾ അവയെ പൂർണമായി മനസ്സിലാക്കുവാൻ നമുക്ക് സാധിക്കും. സഭാ ചരിത്രത്തിലെ രണ്ട് സുപ്രധാന സംഭവങ്ങളുടെ പേരിലാണ് ഒന്നാം നിഖ്യാ സൂനഹദോസ് വിളിച്ചുകൂട്ടിയത്: ഒന്ന് കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ ക്രൈസ്തവ മതത്തിലേക്കുള്ള മതപരിവർത്തനവും (312), തുടർന്ന് 313-ൽ കോൺസ്റ്റന്റൈനും അദ്ദേഹത്തിന്റെ സഖ്യകക്ഷിയായ ലിസിനിയസും പുറപ്പെടുവിച്ച മിലാൻ ഉടമ്പടിയും (Edict of Milan). രണ്ടാമതായി അന്ന് ഉരുത്തിരിഞ്ഞു വന്ന ആരിയൻ പാഷണ്ഡതയും (Arian Hersey), ഈസ്റ്റർ ദിനത്തെക്കുറിച്ചുള്ള പശ്ചാത്യ പൗരസ്ത്യ സഭകളിൽ നിലനിന്നിരുന്ന വ്യത്യസ്ത അഭിപ്രായങ്ങളുമായിരുന്നു.

വടക്കുപടിഞ്ഞാറൻ തുർക്കിയിലെ ഒരു പട്ടണമാണ് നിഖ്യാ. നിക്കോമീഡിയയിലെ കോൺസ്റ്റന്റൈൻ കൊട്ടാരത്തിൽനിന്ന് അല്പം ദൂരെയായിട്ടാണ് ഈ പട്ടണം സ്ഥിതിചെയ്യുന്നത്. ഇവിടെയാണ് ഒന്നാം നിഖ്യാ സൂനഹദോസ് വിളിച്ചുകൂട്ടിയത്. ഈ സൂനഹദോസിൽ പങ്കെടുക്കാൻ കോൺസ്റ്റന്റൈൻ ചക്രവർത്തി എല്ലാ മെത്രാന്മാർക്കും ഒരു കത്ത് അയയ്ക്കുകയുണ്ടായി. വാസ്തവത്തിൽ, എല്ലാ മെത്രാന്മാർക്കും, പ്രത്യേകിച്ച് പാശ്ചാത്യർക്ക് ഇതിൽ പങ്കെടുക്കാൻ സാധിച്ചില്ല. എന്നാൽ റോമിലെ മെത്രാനായ പോപ്പ് സിൽവസ്റ്റർ ഒന്നാമൻ (314–35), തന്റെ പ്രതിനിധിയായി രണ്ട് പുരോഹിതന്മാരെ നിഖ്യായിലേക്ക് അയച്ചു. കൂടാതെ, ചക്രവർത്തിയുടെ ദൈവശാസ്ത്ര ഉപദേഷ്ടാവ് ഒരു പാശ്ചാത്യനായ കോർഡോവയിലെ ഹോസിയസ് (Hosius of Cordova) ആയിരുന്നു. മുന്നൂറിലധികംപേർ മെത്രാന്മാരുടെ സാനിധ്യത്തിൽ ഒത്തുചേർന്ന ഒന്നാം നിഖ്യാ സൂനഹദോസിൽ, അത്യധികം ആദരപൂർവ്വം അവിടെ എത്തിച്ചേർന്ന കോൺസ്റ്റന്റൈൻ ചക്രവർത്തി ഗ്രീക്ക് ഭാഷയിൽ എല്ലാവരെയും സ്വാഗതം ചെയ്തു. അങ്ങനെ 325 മെയ് 20 ആം തിയതി സഭാചരിത്രത്തിന്റെ പുതിയൊരു അധ്യായത്തിനു തുടക്കം കുറിച്ചു.

**ഒന്നാം നിഖ്യാ സൂനഹദോസിന്റെ ദൈവശാസ്ത്രപരമായ പഠനങ്ങൾ.**

ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലും രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമുള്ള അപ്പസ്തോലിക പിതാക്കന്മാർ (Apostolic Father) ക്രിസ്തുവിനെ വിവരിക്കാൻ, "ദൈവം അവതാരം (God Incarnate)", "ദൈവം മനുഷ്യരൂപത്തിൽ (God in human form)" തുടങ്ങിയ പദപ്രയോഗങ്ങൾ ഉപയോഗിച്ചുവെങ്കിലും അവർ ഒരു വ്യവസ്ഥാപിത ദൈവശാസ്ത്രവും (Systematic Theology) വികസിപ്പിച്ചില്ല. വിശുദ്ധ ജസ്റ്റിനെപ്പോലുള്ള അപ്പോളജിസ്റ്റുകൾ, പിതാവും പുത്രനും തമ്മിലുള്ള ബന്ധം പ്രകടിപ്പിക്കാൻ ലോഗോസ് (Logos, GK) അല്ലെങ്കിൽ "ദൈവവചനം (Word of God)" എന്ന ഗ്രീക്ക് ആശയം വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് ഉപയോഗിച്ച് കൂടുതൽ മുന്നോട്ട് കൊണ്ടുപോയി. മറ്റൊരു അപ്പോളജിസ്റ്റായ അഥേനഗോറസാണ് (Athenagoras) യഥാർത്ഥത്തിൽ "ട്രയാസ് (trias)" എന്ന ഗ്രീക്ക് പദം ഉപയോഗിച്ചത്. അത് പിന്നീട് "ത്രിത്വം (Trinity)" എന്ന പദമായി മാറുകയും ചെയ്തു.

എന്നാൽ അപ്പോളജിസ്റ്റുകൾ അടിസ്ഥാനപരമായി ത്രിത്വത്തെക്കുറിച്ച് പഠിപ്പിച്ചത് ഇപ്രകാരമായിരുന്നു; 'പിതാവായ ദൈവം വചനത്തിലൂടെയും (Word) ജ്ഞാനത്തിലൂടെയും (Wisdom) നമുക്ക് വെളിവാക്കപ്പെടുന്നു.' പിൽക്കാല മാനദണ്ഡങ്ങൾക്കനുസരിച്ച് ഇത് ദൈവശാസ്ത്രപരമായി ചെറിയ ഒരു ചുവടുവയ്പ്പിന് തുടക്കം കുറിക്കുകയുണ്ടായി. ഇതിന്റെ പശ്ചാത്തലത്തിൽ പാശ്ചാത്യ രാജ്യങ്ങളിൽ, അതായത് റോമിലും വടക്കേ ആഫ്രിക്കയിലും ഒരു യാഥാസ്ഥിതിക (Conservative) പ്രതികരണം പെട്ടെന്ന് രൂപപ്പെട്ടു. പുത്രന്റെയും ആത്മാവിന്റെയും പദവി ഉയർത്തുന്നത് ബഹുദൈവ വിശ്വാസത്തിലേക്ക് നയിക്കുമെന്ന് ഭയന്ന്, ചില റോമൻ ദൈവശാസ്ത്രജ്ഞർ മോണാർ

ക്കിയനിസം (Monarchianism) എന്ന ചിന്തയ്ക്ക് രൂപം നൽകി. ഇത് മൂവരുടെയും ഐക്യത്തെ ഊന്നിപ്പറയുന്ന ഒരു ദൈവശാസ്ത്ര സമീപനമാണ്. അത് പുത്രന്റെയും ആത്മാവിന്റെയും വ്യത്യസ്തമായ അസ്തിത്വത്തെ നിഷേധിക്കുന്ന ഘട്ടത്തിലേക്കും തുടർന്ന് ഇതു പാഷണ്ഡതയായും മാറി. പിന്നീട് ചില മോണാർക്കിയൻ ദൈവശാസ്ത്രജ്ഞർ മോഡലിസം (Modalism) എന്ന പാഷാണ്ഡതയുടെയും, മറ്റുചിലർ ദത്തെടുക്കൽ (Adoptionism) എന്ന പാഷാണ്ഡതയുടെയും വക്താക്കളായി മാറി.

മൂന്നാം നൂറ്റാണ്ടിലെ മറ്റ് ദൈവശാസ്ത്രജ്ഞർ മോണാർക്കിയന്മാരെ എതിർക്കുകയും ചെയ്തു. അതിൽ പ്രധാനിയായിരുന്നു, സഭാ പിതാവായ (Church Father ) തെർതുല്യാൻ (Tertullian). അദ്ദേഹം "ട്രിനിറ്റാസ്" (trinitas); (tria, "മൂന്ന്", unitas, "ഐക്യം") പദാവലി ഉപയോഗിച്ച് ത്രിത്വേകദൈവശാസ്ത്രത്തെ വളരെയധികം മുന്നോട്ടുകൊണ്ടുപോയി. അതിൽ നിന്നുമാണ് "ത്രിത്വം (Trinity)" എന്ന പദം രൂപംകൊണ്ടത്. അദ്ദേഹം തന്നെയാണ് സബ്സ്റ്റാന്റിയ (substantia), പെർസോണ (persona) തുടങ്ങിയ വാക്കുകളും ഉപയോഗിച്ചത്. ത്രിത്വത്തിൽ മൂന്ന് വ്യക്തികളും (Three Persons) ദൈവിക സത്തയിൽ (One Substance) പങ്കാളികളാണെന്ന് വാദിച്ചു. അദ്ദേഹം സൃഷ്ടിച്ച പദാവലി പിൽക്കാല ലത്തീൻ ദൈവശാസ്ത്രജ്ഞരെ വളരെയധികം സഹായിച്ചു. അതുപോലെ, മൂന്നാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന മറ്റു പാഷാണ്ഡതകളായിരുന്നു സുബോർഡിനേഷനിസവും (Subordinationism), ആര്യൻ പാഷാണ്ഡതയും (Arian Hersey). അതോടൊപ്പം അന്ന് ഈസ്റ്റർ ദിനത്തെപ്പറ്റി നിലനിന്നിരുന്ന അഭിപ്രായ വ്യത്യാസങ്ങൾ.

ഈ ഒരു പശ്ചാത്തലത്തിൽ, പാശ്ചാത്യ പൗരസ്ത്യ സഭകൾ ത്രിത്വത്തെക്കുറിച്ച് ചിന്തിക്കുവാനും പഠിപ്പിക്കുവാനും തുടങ്ങി. ത്രിത്വത്തിന്റെ ഐക്യത്തിന് പാശ്ചാത്യസഭ വളരെയധികം പ്രാധാന്യം നൽകുന്നതിനാൽ വ്യക്തികളുടെ വ്യക്തിത്വം നഷ്ടപ്പെട്ടുമെന്ന് പൗരസ്ത്യസഭ ഭയപ്പെട്ടു. നേരെമറിച്ച്, വ്യക്തികളുടെ വ്യക്തിത്വത്തിന് പൗരസ്ത്യസഭ വളരെയധികം പ്രാധാന്യം നൽകുന്നതിനാൽ ദൈവത്തിന്റെ ഏകത്വം മറയ്ക്കപ്പെട്ടുമെന്ന് പാശ്ചാത്യസഭ ഭയപ്പെട്ടു. ഇതിനൊപ്പം ഗുരുതരമായ ഒട്ടനവധി പദാവലി പ്രശ്നംകൂടി പൊന്തിവന്നു. കൂടാതെ നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, അലക്സാണ്ട്രിയൻ പുരോഹിതനായ ആരിയസ് ( Arius ഏകദേശം 260–336) ഇതിനൊരു അവസാനമുണ്ടാകുവാൻവേണ്ടി തന്റെ പദങ്ങളും ചിന്തകളും മുൻപോട്ടു വച്ചു. അത് പിന്നീട് ആര്യൻ പാഷാണ്ഡതയും (Arian Heresy/ Arianism) തുടർന്ന് ഒന്നാം നിഖ്യാ സൂനഹദോസ് വിളിച്ചുകൂട്ടുവാനുമുള്ള പ്രാധാന കാരണങ്ങളിലൊന്നായി തീരുകയും ചെയ്തു. ആരിയൂസിന്റെ വാദം ഇപ്രകാരമായിരുന്നു, വചനം (Logos), ക്രിസ്തു ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഒരു സൃഷ്ടിയാണ്. ദൈവം അവനിലൂടെ ലോകത്തെ സൃഷ്ടിച്ചതിനാൽ നമുക്ക് വളരെ മുമ്പുതന്നെ അവൻ ഉണ്ടായിരുന്നു; നമുക്ക് സ്വപ്നംകാണാൻ കഴിയാത്ത പൂർണതകൾ അവനുണ്ട്, പക്ഷേ അവൻ ദൈവത്തിന്റെ അസ്തിത്വം പങ്കിടുകയോ ദൈവത്തിന്റെ പ്രകടമായ പൂർണതകളിൽ ഒന്നും ആസ്വദിക്കുകയോ ചെയ്തില്ല. ആരിയൂസ് ഇപ്രകാരം പറഞ്ഞിരുന്നു, "അവൻ (പുത്രൻ/ക്രിസ്തു) ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു."/ "there was when he (the Son) was not." ക്രിസ്തീയ പാരമ്പര്യത്തിൽ ഒരു പൈശാചിക പാഷണ്ഡൻ എന്ന നിലയിൽ ആരിയൂസ് ശപിക്കപ്പെട്ടിട്ടുണ്ടെങ്കിലും, പുത്രനും പിതാവും എങ്ങനെ ദിവ്യരാകാൻ (Divine) കഴിയും? എന്ന യഥാർത്ഥ ചോദ്യത്തിലേക്ക് സഭയെ നയിച്ചത് ആരിയൂസിന്റെ ചിന്തകളായിരുന്നു. ദൈവപുത്രൻ ദൈവപിതാവിന് സമാനമായ ഒരു സൃഷ്ടിയാണെന്നും എന്നാൽ ദൈവത്തെപ്പോലെയല്ലെന്നും വാദിക്കുന്ന ആര്യൻ പാഷാണ്ഡതക്കെതിരെ നാലാം നൂറ്റാണ്ടിൽ നടന്ന പോരാട്ടത്തിൽ ക്രിസ്ത്യൻ യാഥാസ്ഥിതികതയുടെ മുഖ്യ സംരക്ഷകനായിരുന്നു വിശുദ്ധ അത്തനാസിയസ് (St. Athanasius of Alexandria).

## ഉപസംഹാരം

പിതാവും പുത്രനും ഒരേ ദിവ്യസത്ത (Same Divine Substance) പങ്കിടുന്നവരാണെന്നും അതിനു പിതാക്കന്മാർ ഉപയോഗിച്ച രണ്ടു പദങ്ങളാണ്, ലാറ്റിനിലെ കോൺസബ്സ്റ്റാന്റിയലിസ് (consubstantialis), അതിന്റെ ഗ്രീക്ക് പതിപ്പായ ഹോമോസിയോസ് (homooúsios) എന്ന പദവും. ഈ പദങ്ങളോട് മെത്രാന്മാർ യോജിക്കുമോ എന്ന് കോൺസ്റ്റന്റൈൻ ചക്രവർത്തി അറിയാൻ ആഗ്രഹിച്ചു. മെത്രാന്മാർ ചക്രവർത്തിയുടെ നിർദ്ദേശം സ്വീകരിക്കുകയും പിതാവും പുത്രനും ഒരേ സത്തയിൽ ( Same Substance ) നിന്നുള്ളവരാണെന്നും, പുത്രൻ പിതാവിൽനിന്ന് ജനിച്ചതാണെന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്നും, പുത്രൻ യഥാർത്ഥ ദൈവത്തിൽനിന്നുള്ള യഥാർത്ഥ ദൈവമാണെന്നും പറയുന്ന ഒരു വിശ്വാസ പ്രസ്താവന സ്വീകരിച്ചു. 325 ജൂൺ 19-ന്, ത്രിത്വത്തെക്കുറിച്ചുള്ള ഈ സൂനഹദോസിന്റെ വിശ്വാസപ്രഖ്യാപനം (The Symbol of Nicaea); "ഏക നാഥനും ദൈവത്തിന്റെ ഏകപുത്രനും എല്ലായുഗങ്ങൾക്കുംമുമ്പ് പിതാവിൽനിന്ന് ജനിച്ചവനും ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും പിതാവുമായി സത്തയിൽ ഏകനുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു." ഈ വിശ്വാസ പ്രഖ്യാപനം മെത്രാന്മാർ ഔദ്യോഗികമായി അംഗീകരിച്ചു. ഈ കൽപ്പനയിൽ ആദ്യം ഒപ്പുവച്ചത് ചക്രവർത്തിയുടെ ദൈവശാസ്ത്ര ഉപദേഷ്ടാവായ ഹോസിയസാണ്, തുടർന്ന് റോമിലെ ബിഷപ്പായ സിൽവസ്റ്റർ ഒന്നാമനെ പ്രതിനിധീകരിച്ച രണ്ട് പുരോഹിതന്മാരും. റോമൻ സഭയുടെ അപ്രമാദിത്വത്തെയും, ഇരട്ട അപ്പസ്തോലിക അടിത്തറയായും (പത്രോസിന്റെയും പൗലോസിന്റെയും ) സഭയുടെ കേന്ദ്രമായും ഇതിലൂടെ പൗരസ്ത്യ മെത്രന്മാർ അംഗീകരിച്ചു.

381-ൽ നടന്ന രണ്ടാമത്തെ സാർവത്രിക സൂനഹദോസായ ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് (381) ആണ് നിഖ്യാ വിശ്വാസപ്രമാണത്തിന് ഇന്ന് നാം കാണുന്ന രൂപം നൽകിയത്. അതിനോടൊപ്പം ഈസ്റ്റർ ദിനാഘോഷവും ഒന്നാം നിഖ്യാ സൂനഹദോസ് ചിട്ടപ്പെടുത്തുകയുണ്ടായി. അതായതു വസന്തകാലത്തിനു ശേഷമുള്ള ആദ്യത്തെ പൂർണ്ണചന്ദ്രൻ കഴിഞ്ഞുവരുന്ന ആദ്യ ഞായറാഴ്ച ഈസ്റ്റർ ദിനമായി ആഘോഷിക്കാൻ സൂനഹദോസ് തീരുമാനിച്ചു,. റോമൻ സാമ്രാജ്യത്തിലെ വിവിധ ക്രിസ്ത്യൻ സമൂഹങ്ങൾക്കിടയിൽ ഈസ്റ്ററിനായി ഒരു ഏകീകൃത തീയതി സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ തീരുമാനം, ഇത് സഭയുടെ ഐക്യത്തിന് കൂടുതൽ പ്രാധാന്യമർഹിക്കുന്നതായി മാറി. അങ്ങനെ പ്രതിസന്ധികളെ നേരിടാൻ സഭയ്ക്ക് പുതിയതും ക്രിയാത്മകവുമായ ഒരു സാധ്യത തുറന്നുനൽകിയതിൽ സഭയുടെ പ്രഥമ സൂനഹദോസ് ആയ നിഖ്യാ സൂനഹദോ



• ലേഖനം



# ഇടുങ്ങിയ പാതയിലൂടെ നിത്യവിഹായസ്സിലേയ്ക്ക്

സിസ്റ്റർ ഡോ. സൂസി കിണറ്റിങ്കൽ സി.റ്റി.സി.

വരാപ്പുഴ വികാരിയത്തിലെ പ്രധാനപ്പെട്ടതും പൗരാണികവുമായ ഇടവകകളിൽ ഒന്നായ ഓച്ചന്തുരുത്ത് കുരിശിങ്കൽ പള്ളി ഇടവകയിൽപെട്ട, വൈപ്പിശ്ശേരി തറവാട്ടിൽ, 1831 ഒക്ടോബർ 15-ന് തൊമ്മൻ -താണ്ട ദമ്പതികളുടെ എട്ടുമക്കളിൽ ആദ്യ സന്താനമായാണ് എലിശ്വ ജനിച്ചത്. 1847-ൽ കൂനമ്മാവ് വാകയിൽ വത്തരുവിന്റെ വധുവായി മാറിയ ഏലീശ്വ, 1850 ഏപ്രിൽ 21 -ന് ഒരു കുഞ്ഞിന് ജന്മം നല്കി. കുഞ്ഞിന് ഒന്നര വയസ്സ് മാത്രം പ്രായമുള്ളപ്പോൾ 1851 -ൽ 21-ാം വയസ്സിൽ വിധവയായി തീർന്നു. അതിനുശേഷം വാകയിൽ തറവാട്ടിലെ കളപ്പുരയിൽ പ്രാർത്ഥനക്കായി രൂപപ്പെടുത്തിയ മുറിയിൽ, ദീർഘകാലം പരിത്യാഗത്തിലും ധ്യാനനിർലീനതയിലും ജീവിച്ചു. റ്റി.ഒ.സി.ഡി. സഭയുടെ സ്ഥാപികയായ മദർ ഏലീശ്വയുടെ സിദ്ധിയിൽ ആകർഷിക്കപ്പെട്ട മകൾ അന്നയും സഹോദരി ത്രേസ്യയുമാണ് സഹസ്ഥാപകരുടെ പദവിയലങ്കരിച്ചത്. 1866 ഫെബ്രുവരി 13-ന്, കൂനമ്മാവിലെ തന്റെ പറമ്പുകളിലൊന്നിൽ പണിതുയർത്തിയ ഒരു പനമ്പുമഠത്തിൽ, മദർ ഏലിശ്വയാൽ സ്ഥാപിക്കപ്പെട്ട, കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ(റ്റി.ഒ.സി.ഡി)യിൽ നിന്നുമാണ് കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമ്മലൈറ്റ്സ് (സി.റ്റി.സി),കോൺഗ്രിഗേഷൻ ഓഫ് ദ മദർ ഓഫ് കാർമൽ (സി.എം.സി) എന്നീ സന്യാസിനീസഭകൾ ഉരുത്തിരിഞ്ഞുവന്നത്.

യുവ വിധവയായിരുന്നിട്ടും വിശ്വാസവെളിച്ചത്തിൽ തീരുമാനമെടുക്കാനും സ്വർഗ്ഗരാജ്യത്തിലേക്കുള്ള പരുക്കൻ പാതയിലൂടെ നടക്കാനും ഏലീശ്വാമ്മ തീരുമാനമെടുത്തു. വൈധവ്യത്തിന്റെ കനലിൽ ചവിട്ടിനിന്ന ഏലീശ്വയ്ക്ക് മുൻപിൽ രണ്ടു തിരഞ്ഞെടുപ്പുകൾ ഉണ്ടായിരുന്നു. ആദ്യത്തേത് ലോകത്തിന്റെ പാതയിലേയ്ക്കുള്ള ക്ഷണം. രണ്ടാമത്തേത് സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള ദിവ്യനാഥന്റെ ഇടുങ്ങിയ പാത, കുരിശിലെ രക്തവും കണ്ണീരും ചിതറിത്തെറിച്ച പരുക്കൻ പാത. ലോകത്തിന്റെ വീക്ഷണകോണിൽനിന്ന് നോക്കിയാൽ വളരെ സമ്പന്നമായ വൈപ്പിശ്ശേരി കുടുംബത്തിൽനിന്നും അതേ നിലവാരത്തിലുള്ള വാകയിൽ കുടുംബത്തിലേയ്ക്ക് വിവാഹിതയായിഎത്തിയ യുവതി. വിധവയായെങ്കിലും വീണ്ടും ഒരു കുടുംബജീവിതത്തിലേയ്ക്കുള്ള സാധ്യതകളുമായി, ലോകത്തിന്റെ വഴിയിൽ സന്തോഷവും സുരക്ഷിതത്വവും നിറഞ്ഞ ശോഭനമായ ഭാവി വാഗ്ദാനംചെയ്യുന്ന രണ്ടാം വിവാഹത്തിലേയ്ക്കുള്ള നിർദ്ദേശവുമായി മാതാപിതാക്കൾ എത്തുന്നു. മറുവശത്ത് ദൈവത്തിന്റെ നിഗൂഢ പദ്ധതികൾക്കായി താൻ വിളിക്കപ്പെടുന്നു എന്ന ബോധ്യം. എന്നാൽ വഴിയും മാർഗ്ഗങ്ങളും ഒന്നും വ്യക്തമല്ല, വിശ്വാസത്തിന്റെ വെളിച്ചംമാത്രം. നാഥന്റെ വഴി പരിത്യാഗത്തിന്റെഇടുങ്ങിയ വഴിയാണെന്നും കുരിശിന്റെ പാതയാണെന്നും അതിന്റെ അവസാനം അനശ്വര മഹത്വമാണെന്നും വിശ്വാസവെളിച്ചത്തിൽ ഏലീശ്വാമ്മ കണ്ടു.

പൗലോസ് അപ്പസ്തോലനെപ്പോലെ ഏലീശ്വാമ്മ പറയുന്നു, "എനിക്ക് ലഭ്യമായിരുന്ന ഇവയെല്ലാം ക്രിസ്തുവിനെപ്രതി നഷ്ടമായി ഞാൻ കണക്കാക്കി. ഇവ മാത്രമല്ല, എന്റെ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ സർവ്വവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണ്. ഇത് ക്രിസ്തുവിനെ നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയത്രേ" (ഫിലിപ്പി. 3:8). ഈ ലോകം വച്ചുനീട്ടുന്ന സന്തോഷത്തിന്റെയും ആർഭാടത്തിന്റെയും ആകർഷകമായ പാത ഉപേക്ഷിച്ച് മദർ ക്രിസ്തുനാഥന്റെ ഇടുങ്ങിയ പാത തിരഞ്ഞെടുക്കുന്നു.

അന്തരാത്മാവിൽ നാഥന്റെ സ്വരം വ്യക്തമായി അവൾ കേട്ടു, "ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ, വിനാശത്തിലേയ്ക്ക് നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്. അതിലേയ്ക്ക് പോകുന്നവർ വളരെയാണുതാനും. എന്നാൽ ജീവനിലേയ്ക്ക് നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതി കുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം" (മത്തായി 7:13-14). യേശുനാഥന്റെ ആഹ്വാനം വളരെ ആത്മാർത്ഥമാണ്. ആളുകളെ ആകർഷിക്കാൻ മോഹന വാഗ്ദാനങ്ങളൊന്നും അവിടുന്ന് നല്കുന്നില്ല. വളരെ വ്യക്ത്മായി മാർഗ്ഗവും ലക്ഷ്യവും അവിടുന്ന് വെളിവാക്കുന്നു. ഗുരോ, നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ അനുഗമിക്കും എന്നു പറഞ്ഞ നിയമജ്ഞനോട് അവിടുന്നു പറഞ്ഞു, "ആകാശപ്പറവകൾക്ക് കൂടുകളുണ്ട് എന്നാൽ മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല." മാനുഷിക ബന്ധങ്ങളോട് കാണിക്കേണ്ടവിരക്തിയുടെ മനോഭാവവും സുവിശേഷത്തിൽ വളരെ വ്യക്തമാണ്. ശിഷ്യന്മാരിൽ ഒരുവൻ, പോയി തന്റെ

പിതാവിനെ സംസ്ക്കരിച്ചിട്ട് വരാൻ എന്നെ അനുവദിക്കണമെ എന്നു പറയുമ്പോൾ ഈശോയുടെ മറുപടി ഇങ്ങനെ, "നീ എന്നെ അനുഗമിക്കുക, മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്ക്കരിക്കട്ടെ".

ഇന്ന് "ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു" എന്ന യേശുവിന്റെ ആധികാരികമായ പഠനം ലോകം സൗകര്യപൂർവ്വം മറന്നുകളയുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നത്. എന്നാൽ, മദർ ഏലീശ്വയ്ക്ക് തന്റെ സന്ന്യാസ സഭയിൽ ഉണ്ടായിരുന്ന ക്രമച്ചട്ടങ്ങളെക്കുറിച്ചും അതിന്റെ ഫലത്തെക്കുറിച്ചും വലിയ ബോധ്യമുണ്ടായിരുന്നു. എന്നതിന് ഉദാഹരണമായി ഏറണാകുളത്ത് താമസിച്ചപ്പോൾ ഉണ്ടായ ഒരു സംഭവം നാളാഗമത്തിൽ നാം വായിക്കുന്നു. എറണാകുളത്തെ സിസ്റ്റേഴ്സിന്റെ ആദ്ധ്യാത്മീക നിയന്താവയ കാൻഡിദൂസ് മിഷണറിതന്റെ നാഹഹേതുക തിരുനാൾ ദിനം മഠത്തിൽ വന്ന് കർബാന ചൊല്ലിയതിനുശേഷം സിസ്റ്റേഴ്സിനെ ബോട്ടിൽ ഒരു ഉല്ലാസയാത്രയ്ക്കായി കൊണ്ടുപോകാൻ തീരുമാനിച്ചപ്പോൾ മദർ ഏലീശ്വയെയും സഹോദരിമാരെയും കൂടെ ക്ഷണിച്ചു. അവരുടേയും അദ്ധ്യാത്മിക നിയന്താവ് ഏറണാകുളത്ത് താമസിച്ചപ്പോൾ കാൻഡിദൂസ് അച്ചൻതന്നെ ആയിരുന്നു. മദർ ഏലീശ്വ തങ്ങളുടെ സഭയുടെ ക്രമച്ചട്ടങ്ങൾക്കും അച്ചടക്കത്തിനും വിപരീതമാകും എന്ന് ചിന്തിച്ച് അതിൽനിന്നും ഒഴിവ് അപേക്ഷിച്ചു എന്നാണ് നാളാഗമത്തിൽ എഴുതിയിരിക്കുന്നത്.

താൻ സ്ഥാപിച്ച സഭയിലെ ഓരോ നിസ്സാരമായ ക്രമച്ചട്ടങ്ങൾക്കുപോലും വ്യക്തമായ അതിസ്വാഭാവിക ദർശനം മദറിന് ഉണ്ടായിരുന്നു. തങ്ങളെ ഏറ്റവും സ്നേഹത്തോടെ പരിഗണിക്കുന്ന ആദ്ധ്യാത്മിക നിയന്താവ് നിർദ്ദേശിക്കുമ്പോൾപോലും തന്റെ സഭയ്ക്ക് പ്രത്യേകതകൾ ഉണ്ടെന്നും അവയെല്ലാം സിദ്ധിയില്ലുള്ള തനതായ ഭാവങ്ങളാണെന്നും വ്യക്തതയുണ്ടായിരുന്നതിനാലാണ് ഒഴിവ് അപേക്ഷിക്കുന്നത്. ചോദിക്കുന്നത് മൂപ്പച്ചനാണെന്നോ സി.എസ്.എസ്.റ്റി സന്ന്യാസിനികൾ പോകുന്നുണ്ടെന്നോ ഒന്നും മദറിന്റെ മനസ്സിന് ചാഞ്ചല്യം വരുത്തുന്നില്ല. മദർ ഏലീശ്വ യേശുനാഥന്റെ ആഹ്വാനം അതിന്റെ എല്ലാ അന്തരാർത്ഥങ്ങളോടുംകൂടെ മനസ്സിലാക്കി, രണ്ട് യജമാനന്മാരെ സേവിക്കുവാൻ ആർക്കും സാധിക്കുകയില്ല ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയുംചെയ്യും, അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും സേവിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല. സധാരണ വിദ്യഭ്യാസംമാത്രം ഉണ്ടായിരുന്ന മദർ ഏലീശ്വയ്ക്ക് വിശ്വാസത്തിന്റെ ശക്തമായ വെളിച്ചം അവളുടെ ബുദ്ധിയ്ക്ക് പ്രകാശം നല്കിയിരുന്നു. അവളുടെ ജീവിതത്തിന്റെ വാതിൽ വിശ്വാസത്തിൽ ദൈവത്തിലേയ്ക്ക് മാത്രം മുഴുവനായി തുറന്നിരുന്നു. അതിനാൽ വളരെ നിശ്ചയത്തോടെ മദർ എഴുതുന്നു, " രണ്ടച്ചന്മാർക്ക് ഊഴിയം ചെയ്യരുത്" എന്ന്. ബൈബിളും ദൈവശാസ്ത്ര ഗ്രന്ഥങ്ങളും വായിക്കാനോ പഠിക്കാനോ ഉള്ള സാധ്യതകൾ വിരളമായിരുന്നിട്ടും മദർ ഏലീശ്വയ്ക്ക് വിശ്വാസ വീക്ഷണത്തിൽ നിത്യമായതും ഉത്കൃഷ്ടമായതും വിവേചിച്ചറിയാൻ കഴിവുണ്ടായിരുന്നു.

പീഡാനുഭവത്തെയും മരണത്തെയും ഉത്ഥാനത്തെയുംകുറിച്ച് ശിഷ്യന്മാരെ പഠിപ്പിക്കാൻ യേശുനാഥൻ അവരോട് തനിക്ക് സംഭവിക്കാനിരിക്കുന്ന പീഡകളെക്കുറിച്ചും മരണത്തെക്കുറിച്ചും പറഞ്ഞു. പത്രോസ് ഇതുകേട്ട് അവനെ മാറ്റിനിർത്തി തടസ്സംപറയാൻ തുടങ്ങി. അവൻ പറഞ്ഞു, "ദൈവം കനിയട്ടെ, കർത്താവെ നിനക്കൊരിക്കലും ഇത് സംഭവിക്കാതിരിക്കട്ടെ". യേശു തിരിഞ്ഞ് പത്രോസിനോട് പറഞ്ഞ വാക്കുകൾ സമർപ്പിതർ ധ്യാനിക്കേണ്ടതാണ്, "സാത്താനേ, എന്റെ മുൻപിൽനിന്ന് പോകൂ, നീ എനിക്ക് പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" (മത്തായി 16: 23). കുരിശിൽനിന്നും നമ്മെ പിൻതിരിപ്പിക്കുന്നതെല്ലാം മനുഷ്യത്വം എന്ന് നാം വ്യഖ്യാനിക്കുമ്പോഴും, ഓർക്കുക അത് മാനുഷിക ബുദ്ധിയിൽ വിശ്വാസവെളിച്ചം അസ്തമിച്ചുപോകുന്നതിന്റെ ബഹിർസ്ഫുരണം തന്നെ. നവംബർ മാസം 8-ാം തീയതി വല്ലാർപാടം ദേശീയ തീർത്ഥാടന കേന്ദ്രത്തിൽവച്ച് മദർ ഏലീശ്വ വാഴ്ത്തപ്പെട്ടവൾ എന്ന് പ്രഖ്യാപനം ചെയ്യപ്പെട്ടപ്പോൾ ഒരോ ക്രൈസ്തവനും സ്വജീവിതത്തിൽ എത്രമാത്രം വിവേകത്തോടെ ദൈവഹിതം ആരായുന്നതിനും നിറവേറ്റുന്നതിനും മദർ ഏലീശ്വയുടെ ജീവിതം നമ്മെ പ്രചോദിപ്പിക്കട്ടെ. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് സഭയ്ക്കും സമൂഹത്തിനും നന്മയുടെ വിവേകത്തിന്റെ സാക്ഷ്യം നല്കാൻ നമുക്കും ശക്തിയും ഊർജ്ജവും പകരട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. •

സിന് കഴിഞ്ഞത് .................... പേജ് 29
പേജ് 27......................................... തുടർച്ച

ഏറ്റവും വലിയ നേട്ടമായാണ് ചരിത്രകാരന്മാർ കണക്കാക്കുന്നത്. തിരുസഭയുടെ പ്രഥമ സാർവത്രിക സൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈപുണ്യനിമിഷത്തിൽ, നമ്മുടെ സഭാപിതാക്കന്മാർ അവരുടെ ജീവൻ പണയപ്പെടുത്തി സംരക്ഷിച്ച കൈമാറി നൽകിയ വിശ്വാസസത്യങ്ങളിൽ നമുക്ക് ആഴപ്പെടാം. നമുക്ക് ലഭിച്ച ഈ സത്യ വിശ്വാസത്തിൽ ജീവിക്കുകയും അത് അനേകർക്ക് കറകടാതെ പകർന്നുനൽകുവാൻ പരിശ്രമിക്കാം ചെയ്യാം.

തുടർന്നുള്ള ലക്കങ്ങളിൽ മറ്റു സൂനഹാദോസുകളെക്കുറിച്ച് നമുക്ക് അറിയാം, അതിൽ ആഴപ്പെടാം.

(അവസാനിച്ചു.)

**ഉറവിടങ്ങൾ.**

1. Joseph F. Kellly, The Ecumenical Councils of the Catholic Church, A History (Collegeville: Liturgical Press, 2009)

2. International Theological Commission, Jesus Christ, Son of God, Saviour, 1700th anniversary of the Ecumenical Council of Nicaea, 325-2025 (Dicastery for the Doctrine of the Faith, Holy Father, Pope Francis, authorised its publication on 16 December 2024).

3.https://www.vatican.va/roman_curia/congregations/cfaith/cti_documents/rc_cti_doc_20250403_1700-nicea_en.html#_ftn1

4.https://www.catholic.com/magazine/print-edition/the-21-ecumenical-councils.


5. Jana Deepa Christology and Trinity class notes.

6. J.Neuner, J. Dupuis, The Christian Faith (Bengaluru: Theological Publication in India, 2022, 8th Edition).

7. Rev.Dr. John Bosco Manuel

•

• ലേഖനം



# ഓഖി അവശേഷിപ്പിക്കുന്നത്

വിപിൻ ദാസ്



**സുനാമിയെക്കാൾ വലിയ ദുരന്തമായിരുന്നു ഓഖി കേരളത്തിന് നൽകിയത്. പക്ഷേ സുനാമി ലോകശ്രദ്ധ പിടിച്ചുപറ്റിയ ദുരന്തമായപ്പോൾ ഓഖി കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ മാത്രം പ്രശ്നമായി. മറ്റാരെയും സംബന്ധിക്കാത്ത വിഷയമായി ഓഖി മാറി. കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ അതുണ്ടാക്കിയ നഷ്ടമെത്ര വലുതാണ് എന്നാരും കണ്ടില്ല. അറിയാൻപോലും താല്പര്യം കാണിച്ചില്ല. മീൻപിടിക്കുന്നവന്റെ ജീവിതം മലയാളിയുടെ വിഷയമേയല്ലെന്നു നമ്മൾ വീണ്ടും വീണ്ടും തെളിയിച്ചു.**

കേരളത്തിന്റെ കടൽചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യ നിർമ്മിത ദുരന്തത്തിന് എട്ടു വർഷം പൂർത്തിയാകുന്നു. അതെ, അപകട മുന്നറിയിപ്പ് യഥാസമയം എത്തിച്ചുകൊടുക്കാതെയും, സാങ്കേതികത്വം പറഞ്ഞ് രക്ഷാപ്രവർത്തനം വൈകിപ്പിച്ചും ഒരു സ്റ്റേറ്റ് കടലിൽ നടത്തിയ ഏറ്റവും വലിയ മനുഷ്യക്കുട്ടക്കുരുതിക്ക് എട്ട് ആണ്ട്. 2017 നവംബർ മാസത്തിലെ അവസാന ദിനങ്ങൾ ഇരുട്ടിവെളുത്തത് പുറങ്കടലിൽ കുരുതികൊടുക്കപ്പെട്ട മനുഷ്യ ജീവിതങ്ങളെപ്പറ്റിയുള്ള കരളുറയിപ്പിക്കുന്ന കഥകളുമായാണ്. ആ കൊടും മഴപെയ്ത നവംബർ 29 ന് വൈകിട്ടും രാത്രിയിലുമായി കേരളത്തിന്റെയും തമിഴ്നാടിന്റെയും തെക്കൻ തീരങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിനുപോയ പലനൂറ് വള്ളങ്ങളും അതിലെ കടൽപ്പണിക്കാരും പിറ്റേന്ന് രാവിലെ തിരിച്ചു വന്നില്ല. കടലിൽ അത്യാഹിതം എന്തോ നടന്നിട്ടുണ്ടെന്ന് മനസ്സിലാക്കിയ ആ നിമിഷം മുതൽ കടലിരമ്പം അന്നേവരെ കേട്ടിട്ടില്ലാത്തത്ര ഉച്ചത്തിൽ തീരത്തെ വീടുകളുടെ ചുവരുകൾക്കുള്ളിൽ മുഴങ്ങി.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ കേരളത്തിന്റെയും തമിഴ്നാടിന്റെയും തെക്കൻ തീരങ്ങളെ ബാധിച്ച ഒരു ഉഷ്ണമേഖലാ ചുഴലിക്കാറ്റായിരുന്നു ഓഖി. ശ്രീലങ്കയുടെ തെക്കുപടിഞ്ഞാറൻ തീരത്തിനടുത്താണ് ചുഴലിക്കാറ്റ് ഉത്ഭവിച്ചത്. ശേഷം അത് ഇന്ത്യൻ വൻകരയുടെ തെക്കേ അറ്റത്ത്, തമിഴ്നാട്, കേരള തീരങ്ങളുടെ ഏറ്റവും അടുത്തുകൂടെ സഞ്ചരിച്ചു. ചുഴലിക്കാറ്റുകൾ ഈ തീരത്ത് അസാധാരണമായിരുന്നു, പ്രത്യേകിച്ചും ബംഗ്ലാ ഭാഷയിൽ 'കണ്ണ്' എന്നർത്ഥം വരുന്ന ഓഖി ചുഴലിക്കാറ്റ്. അതിന്റെ അസാധാരണമായ ദ്രുതഗതിയിലുള്ള തീവ്രതയും പ്രവചനാതീതമായ പാതയും കാരണം വളരെ അസാധാരണമായിരുന്നു. അന്ന് പാരുകളിൽ കിടന്ന കടൽപണിക്കാർക്ക് നിറയേ മീന് പടുന്നുണ്ടായിരുന്നു, ആകാശവും കടലും അത്ര പെട്ടെന്ന് തിരിയുമെന്ന് അവർ ആരും പ്രതീക്ഷിച്ചിരുന്നില്ല. ആദ്യ മുന്നറിയിപ്പുകൾ വളരെ വൈകിയാണ് വന്നത്. അത്യാഹിതം അറിയിച്ചുകൊണ്ടുള്ള കാലാവസ്ഥാ ബുള്ളറ്റിനുകൾ എത്തിയപ്പോഴേക്കും നൂറുകണക്കിന് വള്ളങ്ങൾ ചക്രവാളത്തിനപ്പുറമായിരുന്നു. നിഷ്ക്കരുണം ഓഖി ആഞ്ഞടിച്ചു. ചലിക്കുന്ന പാറക്കെട്ടുകൾ പോലെ തിരമാലകൾ ഉയർന്നു. മത്സ്യത്തൊഴിലാളികൾ വള്ളങ്ങൾ പിളരാതിരിക്കാൻ പോരാടി. അവരുടെ എഞ്ചിനുകൾ തകരാറിലായി, തലവള്ളം തകർന്നു, കാറ്റിന്റെ ഇരമ്പലിൽ അവരുടെ സഹായം അഭ്യർഥിച്ചുകൊണ്ടുള്ള അലമുറകൾ ചിന്നിച്ചിതറി. ചിലരെ ദിവസങ്ങൾക്ക് ശേഷം പുറം കടലിൽ നിന്ന് രക്ഷപ്പെടുത്തി; മറ്റുള്ളവർ ആഴ്ചകളോളം ഒഴുകിപ്പോയി; പലരും ഒരിക്കലും തിരിച്ചെത്തിയില്ല. ഔദ്യോഗികമായി, കേരളത്തിൽ മരണപ്പെട്ടവരും കാണാതായവരും ഉൾപ്പെടെ ഏതാണ്ട് 350 പേരുണ്ടെന്ന് ലത്തീൻ സഭയും 216 പേരുണ്ടെന്ന് കേരളത്തിന്റെ റവന്യൂ വകുപ്പും കണക്കാക്കുന്ന ഒരു മഹാദുരന്തമായിരുന്നു ഓഖി.

പൂവാറിൽ നിന്ന് കടലിൽ പോയിട്ട് ഭാഗ്യം കൊണ്ടുമാത്രം തലനാരിഴയ്ക്ക് അപകടത്തിൽ നിന്ന് രക്ഷപ്പെട്ട് മൂന്നുദിവസം കഴിഞ്ഞ് കരയിലെത്തിയ മാർട്ടിൻ എന്ന കടൽപ്പണിക്കാരന് പറയാനുണ്ടായിരുന്നത് തെങ്ങിന്റെ ഉയരത്തിൽ പൊങ്ങിയടിച്ച തിരയിൽപ്പെട്ട് രണ്ടായി ഒടിഞ്ഞു പോയ എഞ്ചിനെ വെറും കൈകൾ കൊണ്ട് ചേർത്തുവച്ച്, അതിനെ വിടാതെ ഇറുകെ പിടിച്ച് മണിക്കൂറുകൾ തുടർച്ചയായി ഫുൾ സ്പീഡിൽ വള്ളമോടിച്ച കഥയാണ്. അത് ഓർത്തെടുത്ത് പറയുമ്പോൾ അദ്ദേഹം വിറയ്ക്കുന്നുണ്ടായിരുന്നു. അവസാനം എട്ടു ലക്ഷം രൂപ കടമെടുത്ത് വാങ്ങിയ ജീവനോപാധിയായ മുതലിനെ കടലിലുപേക്ഷിച്ച് രക്ഷാവള്ളത്തിൽ കരയിൽ വരേണ്ടിവന്ന ആ കടൽപ്പണിക്കാരന്.

ഒരു രാത്രിയിരുട്ടി വെളുത്തപ്പോൾ ചോരമണക്കാത്ത ഉപ്പിടലുകളും ആറാത്ത മുറിവുകളുമായി പലനൂറ്റപേര് മരണത്തിലേക്കാണ്ടുപോയി. ഓഖിയിൽപെട്ട് കടലിൽ കാണാതായിട്ട് ഇന്നും പുറങ്കടലിൽ നിന്ന് വീണ്ടെടുക്കപ്പെടാത്തവരായി നൂറിലധികം മനുഷ്യർ ഇപ്പോഴും അവശേഷിക്കുന്നു. ചത്തിട്ട് ഉയിർത്ത് വന്ന ശിഷ്ടം പേരുണ്ട്, ഇന്നും കടലു കാണുമ്പോൾ, കടൽച്ചെത്തം കേൾക്കുമ്പോൾ അവരുടെ സിരകളിലേക്ക് മരണത്തോളം തണുത്ത മരവിപ്പ് പടർന്നു കയറാറുണ്ട്. മണിക്കൂറുകൾ ഉടുതുണി പോലുമില്ലാതെ കൂടെ നീന്തിയ കൂടപ്പിറപ്പ് നീന്തിത്തളർന്നൊടുവിൽ കൈ തട്ടി മാറ്റി കടലിലേക്ക്, വാ പിളർന്ന മരണത്തിലേക്ക് ആണ്ടു പോകുന്നതു നിസ്സംഗതയോടെ കണ്ടുനിൽക്കേണ്ടി വന്നതിന്റെ വിറങ്ങലിപ്പ്. അന്ന് അന്ധകാരനഴിയിൽനിന്നും ചേറ്റുവയിൽനിന്നുമൊക്കെ കടലിൽപ്പോയിവന്നവർ പറഞ്ഞത്, പുറങ്കടലിൽ മണ്ണെണ്ണപ്പാട്ടയിൽ കെട്ടിയിട്ട നിലയിലും, റോപ്പുകൊണ്ട് പരസ്പരം കൂട്ടിക്കെട്ടിയ നിലയിലും ചത്തുമലച്ച മനുഷ്യപ്രേതങ്ങൾ ഒഴുകി നടക്കുന്നുവെന്നാണ്. കാണാതായിപ്പോയ ആണാപ്പിറന്നോൻമാരുടെ കാലടിശബ്ദവും പ്രതീക്ഷിച്ച് ഒരുപോള കണ്ണടയ്ക്കാതെ തീരക്കുടികളിൽ ദിവസങ്ങൾ കൊഴിഞ്ഞു വീഴുമ്പോൾ ചന്ദ്രനോളവും ചൊവ്വയോളവുമെത്തിയ ആധുനിക മനുഷ്യന്റെ പ്രബുദ്ധതയ്ക്ക് വെറും നിസ്സഹായരായി കയ്യുംകെട്ടി നോക്കി നിൽക്കാനേ പറ്റിയുള്ളൂ. രക്ഷാപ്രവർത്തനം വൈകിയതുകാരണം കമിഴ്ന്ന് പോയ വള്ളത്തിൽ പിടിച്ച് പെരുങ്കടലില് കിടന്നവർക്ക് പറയാനുണ്ടായിരുന്ന കഥയും ദാരുണമായതായിരുന്നു. "മൂന്നു ദിവസമായി ഞങ്ങൾ മൂത്രം കുടിച്ചു കഴിയുകയായിരുന്നു. കൂടെയുണ്ടായിരുന്ന ഒരാൾക്ക് മൂത്രം വരുന്നുണ്ടായിരുന്നില്ല. അയ്യാൾ കുടിവെള്ളത്തിനായി നിലവിളിക്കുമ്പോൾ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഒരാൾ മൂത്രമൊഴിച്ചുകൊടുക്കുകയായിരുന്നു.." അതിജീവിച്ചവർ പറഞ്ഞ, അഴുകിപ്പോയ മനുഷ്യർ പച്ചയ്ക്കു പറഞ്ഞ അതിജീവിത കഥ ഇങ്ങനെയായിരുന്നു.

കരയുന്ന മുഖങ്ങൾ, നിലവിളികൾ, വീടുകളും ബോട്ടുകളും ചുഴറ്റിയെറിഞ്ഞു തിരിച്ചു പോകുന്ന തിരമാലകൾ.. പൊതുസമൂഹത്തിന് ഓഖി എന്നാല് ഇതൊക്കെയായിരുന്നു. രണ്ടാഴ്ചത്തെ ചർച്ചകൾ, "അയ്യോ പാവം" എന്ന സഹതാപങ്ങൾ, മീൻകറി കിട്ടാത്തതിനു ഒരു മണിക്കൂർ ചാനൽ ചർച്ചയെന്ന പരിഹാസങ്ങൾ... കഴിഞ്ഞു. മുക്കുവന്റെ ജീവിതത്തോടുള്ള മലയാളിയുടെ പ്രതിബദ്ധത ഇത്രയുമായിരുന്നു. ഓഖിക്ക് ശേഷവും ഇവിടെ മനുഷ്യർ ജീവിക്കുന്നുണ്ട്. പഴയ അതേ അരക്ഷിതാവസ്ഥകളിൽ അവരിപ്പോഴും കഴിയുന്നുണ്ട്. ഒന്നിനും മാറ്റമില്ല. ഒന്നൊഴിച്ച്, തിരാമലകളോട് മല്ലടിച്ച് അതിജീവനം കണ്ടെത്തിയിരുന്ന കടലിന്റെ ഈ മക്കൾക്ക് ഇന്ന് കടലെന്നാൽ ഭയം കൂടിയാണ്. ഓഖി ഒരു ചെറിയ ദുരന്തമായിരുന്നില്ല."ഓഖി വന്നിട്ട് ഒരു മാസത്തോളം ഞങ്ങളാരും കടലിൽ പോയില്ല. വീട്ടിൽ ഇരുന്നു. അത്രയും വലിയൊരു അപകടം ഞങ്ങടെയാരുടെയും ഓർമ്മയിൽപോലും ഇല്ല. കടലിനെ ഇങ്ങനെ ഞങ്ങളാരും കണ്ടിട്ടേയില്ല. അതിനു ശേഷം ചെറിയ മഴ പെയ്യുമ്പോൾതന്നെ സർക്കാർ മുന്നറിയിപ്പ് തരും, ഞങ്ങളോട് കടലിൽ പോകരുത് എന്ന്. ഇപ്പൊ അവസാനത്തെ മുന്നറിയിപ്പിന് അഞ്ചു ദിവസത്തോളമാണ് ഞങ്ങൾ വീട്ടിൽ ഇരുന്നത്. ഞങ്ങൾ എങ്ങനെയാണ് പിന്നെ ജീവിക്കുക എന്നാരും പറയുന്നില്ല."

പൂന്തുറയിലെ മത്സ്യത്തൊഴിലാളി







കളുടെ വാക്കുകളാണ്. ഓഖിക്ക് ശേഷം ചെറിയ കാലവസ്ഥാ മാറ്റമുണ്ടാകുമ്പോൾ പോലും സർക്കാർ ഇവരെ കടലിൽ പോകുന്നതിൽ നിന്നും വിലക്കുകയാണ്. ഒരു വലിയ ഭയം ഉള്ളിൽ കിടക്കുന്നതുകൊണ്ട് അവർക്ക് അത് അനുസരിക്കേണ്ടി വരുന്നു. "ഈ കാറ്റും മഴയും ഞങ്ങൾക്ക് പരിചയമുള്ളതാണ്. ഇതിലും വലിയ കാറ്റത്തൊക്കെ ഞങ്ങൾ പണിക്ക് പോയിട്ടുണ്ട്. ഞങ്ങൾ മത്സ്യത്തൊഴിലാളികളാണ്. കടലിനെയും കാറ്റിനെയും അറിയുന്നവരാണ്. ഒരു ദുരന്തമുണ്ടായപ്പോൾ ഞങ്ങളെ അറിയിക്കാനോ രക്ഷപെടുത്താനോ ഇവിടത്തെ സംവിധാനങ്ങൾക്കൊന്നും കഴിഞ്ഞില്ല. ആവശ്യമില്ലാത്ത മുന്നറിയിപ്പുകളാണ് ഈ തന്നുകൊണ്ടിരിക്കുന്നത്. ചെറിയ കാറ്റൊക്കെ വരുമ്പോത്തന്നെ പോകരുത് എന്ന് ഞങ്ങളോട് പറയും. ഒരു ദുരന്തം കഴിഞ്ഞ് പേടിച്ചിരിക്കുന്നതുകൊണ്ട് വിലക്ക് മറികടന്നു പോകാനും ആൾക്കാർക്ക് ഭയമായി. അഞ്ചു ദിവസം ഞങ്ങളുടെ കുടുംബങ്ങൾ പട്ടിണിയിലായി. ഒരു ദിവസം പണിക്ക് പോയില്ലെങ്കിൽതന്നെ സാമ്പത്തികനില തകിടം മറിയുന്ന വീടുകളുണ്ട് ഇവിടെ. അപ്പോഴാണ് അഞ്ചുദിവസം ചേർത്ത് പണിക്ക് പോകാതെ ഇരിക്കുന്നത്. എന്നിട്ടവസാനം കാറ്റും വന്നില്ല മഴയും വന്നില്ല. ഈ ദിവസങ്ങളിൽ ഞങ്ങൾക്ക് ജീവിക്കണ്ടേ.? ഇങ്ങനെ മുന്നറിയിപ്പ് തന്ന് വീട്ടിലിരുത്തുമ്പോൾ ജീവിക്കാനുള്ള വക കൂടി തന്നൂടെ. വേറൊന്നും വേണ്ട. ഭക്ഷണത്തിനുള്ള വഴി മാത്രം മതി. അത്രയേ വേണ്ടൂ. അതല്ലാതെ നിങ്ങൾ പണിക്ക് പോകരുത്, ഇന്ന് കാറ്റ് വീശും എന്ന് പറഞ്ഞാൽ ഞങ്ങളെങ്ങനെ ജീവിക്കും. മത്സ്യത്തൊഴിലാളിയുടെ ജീവിതം കടലല്ലാതെ വേറെന്താണ്?" ഇവരുടെ ചോദ്യങ്ങൾക്ക് ഇന്നും മറുപടികളില്ല.

സുനാമിയെക്കാൾ വലിയ ദുരന്തമായിരുന്നു ഓഖി കേരളത്തിന് നൽകിയത്. പക്ഷേ, സുനാമി ലോകശ്രദ്ധ പിടിച്ചുപറ്റിയ ദുരന്തമായപ്പോൾ ഓഖി കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ മാത്രം പ്രശ്നമായി. മറ്റാരെയും സംബന്ധിക്കാത്ത വിഷയമായി ഓഖി മാറി. കേരളത്തിന്റെ തെക്കൻതീരങ്ങളിൽ അതുണ്ടാക്കിയ നഷ്ടമെത്ര വലുതാണ് എന്നാരും കണ്ടില്ല. അറിയാൻപോലും താല്പര്യം കാണിച്ചില്ല. മീൻപിടിക്കുന്നവന്റെ ജീവിതം മലയാളിയുടെ വിഷയമേയല്ലെന്നു നമ്മൾ വീണ്ടും വീണ്ടും തെളിയിച്ചു. ഓഖി വരുംമുൻപ് എങ്ങനെയാണോ ഇവർ കടലിൽ പോയിരുന്നത്, അതുപോലെ തന്നെയാണ് ഇപ്പോഴും പോകുന്നത്. സുരക്ഷാ സംവിധാനങ്ങളിലൊന്നും ഒരു മാറ്റവും ഉണ്ടായിട്ടില്ല. ലൈഫ് ജാക്കറ്റുൾപ്പെടെ നൽകും എന്ന സർക്കാർ വാഗ്ദാനങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. പണ്ടുണ്ടായിരുന്നതുപോലെ തന്നെയാണ് ഇപ്പോഴും ഇവരുടെ കടൽ യാത്രകൾ. മരണപ്പെട്ടവരുടെ കുടുംബത്തിന് ഇരുപത് ലക്ഷം രൂപയാണ് സർക്കാർ ധനസഹായം പ്രഖ്യാപിച്ചത്. മത്സ്യ ഫെഡിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഏത് തൊഴിലാളിക്കും കടലിൽ വച്ച് മരണപ്പെട്ടാൽ ലഭിക്കേണ്ട തുക അഞ്ചു ലക്ഷമാണ്. തങ്ങളുടെ വരുമാനത്തിൽനിന്ന് അവർ അടക്കുന്ന ഇൻഷുറൻസ് തുകയാണ് ബാക്കി അഞ്ചു ലക്ഷം. ചുരുക്കത്തിൽ പത്തുലക്ഷം രൂപ മാത്രമാണ് ഒരു മൽസ്യത്തൊഴിലാളിക്കായി സർക്കാർ വകയിരുത്തിയത്.

പലയിടത്തുനിന്നായി കോടികളാണ് സർക്കാർ ഖജനാവിലേക്ക് ഓഖിയുടെ പേരിൽ പിരിഞ്ഞു കിട്ടിയത്. കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരുടെ രണ്ടുദിവസത്തെ വേതനം, മന്ത്രിമാരുടെ ഒരുമാസത്തെ വേതനം, മറ്റ് സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിൽനിന്ന് ഖജനാവിലേക്കെത്തിയ കോടിക്കണക്കിനു രൂപ, കേന്ദ്ര സർക്കാർ ലഭ്യമാക്കിയ, ഇനി ലഭ്യമാക്കുന്ന അടിയന്തിര ധനസഹായം, വിവിധ സഭകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സന്നദ്ധ സംഘടനകളിൽനിന്നും ലഭ്യമായിട്ടുള്ളവ. ഇങ്ങനെ ഓഖിയുടെ പേരിൽ കേരളത്തിൽ മാത്രം കോടിക്കണക്കിനു രൂപയുടെ വിനിമയങ്ങളാണ് നടന്നത്. എന്നാൽ പതിനയ്യായിരം രൂപയാണ് പരിക്ക് പറ്റി തിരിച്ച വന്നവർക്ക് സർക്കാർ നൽകിയത്. ആശുപത്രി ചിലവുകൾക്കുപോലും ഈ തുക തികഞ്ഞിരുന്നില്ല എന്നാണ് ആശുപത്രിവിട്ട മത്സ്യത്തൊഴിലാളികൾ പറഞ്ഞത്.

തിരിച്ചുവന്നവർ ഇപ്പോഴും ആ ദുരന്തത്തിന്റെ ഓർമ്മകളിൽനിന്ന് മുക്തരായിട്ടില്ല. ഇപ്പോഴും കടലിൽപോകാൻ ഭയന്ന് വീട്ടിൽ കഴിയുകയാണ് പലരും. ഉറക്കത്തിൽ കുഞ്ഞിന്റെ കാൽ ദേഹത്ത് വീഴുമ്പോൾ, കടലിന്റെ ഒച്ച കേൾക്കുമ്പോൾ, കടൽ കാണുമ്പോൾ എല്ലാം പേടിയാണ്. ഒപ്പമുണ്ടായിരുന്നവർ കണ്മുന്നിൽവച്ച് മുങ്ങിത്താഴുന്നതു നോക്കിനിൽക്കേണ്ടി വന്നതിന്റെ, നാലും അഞ്ചും ദിവസം ഉപ്പുവെള്ളം കുടിച്ച് മരത്തടിയിൽ പിടിച്ച് ഒഴുകി നടന്നതിന്റെ, മരം കോച്ചുന്ന തണുപ്പിന്റെ, മരണത്തെ മുഖാമുഖം കണ്ടതിന്റെ ഭയങ്ങൾ ഇപ്പോഴും വിട്ടുമാറിയിട്ടില്ല. ഇത്രയും വലിയൊരു ദുരന്തം നടന്നിട്ടും ഇതുവരെ ഇതിനെക്കുറിച്ച് പഠിക്കാനോ അന്വേഷിക്കാനോ ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. മാനസികമായി ഇവർക്കേറ്റ ആഘാതത്തിന്റെ തീവ്രത തിരിച്ചറിയാനോ കൃത്യമായ കൗൺസിലിംഗ് നൽകാനോ ആരെയും നിയമിച്ചിട്ടില്ല.

ഓഖിയിൽ പണിസാധനങ്ങൾ നഷ്ടമായവരുടെ അവസ്ഥയും ഇതിൽനിന്നൊട്ടും ഭിന്നമല്ല. ലക്ഷങ്ങൾ മുടക്കി ബോട്ട് വാങ്ങിയവരിൽ പലരും ഇപ്പോൾ ജീവിക്കാൻ മർഗ്ഗമില്ലാത്ത അവസ്ഥയിലാണ്. പരിക്കുപറ്റിയവർക്ക് നൽകിയ അത്രയും തുകയാണ് സാധനങ്ങൾ നഷ്ടമായവർക്കും നൽകിയിട്ടുള്ളത്. കടം വാങ്ങിയും ലോണെടുത്തുമാണ് അവരും വള്ളവും വലയും വാങ്ങിയത്. പണിയെടുത്ത് വീട്ടാമെന്ന പ്രതീക്ഷയിലാണ് അവരും ജീവിച്ചത്. ഓഖി ഇല്ലാ

താക്കിയത് ആ സ്വപ്നങ്ങൾ കൂടിയാണ്. കടം വീട്ടാനായി ചെന്നൈയിലെ ബേക്കറിയിൽ ദിവസക്കൂലിക്ക് ജോലി ചെയ്യുന്ന ബോട്ട് മുതലാളിമാരുണ്ട്, പൂന്തുറയിലും വലിയതുറയിലുമെല്ലാം.

സംസ്ഥാന സർക്കാർ സമഗ്രമായ പുനരധിവാസ പദ്ധതി വാഗ്ദാനം ചെയ്തിരുന്നു, ഇരകളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, ലൈഫ് മിഷൻ പ്രകാരം പുതിയ വീടുകൾ, മെച്ചപ്പെട്ട മുന്നറിയിപ്പ് സംവിധാനങ്ങൾ തുടങ്ങിയവയൊക്കെ. എന്നാൽ അതൊന്നും പാലിക്കപ്പെട്ടില്ല. ഈ അടുത്ത കാലംവരെ ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞ കുടുംബങ്ങളുണ്ട്. പുനർഗേഹമെന്ന പേരിൽ ഫ്ലാറ്റിൽ ഇടം ലഭിച്ച മറ്റുള്ളവർക്ക് അവരുടെ പേരിൽ നിർമ്മിച്ച വീടുകളുടെ ഉടമസ്ഥാവകാശം ഇതുവരെയും ലഭിച്ചിട്ടില്ല. പലർക്കും, നഷ്ടം സാമ്പത്തികം മാത്രമല്ല, അത് സാംസ്കാരികവും ആത്മീയവുമായിരുന്നു. ഒരുകാലത്ത് സുഹൃത്തും ദാതാവുമായിരുന്ന കടൽ ഭയപ്പെടേണ്ട ഒന്നായി മാറി. “ഞങ്ങൾ ഇപ്പോഴും കടലിൽ പോകുന്നു, പക്ഷേ ഞങ്ങൾ ഇപ്പോൾ അതിനെ വിശ്വസിക്കുന്നില്ല” എന്നാണ് യുവ മത്സ്യത്തൊഴിലാളികളുടെ ഇപ്പോഴത്തെ പക്ഷം.

ഓഖിക്ക് ആറ് വർഷത്തിന് ശേഷം നടത്തിയ പഠനത്തിൽ, ഓഖിയെ അതിജീവിച്ചവരിൽ പലരും പോസ്റ്റ്-ട്രോമാറ്റിക് സമ്മർദ്ദവും വിഷാദവും അനുഭവിക്കുന്നതായി കണ്ടെത്തി. ചില പുരുഷന്മാർ കടലിൽ പോകുന്നത് പൂർണ്ണമായും നിർത്തി. മറ്റുള്ളവർക്ക് മദ്യപാന പ്രശ്നങ്ങൾ ഉണ്ടായി അല്ലെങ്കിൽ പൂർണമായ ഡിപ്രഷനിലേക്ക് പിൻവാങ്ങി. ഇത് തിരിച്ചറിഞ്ഞ സഭ, ഇടവക വൈദികരും സന്നദ്ധപ്രവർത്തകരും വഴി അനൗപചാരിക കൗൺസിലിംഗ് ആരംഭിക്കുകയുണ്ടായി.

ഓഖി മരണത്തിന്റെ മാത്രം കഥയല്ല, അതിജീവനത്തിന്റേതുകൂടിയാണ്- കടലിന്റെ നിഴലിൽ ജീവിക്കാൻ പഠിച്ച സ്ത്രീകളുടെ. കടലുകൊണ്ട് മുറിവേറ്റ് വിധവകളായവർ ചെറുകിട മത്സ്യക്കച്ചവട ബിസിനസുകൾ ആരംഭിച്ചു. അവർ സ്വയംസഹായ സംഘങ്ങളിൽ ചേരുകയും മൈക്രോ ലോണുകളെടുത്ത് ജീവിതം കരുപ്പിടിപ്പിക്കാൻ തുടങ്ങുകയും ചെയ്തെങ്കിലും കാറ്റ് കാലംതെറ്റി വീശുമ്പോൾ കടലിന് ഇത്തിരി പൊക്കം വച്ചുതുടങ്ങുമ്പോൾ ഒക്കെ അവരുടെ നെഞ്ചിൽ ഇടിവെട്ടുന്നത് തുടരുകയാണ്.

ചുഴലിക്കാറ്റുകൾക്ക് ഒരു സാധ്യതയുമില്ലാതിരുന്ന കേരള തീരത്തേക്ക് ഓഖി വന്നുപോയിട്ട് ഇത്രയും നാളായിട്ടും ഇപ്പോഴും പഠനങ്ങൾ വന്നിട്ടില്ല, കേരള തീരത്തുണ്ടായ ചുഴലിയുടെ കാരണങ്ങളെക്കുറിച്ചും, ചുഴലിക്കാറ്റ് തീരത്തിനുണ്ടാക്കിയ ആഘാതങ്ങളുടെ തോതിനെക്കുറിച്ചും. ചുഴലിക്കാറ്റുണ്ടായതിനുശേഷം കടലിന്റെ അടിത്തട്ടിന് ധാരാളമായി സ്വഭാവമാറ്റങ്ങളുണ്ടായിരിക്കുന്നതായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പലപ്പോഴായി സൂചിപ്പിച്ചിട്ടും കടലിനെ ഒഴിവാക്കി കരയിൽ മാത്രം ഗവേഷണപരീക്ഷണങ്ങൾക്ക് നേതൃത്വം നൽകുന്ന പൊതുസമൂഹത്തിന്റെ ശാസ്ത്ര സംവിധാനങ്ങൾ ചെറുവിരലനക്കി പഠിച്ചിട്ടില്ല, ചുഴലിക്കുശേഷം മാറ്റംവന്ന കടൽ സ്വഭാവത്തെക്കുറിച്ച്... അതിനെക്കുറിച്ചൊരു പഠനവുമില്ല, റിപ്പോർട്ട് കൊടുക്കലുമില്ല. എന്നാൽ കടലിന്റെ അടിത്തട്ടിൽ വൻതോതിലുള്ള മാറ്റങ്ങൾ നടക്കുന്നു എന്ന പരമ്പരാഗത കടലുണിക്കാരുടെ ചൊല്ലിനെ മറികടന്നുകൊണ്ട് പാറ കിട്ടാനില്ലെങ്കിലും മലകളാകെയിടിച്ച് കടലിൽ കൊണ്ടിടുന്ന 'കടലിൽ കല്ലിടൽ' പ്രക്രിയ സർക്കാരിന്റെ സ്പോൺസർഷിപ്പിൽ ഇപ്പോഴും നിർബാധം നടന്നു പോരുന്നു. ഒരു ജനതയുടെ മുഴുവൻ രാപ്പകൽ പട്ടിണിസമരങ്ങളെയും പ്രതിഷേധങ്ങളെയും അവഗണിച്ചുകൊണ്ട് സർക്കാർ ചെലവിൽ കടൽതുരക്കലും തുറമുഖ വികസന പ്രവർത്തനങ്ങളും നിർബാധം തുടരുകയാണ്. യൂണിയൻ സർക്കാർ ഉയർത്തുന്ന ബ്ലൂ എക്കോണമിയുടെ പ്രശ്നങ്ങൾ മറ്റൊരു കൊടുംവാളായി ഈ കടൽ മനുഷ്യരുടെ തലയ്ക്ക് മുകളിൽ വേറെതന്നെ തൂങ്ങിക്കിടപ്പുണ്ട്.

ഓഖി അവശേഷിപ്പിക്കുന്ന ചോദ്യങ്ങൾ നിരവധിയാണ്. ഇനിയുമൊരു ഓഖിയുണ്ടായാൽ ദ്രുതഗതിയിലുള്ള രക്ഷാപ്രവർത്തനത്തിന് എന്ത് മെക്കാനിസം ആണ് സ്റ്റേറ്റിന്റെ കയ്യിലുള്ളത് എന്നതാണ് അതില് ഏറ്റവും പ്രധാനം. ഓഖിക്കു ശേഷം കേരളത്തിൽ സർക്കാർ അവതരിപ്പിച്ച മൂന്ന് മറൈൻ ആംബുലൻസുകൾ കൊണ്ടു വന്നപാടേ കട്ടപ്പുറത്താണ് എന്നത് പരസ്യമായ രഹസ്യമാണ്. സംസ്ഥാനംകണ്ട ഏറ്റവും വലിയ ദുരന്തമായിട്ടുകൂടി യൂണിയൻ ഗവണ്മെന്റിന്റെ എന്ത് തരം സഹായമാണ് ഓഖിയിൽ അകപ്പെട്ട മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ഉണ്ടായത് എന്നത് മറ്റൊരു ചോദ്യം. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുക കടലിൽ ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികളെയും തീരവാസികളെയുമാണ്. അതിനാൽ തന്നെ കാലവസ്ഥാ വ്യതിയാനങ്ങൾ മുന്നിൽക്കണ്ട് കടലിനെയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കാൻ ആവശ്യമായ നയരൂപീകരണം ഇനിയും ഉണ്ടായിട്ടില്ല. കടലിനെക്കുറിച്ച് ശാസ്ത്രസമൂഹങ്ങൾ നടത്തുന്ന പല പഠനങ്ങളും തെറ്റായി പരിണമിക്കുന്നതിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത അറിവുകളും അവരുടെ പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിൽ വിപുലമായ പദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. കേന്ദ്ര ഏജൻസികൾ നടത്തുന്ന കാലാവസ്ഥ പ്രവചനങ്ങൾ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ അപഹരിക്കുന്ന പശ്ചാത്തലത്തിൽ അവർക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ സത്വരമായ നടപടികൾ സ്വീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ സംവിധാനങ്ങൾ കടലിലും തീരത്തും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കടൽ ജീവിതവും തീരജീവിതവും കൂടുതൽ ദുഃസ്സഹമാക്കുമ്പോൾ കടലിനെയും കടൽ മനുഷ്യരെയും അവരുടെ ദൈനംദിന ഉപജീവനത്തെയും ബാധിക്കാത്ത പുതിയ സാങ്കേതിക വിദ്യകൾ രൂപകല്പന ചെയ്യപ്പെടേണ്ടതുണ്ട്.

കേരളത്തിലെ തദ്ദേശീയ കടൽ സമൂഹത്തെ സംബന്ധിച്ചിടത്തോളം, കടൽ വെറും ഭൂമിശാസ്ത്രമല്ല - അത് അവരുടെ വംശപരമ്പര, സമ്പദ്‌വ്യവസ്ഥ, ദൈവശാസ്ത്രം എന്നിവയൊക്കെയാണ്. അവർ അതിനെ കടലമ്മ എന്നാണ് ഇപ്പോഴും വിളിക്കുന്നത്. ഏതൊരു അമ്മയെയുംപോലെ, അവൾക്ക് വളർത്താനും നശിപ്പിക്കാനും ക്ഷമിക്കാനും മറക്കാനും കഴിയും, പക്ഷേ ഒരിക്കലും ഉപേക്ഷിക്കില്ല എന്ന വിശ്വാസം അവർക്കുണ്ട്.

ഓഖി ദുരന്തത്തിനുശേഷം ഇനിയുമൊരു ചേലുകേടിന് മത്സ്യത്തൊഴിലാളികൾ വീണ്ടും തങ്ങളുടെ വള്ളങ്ങൾ കടലിലേക്ക് ഇറക്കും, നിശബ്ദമായി പ്രാർത്ഥിക്കും, ഒരിക്കൽ തങ്ങളെ ഒറ്റിക്കൊടുത്ത കടലിനെ വിശ്വസിക്കും. അവർ അത് ചെയ്യുന്നത് അജ്ഞത കൊണ്ടല്ല. അവരുടെ വിശ്വാസത്തിൽ നിന്നാണ് – അതിജീവനം തങ്ങളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ഒന്നാണെന്നും എത്ര ക്രൂരമായാലും ഒരു കൊടുങ്കാറ്റിനും കടലിലേക്ക് മടങ്ങുന്നവരുടെ ധൈര്യം ഇല്ലാതാക്കാൻ കഴിയില്ലെന്നും ഈ കടൽ മനുഷ്യർക്ക് നല്ല ബോധ്യമുണ്ട്.

•

ടാക്കീസ്





# വൈറൽ എന്ന പ്രയോഗത്തിന്റെ മനഃശാസ്ത്രം

## (തിയേറ്റർ എന്ന സിനിമയെക്കുറിച്ച്)

സുനിൽ സി. ഇ

പുതിയ ജനപ്രിയതയ്ക്കു മലയാളി കൊടുത്ത ഓമനത്തം തുളുമ്പുന്ന പദമാണ് വൈറൽ എന്നത്. അതിൽ ഉള്ളടക്കം ഉണ്ടോ ഇല്ലയോ എന്നുള്ളത് ഒരു പ്രധാന കാര്യമൊന്നുമല്ലാതായി തീർന്നിട്ടുണ്ട്. നടന്ന സംഭവം അഥവാ സ്വാനുഭവം - അതിനെ സത്യം എന്നതിലപ്പുറം ഒരു നിശ്ചിത സമയഖണ്ഡത്തിൽ സംഭവിച്ചതിനെ ശാശ്വതീകരണത്തിലേക്ക് പ്രവേശിപ്പിക്കുകയാണ് ചില സിനിമകൾ ചെയ്യുന്നത്. എല്ലാ വൈറൽ കട്ടുകളും ജൈവികമല്ല. ചിലത് സാങ്കേതികത മുറ്റി നിൽക്കുന്ന പൊതുബോധത്തിന്റെ നിദർശനങ്ങളാക്കപ്പെടുകയാണ് ചെയ്യുന്നത്. മലയാളി നേരിട്ടുകൊണ്ടിരിക്കുന്ന ചില നേർചിത്രങ്ങളുടെ ആഖ്യാനമാണ് സജിൻ ബാബു സംവിധാനം നിർവ്വഹിച്ച 'തിയേറ്റർ' എന്ന സിനിമ. ഒരു ഹോളിവുഡ് സിനിമയുടെ കെട്ടും മട്ടും സ്വാംശീകരിച്ച ഈ സിനിമ ആകൃഷ്ടതരം ആകുന്നതിൽ അത്ഭുതമില്ല. സമൂഹമാധ്യമങ്ങളുടെ ആധിപത്യത്തിനു ശേഷം ഇവിടെ സംഭവിക്കുന്ന ചില കാര്യങ്ങളുടെ യഥാർത്ഥ ഉള്ളടക്കത്തെ വെല്ലുന്ന പുതിയ ഉള്ളടക്കങ്ങൾ ഉണ്ടാകുകയും, ആ പാറ്റേണിനെ അന്ധമായി അനുകരിച്ച് അതേ മട്ടിലുള്ള മറ്റ് ഉല്പന്നങ്ങൾ ഉണ്ടാക്കി വൈറലാക്കുന്ന ഒരു നടപ്പുരീതി ഇവിടെയുണ്ട്. സജിന്റെ തിയേറ്ററിന് ഒരു ഡോക്യുമെന്ററി സ്വഭാവമാണുള്ളത്. പക്ഷേ അപ്പോഴും ഉള്ളടക്കത്തിന്റെ ജൈവികതകൊണ്ട് അതൊരു ഫീച്ചർ സിനിമയായി മാറുകയാണ്. കേരളത്തിൽ സർപ്പക്കാവുകൾ എങ്ങനെയുണ്ടായി എന്ന വിവരണത്തോടെയാണ് സിനിമ അതിന്റെ ചാപ്റ്റർ തുറക്കുന്നത്. കാലാകാലങ്ങളായി കൈമാറി വരുന്ന ഈ സർപ്പക്കാവുകഥകളെ ബൗദ്ധിക സാധ്യതകൾക്ക് അടപ്പിട്ട് വിശ്വസിക്കുന്ന ഒരു അമ്മയും മകളുമാണ് ഇതിലെ കേന്ദ്രകഥാപാത്രങ്ങൾ. അവർ വസിക്കുന്ന ഇല്ലിക്കൽ ദ്വീപ് ആ തുരുത്തിൽ പുറത്തെ മറ്റു മനുഷ്യർക്ക് ദുരുഹവും ഗൂഢവുമാണ്. ശാപത്തിന്റെ കരിനിഴൽ പതിച്ച ഇടം എന്ന മിത്ത് നിലനിൽക്കുന്നതിനാൽ ചുറ്റുവട്ടത്തെ മനുഷ്യർ ഇവരുടെ സൗഹൃദ വലയത്തിൽ ഉൾപ്പെടാൻ വിസമ്മതിക്കുന്നു. അതിനാൽതന്നെ ഏറ്റവും വിസ്തീർണ്ണമുള്ള ആ വസ്തുവിലെ പുറത്തെ ജോലികൾ ചെയ്യാൻ മീരതന്നെ മുന്നിട്ടിറങ്ങുന്നു. ഏറ്റവും അത്യന്താപേക്ഷിതമായ കാര്യങ്ങൾ വരുമ്പോൾ മാത്രമാണ് ഈ അമ്മയും മകളും പുറംലോകവുമായി കണക്കിവിറ്റി സൂക്ഷിക്കുന്നത്. ഈവിധമായ സ്വകാര്യ ജീവിതവുമായി മുന്നോട്ടുപോകുന്ന മീരയുടെ ദുരൂഹനീക്കങ്ങളെ ഒരു വ്ളോഗർ പകർത്തുകയാണ്. ഇവിടെ ഏറ്റവും സ്വകാര്യമായി മീര നടത്തിയ തെങ്ങുകയറ്റത്തിന്റെ ദൃശ്യങ്ങളെ വ്ളോഗർ പകർത്തി

വൈറലാക്കുകയാണ്. അതോടെ മീരയും അമ്മയും തുരുത്തിനുള്ളിൽ നയിച്ചിരുന്ന സ്വകാര്യജീവിതം പരസ്യമാകുകയും അവർ പുറത്തേക്കു വരാൻ നിർബന്ധിതരാകുകയും ചെയ്യുന്നു.

### സ്വകാര്യതയുടെ മരണം

നമുക്ക് പരിചയമുള്ള സിനിമാക്കഥയല്ല ഇതിനുള്ളിൽ. പക്ഷേ നമുക്ക് ഏറ്റവും പരിചിതമായ അനുഭവങ്ങളാണിതിലുള്ളത്. നായകന്റെ സംഘർഷാത്മക മെലോഡ്രാമകളില്ല. സാമ്പ്രദായിക സിനിമയുടെ ദൃശ്യചാരുതകൾ നിബന്ധിച്ചിട്ടില്ല. പക്ഷേ അപ്പോഴും പൊതുസൈക്കിനെ തൃപ്തിപ്പെടുത്തുന്ന ചിലത് സിനിമ കൈമാറുന്നുണ്ട്. സ്വകാര്യതയ്ക്കായി പൊരുതുന്നതിന്റെ അവ്യയാംശങ്ങളെ ത്രസിപ്പിച്ചു നിർത്തുന്ന തിയേറ്റർ നമ്മുടെ പുതിയ സാമൂഹ്യശാസ്ത്രത്തിന്റെ പരിക്കുകളെ പ്രതിരോധ വർണ്ണലിപിയാലങ്കിതമായ ഏട് കൊണ്ട് പൂരിപ്പിക്കുകയാണിവിടെ. ഒരാളുടെ സ്വകാര്യതയെ തുരത്തുകയും വ്യക്തിത്വത്തെ തുറസ്സാക്കുകയും ചെയ്യുന്ന മുഴുവൻ ന്യൂ മീഡിയ പ്രവണതകളെയും സിനിമ അഡ്രസ് ചെയ്യുന്നുണ്ട്. ഒറ്റപ്പെട്ട സ്വസ്ഥമായി ജീവിക്കുന്നവരുടെ സങ്കലന വ്യവകലനങ്ങളെ ഒരു ക്യാമറ തിരഞ്ഞുപോകുകയും അയാളുടെ ഫിസിയോളജിയും ജെനറ്റിക്സും ഉൾപ്പെടുന്ന എല്ലാ ആന്തരിക / ബാഹ്യ സ്വഭാവങ്ങളെയും വലിച്ചു പുറത്തിടുന്ന വിധികല്പിതമലംഘനീയം എന്ന നിയതിവാദം ശക്തി പ്രാപിക്കുകയാണിവിടെ.

എല്ലാ സ്വകാര്യതകളും അവനവന്റെ ക്രിയാപടുത്വമാണ്. അതിനെ വിനോദമൂല്യങ്ങളിൽ അധിഷ്ഠിതമായ മൂലകങ്ങളാക്കി മാറ്റാൻ സ്വകാര്യതകളെ പോക്കറ്റ് ടെലിവിഷനുകളിലേക്ക് കയറ്റി അയയ്ക്കുന്ന വിധത്തെയാണ് സജിൻ പങ്കുവയ്ക്കാൻ ശ്രമിക്കുന്നത്. ന്യൂ മീഡിയ കാലത്തിലെ ഏറ്റവും വലിയ തട്ടിപ്പുകളായ സോഷ്യൽ മീഡിയ ചാരിറ്റി ക്യാമ്പയിൻ, ക്രൗഡ് ഫണ്ടിങ് സിനിമാപിടുത്തം, പൊള്ളയായ സോഷ്യൽ മീഡിയ ഉള്ളടക്കങ്ങൾ എല്ലാം ഈ സിനിമയിൽ ഒളിഞ്ഞും തെളിഞ്ഞുമെത്തുന്നുണ്ട്. യാഥാർത്ഥ്യങ്ങളിൽനിന്ന് നിരവധി കാര്യങ്ങൾ അകലെയാണ് ന്യൂ മീഡിയ നിർമ്മിച്ചെടുക്കുന്ന ജീവിതങ്ങളുടെ അകംപൊരുളുകൾ എന്ന് കൃത്യമായി തൊട്ടുകാണിക്കുന്ന ചിലതും ഈ സിനിമയെ സമകാലികമാക്കുന്നു.

### അനുബന്ധം

തിയേറ്ററിന്റെ ജനസമ്മതിയുടെ കാതൽ വ്ളോഗ് ഉല്പന്നം എന്ന വിനോദമൂലകം ആണെന്ന് വാദിച്ചാൽത്തന്നെ അതിലപ്പുറം ചില കാര്യങ്ങൾ ഈ സിനിമയുടെ വിജയം നിർവ്വഹിക്കുന്നുണ്ട് എന്ന സത്യവും അംഗീകരിക്കേണ്ടതുണ്ട്. ഈ കാലഘട്ടത്തിൽ ഈ പ്രമേയം ആവേശം കൊള്ളിച്ചിരിക്കുന്നുവെന്നു പറയാൻ ഒരു കാരണം - 'വിവരവിസ്ഫോടനങ്ങളുടെ കാലത്ത് യാഥാർത്ഥ്യത്തെപ്പോലും കെട്ടുകഥയാക്കി, ചരിത്രത്തെ അപനിർമ്മിക്കുന്ന രീതി വിർച്വൽ ലോകം തുറന്നിടുന്നു. ഈ യാഥാർത്ഥ്യം നേരിട്ട് പങ്കുവയ്ക്കുന്ന ഒരു സിനിമ എന്ന നിലയ്ക്ക് സജിൻ ബാബുവിന്റെ 'തിയേറ്റർ' സാമൂഹിക ഉത്കണ്ഠയെന്ന നിലയിലും കാലിക യഥാർത്ഥ്യമെന്ന നിലയിലും കൂടുതൽ വായനകൾ ആവശ്യപ്പെടുന്നു. •

---

## വചന ✝ ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2025 ഡിസംബർ മാസത്തെ ഉപയോഗത്തിനായി അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്




**1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം**

**2. ആമുഖം**

നമ്മുടെ മനസ്സുകളിൽ പ്രത്യാശയുടെ കളിരേകി ഓർമ്മകളുടെയും സ്വപ്നങ്ങളുടെയും ആഘോഷ രാവുകളിലേക്ക് നമ്മെ ക്ഷണിക്കുകയാണ് ഡിസംബർ മാസം.

### I. ജൂബിലിവർഷ സമാപനം

ആത്മീയ നവീകരണത്തിലൂടെയുള്ള പ്രത്യാശയിലേക്ക് തീർത്ഥാടനം ചെയ്തുകൊണ്ട് നാം 2026 ജനുവരി 6-ാം തീയതി ജൂബിലിവർഷ സമാപനത്തിനായി ഒരുങ്ങുന്നു. ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച 2025-ലെ ജൂബിലി വർഷത്തിന്റെ പ്രമേയം, "പ്രത്യാശയുടെ തീർത്ഥാടകർ" എന്നതായിരുന്നല്ലോ. ഓരോ വിശ്വാസിയും ഈലോക ജീവിത യാത്രയിൽ പ്രത്യാശയുടെ "സഞ്ചരിക്കുന്ന തീർത്ഥാടകരാണ്" എന്ന സത്യം വിളിച്ചോതുന്ന പ്രസ്തുത ആശയം. ജൂബിലി വർഷം പ്രഖ്യാപിച്ചുകൊണ്ട് പാപ്പ പുറത്തിറക്കിയ തിരുവെഴുത്തിന്റെ പേര് "Spes Non Confundit" (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല) എന്നാണ്. ഇത് ക്രിസ്തീയ പ്രത്യാശയുടെ ഉറപ്പാണ് അടിവരയിടുന്നത്.

ഈ ലോകം യുദ്ധം, ദാരിദ്ര്യം, കാലാവസ്ഥാ പ്രതിസന്ധി തുടങ്ങിയ പ്രശ്നങ്ങളിൽ വലയുമ്പോൾ, മനസു തളരാതെ പ്രത്യാശയിൽ നവീകരിക്കപ്പെടുവാൻ പാപ്പ നമ്മെ ഓർമിപ്പിക്കുന്നു. ദരിദ്രരെ സഹായിക്കാനും, കടബാധ്യതകൾ ഇളവ് ചെയ്തുകൊടുക്കാനും, സമാധാനത്തിനായി പ്രവർത്തിക്കാനും, നമ്മുടെ പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കാനും നമുക്ക് പ്രതിജ്ഞാബദ്ധരാകാം. ആർഭാടങ്ങളെക്കാൾ ഉപരി ആത്മീയ നവീകരണത്തിലൂടെ ഉപവി പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന ഒരു ജൂബിലി വർഷ സമാപന ആഘോഷത്തിനായ് പ്രാർത്ഥനയോടെ നമുക്കൊരുങ്ങാം.

### II. ക്രിസ്തുമസ് (തിരുപ്പിറവി ആഘോഷം)

പുൽമേട്ടിലെ പുൽനാമ്പിൻ മൗനംപോലും സ്നേഹത്തിൻ സുവിശേഷം പാടി, സ്വർഗം ഭൂമിയോട് ചേർന്ന പുണ്യനിമിഷമാണ് ക്രിസ്തുമസ്. തന്റെ ഏകജാതനെ നൽകുവാൻതക്ക വണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. പാപത്തിന്റെ ഇരുൾ നീക്കി രക്ഷയുടെ പുലരി സമ്മാനിച്ച ക്രിസ്തുമസ് രാവിനായി ഒരിക്കൽക്കൂടി നാം ഒരുങ്ങുകയാണ്.

വെളിച്ചം ഉള്ളിലാണെന്ന് ഓതുന്ന പ്രത്യാശയുടെ തിരിനാളവും, ശാന്തതയ്ക്കായുള്ള ദാഹം നൽകുന്ന സമാധാനത്തിന്റെ തിരിനാളവും, ചെറിയ കാര്യങ്ങളിലും സംതൃപ്തി കണ്ടെത്തുന്ന സന്തോഷത്തിന്റെ തിരിനാളവും, എന്നിലെ ഈശ്വര ചൈതന്യം അപരനിലേക്ക് പകരുന്ന സ്നേഹത്തിന്റെ തിരിനാളവും നമ്മിൽ ജ്വലിപ്പിക്കുവാനുള്ള ക്ഷണമാണ് തിരുപിറവി മുന്നോട്ടുവയ്ക്കുന്നത്. 'ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ സുവിശേഷമാണ് പുൽക്കൂട്' എന്ന് ഫ്രാൻസിസ് പാപ്പ തന്റെ "Admirabile Signum" എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ പറഞ്ഞത് നമുക്ക് ഹൃദയത്തിൽ സ്വീകരിക്കാം.

## III. പുതുവത്സരാഘോഷം

കൃതജ്ഞതാനിർഭരമായ ഓർമ്മകളുമായി നല്ല നാളേക്കുവേണ്ടിയുള്ള പ്രത്യാശയുടെ പുത്തൻ അധ്യായങ്ങൾ തുറക്കുന്ന ഒരു നവവത്സരം. പുതിയ സ്വപ്നങ്ങളും, പുതിയ തീരുമാനങ്ങളുമായി പുതിയ ഒരു വർഷത്തെ സ്വീകരിക്കാൻ സമയമാകുന്നു. സ്നേഹബന്ധങ്ങൾ കൂടുതൽ ദൃഢമാക്കാനും, സന്തോഷത്തോടെ ഒരുമിച്ച് മുന്നോട്ട് പോകാനും, കഴിഞ്ഞ വർഷത്തെ എല്ലാ പ്രതിസന്ധികളിലുംനിന്ന് പാഠമുൾക്കൊണ്ട്, പ്രത്യാശയുടെ തിളക്കമുള്ള നാളുകളിലേക്ക് കാൽവയ്പ്പ് നടത്താനും നമുക്ക് കഴിയട്ടെ.

**3. യേശുവിനെ ക്ഷണിക്കൽ**
**4. ദൈവവചന പാരായണം: യോഹന്നാൻ 19:31-37**
**5. വചനഭാഗം പങ്കുവയ്ക്കൽ**
**6. നിശബ്ദധ്യാനം**
**7. വചനാനുഭവം പങ്കുവയ്ക്കൽ**
**8. വചനവിചിന്തനം**

പ്രിയമുള്ളവരെ, പ്രത്യാശയുടെ ജൂബിലി വർഷത്തിന്റെ സമാപ്തിയിലേയ്ക്ക് നാം നീങ്ങുകയാണല്ലോ. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ ജൂബിലിയെക്കുറിച്ച് നാം കുടുംബ കൂട്ടായ്മകളിൽ ധ്യാനിച്ച് വരുകയാണ്. ഡിസംബറിൽ "അവിടുന്ന് നമ്മെ സ്നേഹിച്ചു (Delexit Nos)" എന്ന ഫ്രാൻസിസ് പാപ്പയുടെ ചാക്രിക ലേഖനം നമുക്ക് ധ്യാനിക്കാം. ജൂബിലി വർഷം പ്രഖ്യാപിച്ചതിന്റെ 4 പശ്ചാത്തലങ്ങളിൽ ഒന്ന് ഈ ലേഖനങ്ങളിലൂടെയാണ് ഫ്രാൻസിസ് പാപ്പ വ്യക്തമാക്കിയത്. ക്രിസ്തുമസിന്റെ പുണ്യം നിറഞ്ഞുനിൽക്കുന്ന ഈ സമയം, യേശുവിന്റെ സ്നേഹം നിറഞ്ഞു കവിയുന്ന ഹൃദയത്തെ കൂടുതൽ മനസിലാക്കാനായി പരിശ്രമിക്കാം.

**ചാക്രിക ലേഖനത്തിൽ നിന്നുള്ള ആശയങ്ങൾ**

> എല്ലാ ജീവിജാലങ്ങളുടെയും ശരീരത്തിലെ നടുഭാഗം, കേന്ദ്രഭാഗം ഹൃദയം തന്നെ.

> ക്രിസ്തുവിന്റെ സ്നേഹത്തെ ആഴത്തിൽ ഗ്രഹിക്കാൻ ഹൃദയത്തെയാണ് പ്രതീകമായി എടുക്കുന്നത്.

> യേശു ഹൃദയംകൊണ്ട് എല്ലാവരെയും തൊട്ടു.

> യേശുവിന്റെ ഹൃദയം യഥാർത്ഥ വികാരങ്ങൾ പ്രകടിപ്പിക്കുന്നതാണ്.
*ആർദ്ര സ്നേഹം - നായീമിലെ വിധവയുടെ മകൻ (ലൂക്കാ. 7:11-17)
*ആഴമായ കരുണ - വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ (യോഹ. 8:1-11)
*കൂട്ടുചേരുന്ന ദുഃഖം - മാർത്ത, മറിയം, ലാസർ (യോഹ. 11:28-37)

> രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു, "നമുക്കെല്ലാവർക്കും ഹൃദയത്തിന്റെ മാറ്റം ആവശ്യമാണ്. ഇന്ന് ലോകത്തെ ബാധിക്കുന്ന അസന്തുലിതാവസ്ഥ യഥാർഥത്തിൽ മനുഷ്യഹൃദയത്തിൽ വേരൂന്നിയ ആഴത്തിലുള്ള അസന്തുലിതാവസ്ഥയുടെ അടയാളമാണ്."

> അപ്പസ്തോലന്മാരുടെ പ്രേഷിത ചൈതന്യത്തെ ജ്വലിപ്പിച്ചത് കുത്തിതുറക്കപ്പെട്ട യേശുവിന്റെ ഹൃദയം തന്നെയാണ്.

> ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ സഹോദരങ്ങളിലേക്ക് വ്യാപിപ്പിക്കുക.

> 1 യോഹ. 3:14 - "സഹോദരനെ സ്നേഹിക്കുന്നതുകൊണ്ട് നാം മരണത്തിൽനിന്ന് ജീവിനിലേക്ക് കടന്നിരിക്കുന്നു എന്ന് നാമറിയുന്നു."

> ക്രിസ്ത്യാനികൾ പ്രകടിപ്പിച്ച സഹോദരസ്നേഹം വിജാതീയ രാജാക്കന്മാരെപ്പോലും അത്ഭുതപ്പെടുത്തി.

റോമാൻ ചക്രവർത്തിയായ ജൂലിയാൻ തന്റെ കത്തുകളിൽ ഒന്നിൽ ക്രൈസ്തവർ എന്തുകൊണ്ടാണ് ആദരിക്കപ്പെടുകയും അനുകരിക്കപ്പെടുകയും ചെയ്തതെന്ന് എടുത്തുപറയുന്നുണ്ട്. സാധാരണ അവഗണിക്കപ്പെടുകയും നിന്ദ്യരായി പരിഗണിക്കപ്പെടുകയും ചെയ്ത ദരിദ്രരെയും അപരിചിതരെയും അവർ സഹായിച്ചു. താൻ വെറുത്തിരുന്ന ക്രൈസ്തവർ, "അവരുടെ സ്വന്തം ആളുകളെ പോറ്റുന്നതിനു പുറമെ, നമ്മളിൽനിന്ന് ഒരു സഹായവും ലഭിക്കാത്ത ദരിദ്രരെയും ആവശ്യക്കാരെയും തീറ്റിപ്പോറ്റി" എന്നത് ജൂലിയാന് സഹിക്കാവുന്നതിലും ഏറെയായിരുന്നു. അതിനാൽ ക്രൈസ്തവരോട് മത്സരിക്കാനും അങ്ങനെ സമൂഹത്തിന്റെ ആദരവ് പിടിച്ചുപറ്റാനുംവേണ്ടി ധർമ്മസ്ഥാപനങ്ങൾ തുടങ്ങണമെന്ന് ചക്രവർത്തി നിർബന്ധം പിടിച്ചു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ; "ദൈവത്തോടുള്ള പുത്രോചിത സ്നേഹവും, അയൽക്കാരോടുള്ള സ്നേഹവും സംയോജിപ്പിക്കേണ്ടതുണ്ട്. വാസ്തവത്തിൽ ഇതാണ് രക്ഷകന്റെ ഹൃദയം ആവശ്യപ്പെടുന്ന യഥാർഥ പരിഹാരം."

പ്രാർഥിക്കാം - "യേശുവേ, ഞങ്ങളുടെ ഹൃദയം അങ്ങേ ഹൃദയം പോലെയാക്കേണമേ"

(വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

**> ഹൃദയപൂർവം വ്യക്തികളിലേക്ക്/സഹോദരങ്ങളിലേക്ക് കടന്നുചെല്ലാൻ നമുക്ക് എങ്ങനെ കഴിയും?**
**a. കുടുംബത്തിനുള്ളിൽ**
**b. ബിസിസി കുടുംബകൂട്ടായ്മയിൽ**
**c. ഇടവക കുടുംബത്തിൽ**

**9.ദൗത്യമേറ്റെടുക്കൽ**
**10. സ്വയം പ്രേരിതപ്രാർഥന**
**11. കർത്തൃപ്രാർഥന**
**12. സമാപനപ്രാർഥന**

## രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
2. വരവ് ചെലവ് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം
(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)
4. ചർച്ചയും പങ്കുവയ്ക്കലും;
5. ഹാജർ
6. രഹസ്യപ്പിരിവ്
7. അറിയിപ്പുകൾ
8. നന്ദി
9. സമാപനഗീതം ●

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## മതസൗഹാർദം നിലനിർത്തുക: തിരുവനന്തപുരം ലത്തീൻ അതിരൂപത രാഷ്ട്രീയകാര്യ സമിതി

തിരുവനന്തപുരം: കേരളത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദത്തിന് വിഘാതം സൃഷ്ടിക്കുന്നതിനും ന്യൂനപക്ഷങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്നതിനും കരുതിക്കൂട്ടിയുള്ള ഗൂഢാലോചനയുടെ ഭാഗമാണ് പള്ളുരുത്തി സെന്റ് റീത്താ സ്കൂളിൽ നടന്ന ഹിജാബ് വിഷയം. കാലാകാലങ്ങളായി പ്രസ്തുത സ്കൂളിൽ അനുവർത്തിച്ചുപോരുന്ന നയ സമീപനങ്ങളാണ് ഇപ്പോഴും തുടർന്നു വരുന്നത്. എന്നാൽ ചില തൽപരകക്ഷികളുടെ ആസൂത്രിതമായ ഇടപെടലുകളാണ് സംഭവത്തിന് പിന്നിലുള്ളതെന്ന് ബലമായി സംശയിക്കുന്നു. ഈ ഗൂഢാലോചനയുടെ നിജസ്ഥിതി കണ്ടെത്തി ഇതിന് ഉത്തരവാദികളായവരെ നിയമത്തിനു മുൻപിൽ കൊണ്ടുവരണമെന്ന് വിദ്യാഭ്യാസ വകുപ്പിനോടും സംസ്ഥാന സർക്കാരിനോടും തിരുവനന്തപുരം ലത്തീൻ അതിരൂപത രാഷ്ട്രീയകാര്യ സമിതി യോഗം ആവശ്യപ്പെട്ടു. കേരളത്തിൽ നിലനിൽക്കുന്ന മതസൗഹാർദത്തെ ഊട്ടിയുറപ്പിക്കുവാൻ എല്ലാവരും സന്നദ്ധരാകണമെന്ന് കേരള സമൂഹത്തോട് അതിരൂപത വികാരി ജനറൽ മോൺസിഞ്ഞൂർ യൂജിൻ H. പെരേരയുടെ അധ്യക്ഷതയിൽ കൂടിയ യോഗം അഭ്യർത്ഥിച്ചു.

## തിരുവനന്തപുരം സെന്റ്. ജോസഫ് സ്കൂൾ തുടർച്ചയായി നാലാം വർഷവും ജിംനാസ്റ്റിക്സിൽ സംസ്ഥാന ചാമ്പ്യന്മാർ; 9 വിദ്യാർഥികൾ ദേശീയ സ്കൂൾ ഗെയിംസിൽ



തിരുവനന്തപുരം: 67-ാമത് സംസ്ഥാന സ്കൂൾ ഗെയിംസ് മത്സരങ്ങളുടെ ഗ്രൂപ്പ് വൺ മത്സരങ്ങളിൽ തിരുവനന്തപുരം സെൻറ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ ജിംനാസ്റ്റിക്സ് ടീം തുടർച്ചയായി നാലാം വർഷവും സംസ്ഥാന ചാമ്പ്യന്മാരായി. ടീമംഗങ്ങളുടെ മികച്ച പരിശീലനവും പ്രകടനവുമാണ് ഈ സ്കൂളിനെ വീണ്ടും ഈ അപൂർവ നേട്ടത്തിന് അർഹമാക്കിയത്. കേരള ടീമിൽ ഇടം നേടിയ സെൻറ് ജോസഫ് സ്കൂളിലെ ഒൻപത് താരങ്ങളായ മിൻഹാജ് എസ്. സാജ്, ബിബിൻ ബി.എസ്, ശ്രീരാഗ് എസ് രാജേഷ്, ശിവപാൽ ജെ, ആദർശ് എസ്, റിയാൻ അലി കെ.പി, ഹരിഗോവിന്ദ് ജി.ആർ, രോഹിത് ആർ.ജി, ഇഷാൻ രാജ് സി. എന്നിവർ ദേശീയ സ്കൂൾ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിക്കും.

## സെന്റ്. സേവിയേഴ്സ് പ്രൈവറ്റ് ഐ.ടി.ഐ-യിൽ നടന്ന കോൺവോക്കേഷൻ ചടങ്ങ് അക്കാദമിക്, കായിക മികവുകളാൽ ശ്രദ്ധേയമായി



വലിയതുറ: സെന്റ് സേവിയേഴ്സ് പ്രൈവറ്റ് ഐ.ടി.ഐ-യിൽ നടന്ന കോൺവോക്കേഷൻ ചടങ്ങ് അക്കാദമിക്, കായിക മികവുകൾകൊണ്ട് ശ്രദ്ധേയമായി. ഡ്രാഫ്റ്റ്സ് മാൻ, സിവിൽ ട്രേഡ് തിയറി പരീക്ഷയിൽ നൂറിൽ നൂറ് മാർക്ക് നേടി സ്ഥാപനത്തിന് അഭിമാനമായ ശ്രീ. അൻസർ എസ്. ചടങ്ങിലെ മുഖ്യ ആകർഷണമായി. ഒക്ടോബർ 14, ചൊവ്വാഴ്ച നടന്ന കോൺവോക്കേഷൻ ചടങ്ങിൽ ദേശീയ തൊഴിൽ പരിശീലന കൗൺസിൽ (NCVT) നൽകുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റുകൾ (എൻ.ടി.സി) വിതരണം ചെയ്യുകയും ഉന്നത വിജയം കരസ്ഥമാക്കിയ ട്രെയിനികളെ അനുമോദിക്കുകയും ചെയ്തു. വിജയികളായ കായിക താരങ്ങളെയും ചടങ്ങിൽ അഭിനന്ദിച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

## പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് ബിഷപ് ക്രിസ്തുദാസ് ജ്ഞാനസ്നാനം നൽകി



പാളയം: വലിയ കുടുംബങ്ങൾ രൂപപ്പെടുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനം ക്രിസ്തുദാസ് പിതാവിന്റെ കാർമികത്വത്തിൽ നടന്നു. ഒക്ടോബർ 9 വ്യാഴാഴ്ച പാളയം സെൻറ് ജോസഫ്സ് മെട്രോപോളിറ്റൻ കത്തീഡ്രലിൽവച്ച നടന്ന ചടങ്ങിൽ അതിരൂപതയിലെ 11 പ്രോ-ലൈഫ് കുടുംബങ്ങളിലെ 12 കുഞ്ഞുങ്ങളാണ് തിരുസംഭാംഗങ്ങളായത്. തുടർന്ന് ജീവൻ സമൃദ്ധി പദ്ധതി പ്രകാരമുള്ള കുഞ്ഞുങ്ങളുടെ പേരിലുള്ള സമ്പാദ്യ പദ്ധതികളുടെ രേഖകൾ, മെമന്റോ, ലവീത്ത മിനിസ്ട്രിയുടെ ധനസഹായത്തുക എന്നിവ മാതാപിതാക്കൾ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിൽനിന്ന് സ്വീകരിച്ചു.

## വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുന്നാൾ ആഘോഷിച്ചു

പാളയം: സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാളയം ഇടവകയിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ്സ് കോൺഫറൻസ്, അമലോത്ഭവ മാതാ കോൺഫറൻസ്, മദർ തെരേസ കോൺഫറൻസ് സംയുക്തമായി വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുന്നാൾ സമുചിതമായി ആഘോഷിച്ചു. മൂന്ന് കോൺഫറൻസുകളും നേതൃത്വം നല്കിയ തിരുനാൾ ദിവ്യബലിക്കുശേഷം നടന്ന സമ്മേളനം ആദ്ധ്യാത്മിക ഉപദേഷ്ടാവും പാളയം ഇടവക വികാരിയുമായ മോൺ. വിൽഫ്രെഡ് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ കോൺഫറൻസുകൾ തിരഞ്ഞെടുത്ത രോഗികൾക്ക് ചികിത്സാ സഹായം, ദത്തുകുടുംബങ്ങൾക്ക് സഹായം, വിദ്യാഭ്യാസ സഹായം എന്നിവ വിതരണം ചെയ്യുകയും ചെയ്തു. 2024- 2025 വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

# ഇൻഡ്യയിലെ അൽമായ സമൂഹത്തിന്റെ മധ്യസ്ഥനായി വി. ദേവസഹായത്തെ പ്രഖ്യാപിച്ചതിന്റെ ആഘോഷം അതിരൂപത അൽമായ കമ്മിഷൻ നടത്തി



പാളയം: ഇൻഡ്യയിലെ അൽമായ സമൂഹത്തിന്റെ മധ്യസ്ഥനായി വി. ദേവസഹായത്തെ ലിയോ പാപ്പ പ്രഖ്യാപിച്ചതിന്റെ ആഘോഷം അതിരൂപത അൽമായ കമ്മിഷൻ നടത്തി. പാളയം സെന്റ്. ജോസഫ്സ് കത്തീഡ്രൽ ദേവാലയ ഹാളിൽ നടന്ന പൊതുസമ്മേളനം അതിരൂപത അൽമായ കമ്മിഷൻ ഡയറക്ടർ ഫാ. ബീഡ് മനോജ് അമാദോ ഉദ്ഘാടനം ചെയ്തു. ആധുനിക കാലഘട്ടത്തിൽ വിശുദ്ധ ദേവസഹായത്തിന്റെ ജീവിതം മാതൃകയാക്കി, സഭയോടും സമൂഹത്തോടും കൂറും വിശ്വസ്തതയും ഉള്ള നല്ല അല്മായ സമൂഹവും ഇവരെ നയിക്കാനുള്ള അൽമായ നേതാക്കളും രൂപപ്പെടേണ്ട സമയം അതിക്രമിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. പ്രൊഫ. ഐറിസ് കൊയിലോ മുഖ്യപ്രഭാഷണവും പാളയം ഇടവക വികാരി റവ. മോൺ. വിൽഫ്രഡ് ഇ അനുഗ്രഹ പ്രഭാഷണവും നടത്തി. അതിരൂപത അൽമായ ശുശ്രൂഷ കൺവീനർ ആന്റണി ആൽബർട്ടിന്റെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ അസിസ്റ്റന്റ് ഡയറക്ടർ നിക്സൺ ലോപ്പസ് സ്വാഗതവും, റീന ഷാജി കൃതജ്ഞതയും പറഞ്ഞു. തുടർന്ന് കത്തീഡ്രൽ ദേവാലയത്തിൽ കൃതജ്ഞത ബലിയർപ്പണവും നടന്നു.

## ബിഷപ് ഡോ. വിൻസെന്റ് സാമുവൽ വിരമിച്ചു; ഡോ. ഡി. സെൽവരാജൻ നെയ്യാറ്റിൻകര ബിഷപ്



നെയ്യാറ്റിൻകര: നെയ്യാറ്റിൻകര രൂപതയെ മൂന്നു പതിറ്റാണ്ടു കാലത്തോളം നയിച്ച ബിഷപ് ഡോ. വിൻസെന്റ് സാമുവൽ വിരമിച്ചു. പിന്തുടർച്ചാവകാശമുള്ള ബിഷപ്പായ ഡോ. ഡി. സെൽവരാജനെ പുതിയ ബിഷപ്പായി ലെയോ പാപ്പ നിയമിച്ചു. നെയ്യാറ്റിൻകര ബിഷപ്സ് ഹൗസിൽ ചേർന്ന യോഗത്തിൽ, ബിഷപ് ഡോ. വിൻസെന്റ് സാമുവലിന്റെ രാജി സ്വീകരിച്ച കാര്യവും പിൻഗാമിയായി ഡോ. ഡി. സെൽവരാജനെ നിയമിച്ച കാര്യവും പാപ്പായുടെ ഇന്ത്യയിലെ പ്രതിനിധി നുൺഷ്യോ ആർച്ച്ബിഷപ് ഡോ. ജിയോ പോൾദോ ജിറേലിയുടെ കത്തിലൂടെ അറിയിക്കുകയായിരുന്നു.

തിരുവനന്തപുരം അതിരൂപത ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ, ബിഷപ് ഡോ. വിൻസെന്റ് സാമുവൽ എന്നിവർ സന്നിഹിതരായിരുന്നു. 'അനുകമ്പയോടെ ശുശ്രൂഷിക്കാൻ' എന്നതാണ് ബിഷപ് ഡി. സെൽവരാജന്റെ പ്രമാണവാക്യം.

## 'ഗ്രെയ്സ് വിഗ്സ്'; അതിരൂപത KCSL നേതൃസംഗമവും പരിശീലനവും നടത്തി



മേനംകുളം: തിരുവനന്തപുരം ലത്തീൻ അതിരൂപത കെ.സി.എസ്.എൽ ലീഡേഴ്സിനായി "ഗ്രെയ്സ് വിഗ്സ്"എന്ന പേരിൽ Faith Celebration Program നടത്തി. സംഗമം ആർച്ച്ബിഷപ് തോമസ് ജെ. നെറ്റോ ഉദ്ഘാടനം ചെയ്തു. മേനംകുളം അനുഗ്രഹ ഭവൻ ധ്യാനകേന്ദ്രത്തിൽ നടന്ന പരിപാടിയിൽ KCSL നേതൃത്വത്തിന് ദൈവാനുഭവത്തോടുകൂടി തങ്ങളുടെ കഴിവുകളെ വികസിപ്പിക്കുവാനുള്ള പരിശീലനം ലഭ്യമാക്കി. ബിഷപ് ക്രിസ്തുദാസ് സന്ദർശനം നടത്തി കുട്ടികളുമായി സംവദിച്ചു. ഫാ. അരുൺ മാത്യു തൈപറമ്പിലിന്റെ നേതൃത്വത്തിൽ നടന്ന 'റോഡ് ബാൻഡ്' പരിപാടിയെ മനോഹരമാക്കി.

## ബി.എസ്.എൻ.എൽ മിനി മാരത്തണിൽ പിന്തുണയേകി ജൂബിലി മെമ്മോറിയൽ ആശുപതി



കുട്ടികളിലും, മുതിർന്നവരിലും, ആരോഗ്യം, ധൈര്യം, സാമൂഹികത, കായിക ശീലങ്ങൾ എന്നിവ വളർത്തുന്നതിനായി ബി.എസ്.എൻ.എൽ സംഘടിപ്പിച്ച മിനി മാരത്തണിൽ ജൂബിലി ആശുപത്രി പങ്കാളികളായി. ഇതിൽ പങ്കെടുക്കുന്നവരുടെ ആരോഗ്യപരമായ സുരക്ഷ ഉറപ്പാക്കുന്നതിനായി എമർജൻസി മെഡിസിൻ & ട്രോമാ കെയർ വിഭാഗം പിന്തുണ നൽകി. പ്രാഥമിക ചികിത്സ സൗകര്യങ്ങൾ ഒരുക്കുകയും റണ്ണർമാർക്ക് ആവശ്യമായ ആരോഗ്യം സംബന്ധിച്ച് സഹായം ഉറപ്പാക്കുകയും ചെയ്തു.

## ധന്യ മദർ ഏലീശ്വായുടെ തപാൽ സ്റ്റാമ്പ് പ്രകാശനം ചെയ്തു



കൊച്ചി:കേരളത്തിലെ ആദ്യ സന്യാസിനിയും ഭാരതത്തിലെ ആദ്യ കർമലീത്ത സന്യാസിനിയും റ്റി ഒസിഡി സഭാ സ്ഥാപികയുമായ ധന്യ മദർ ഏലീശ്വായുടെ വാഴ്ത്തപ്പെട്ടവൾ പ്രഖ്യാപന ചടങ്ങുകൾക്ക് മുന്നോടിയായി ഭാരത സർക്കാർ തപാൽ വകുപ്പ് പ്രത്യേക സ്റ്റാമ്പ് പുറത്തിറക്കി. കേരളത്തിലെ ലത്തീൻ കത്തോലിക്ക മെത്രാൻസമിതിയുടെ അധ്യക്ഷനും കോഴിക്കോട് അതിരൂപത അധ്യക്ഷനുമായ ആർച്ച്ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ തപാൽ സ്റ്റാമ്പ് സി ടി സി സഭാ സുപ്പീരിയർ ജനറൽ മദർ ഷാഹില സിടിസിക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപറമ്പിൽ,തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത ഡോ.തോമസ് ജെ നെറ്റോ, മറ്റ് ലത്തീൻ രൂപത മെത്രാന്മാർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# നീർച്ചാൽ

## പരിശുദ്ധ കുർബാന: നിത്യജീവന്റെ അച്ചാരം

ആണ്ടുവട്ടം 31-ാം ഞായർ (നവം. 2)

ജ്ഞാനം :3:1-9; റോമ:5:5-11; യോഹ:6:37-40

**ഫാ.സി.കെ. തോപ്പിൽ**



### പ്രമേയം

യോഹന്നാന്റെ സുവിശേഷം ആറാം അധ്യായം 35 മുതൽ 59 വരെയുള്ള ഭാഗം യേശുവിന്റെ 'ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണമാണ്. ഇതിൽ തന്നെ 6:35-50 വരെയുള്ള ആദ്യ ഭാഗം ദൈവത്തിന്റെ വചനത്തെക്കുറിച്ചും രണ്ടാം ഭാഗം (6:51-59) പരിശുദ്ധ കുർബാനയെക്കുറിച്ചും പഠിപ്പിക്കുന്നു എന്നതാണ് പണ്ഡിതമതം. എന്നാൽ പരിശുദ്ധ കുർബാനയുടെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ പരിശുദ്ധ കുർബാനയുടെ രണ്ട് ഭാഗങ്ങളും വചനശുശ്രൂഷയും കൂദാശ ശുശ്രൂഷയുമായി ഇതിനെ മനസ്സിലാക്കാം. ചുരുക്കത്തിൽ 6:35-50 വരെയുള്ള ഭാഗത്ത് ജീവന്റെ അപ്പം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവചനമായ ഈശോയെയാണ്.

### പ്രതിപാദ്യം

വിശ്വാസമാണ് ഇവിടെ അടിസ്ഥാനപരമായി പ്രതിപാദിക്കപ്പെടുന്നത്. വിശ്വാസത്തിന്റെ പ്രാധാന്യത്തെ ഇവിടെ പലപ്രാവശ്യം ആവർത്തിച്ചു പറയുന്നുണ്ട്. പ്രത്യേകിച്ച് യോഹ;6:40 ൽ ഇപ്രകാരം പറയുന്നു. "പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവന് നിത്യജീവൻ ഉണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും. ദൈവീക ജീവൻ സാക്ഷാത്കൃതമാകുന്നത് യേശുവിലൂടെയാണ്. അവനിലൂടെയല്ലാതെ ജീവനിലേക്ക് പ്രവേശിക്കുക സാദ്ധ്യമല്ല. ആകയാൽ ജീവന് യേശു അത്യന്താപേക്ഷിതമാണ്. യേശു ജീവന്റെ വചനവും അപ്പവുമാകുന്നത് അങ്ങനെയാണ്. ആത്മീയ വിശപ്പും ദാഹവും മനുഷ്യനിൽ സന്നിവേശിപ്പിച്ചത് ദൈവമാണ്. അതിനാൽ ആ വിശപ്പും ദാഹവും ദിവ്യമാണ്. അത് യേശുവിനുവേണ്ടിയുള്ള വിശപ്പും ദാഹവുമാണ്.

### പ്രചോദനം

പരിശുദ്ധ കുർബാന എന്ന യാഥാർത്ഥ്യത്തെക്കുറിച്ച് വിശദമാക്കിയതിനുശേഷം സുവിശേഷകൻ ഈ അപ്പം ഭക്ഷിക്കുന്നവർക്ക് ലഭിക്കുന്ന അല്ലെങ്കിൽ പരിശുദ്ധ കുർബാനാനുഭവത്തിന്റെ മൂന്ന് ഫലങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നു. ഒന്നാമതായി നിത്യജീവനാണ് (യോഹ:6:51, 54, 55). രണ്ടാമതായി പരിശുദ്ധാത്മാഭിഷേകമാണ് (യോഹ:6:63). "ആത്മാവാണ് ജീവൻ നൽകുന്നത്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോട് ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്. മൂന്നാമതായി കുർബാനാനുഭവം യേശുവുമായുള്ള ഐക്യത്തിൽ നമ്മെ വളർത്തും. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ:6:56). ചുരുക്കത്തിൽ പരിശുദ്ധ കുർബാന മിശിഹായോടൊത്തുള്ള നമ്മുടെ പുനഃരുത്ഥാനത്തിന്റെ അച്ചാരമായിത്തീരുന്നു. ●

## 'ചന്ത' മനോഭാവത്തിൽ നിന്നും 'ദൈവാലയ' മനോഭാവത്തിലേക്ക്

ആണ്ടുവട്ടം 32-ാം ഞായർ (നവം. 9)

എസെ:47:1-2, 8-9, 12; 1 കൊറി: 3:9 -11, 16-17; യോഹ:2: 13-22

**ഫാ.സി.കെ. തോപ്പിൽ**

### പ്രമേയം

യോഹന്നാന്റെ സുവിശേഷത്തിലെ അടയാളങ്ങളുടെ പുസ്തകത്തിൽ (1:19, 12:50) കാനായിൽനിന്നും തുടങ്ങി കാനായിൽ തിരിച്ചെത്തുന്ന (2:1-9:54) യേശുവിന്റെ സുവിശേഷ പ്രഘോഷണയാത്രയുണ്ട്. അതിൽ വരുന്ന ഒരു സംഭവമാണ് ഇന്നത്തെ സുവിശേഷഭാഗം (2:13-22). സമാന്തര സുവിശേഷങ്ങളിൽനിന്നും വിഭിന്നമായി യോഹന്നാൻ, യേശുവിന്റെ



പരസ്യജീവിതത്തിന്റെ ആരംഭത്തിലാണ് ദൈവാലയ ശുദ്ധീകരണം രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവാലയത്തെ അശുദ്ധമാക്കിയതിനെതിരെയുള്ള എതിർപ്പ് പ്രവാചക പ്രവൃത്തിയാണ് (ജെറെ:7:11; മലാക്കി:3:1). ദൈവാലയവും ദൈവാരാധനയും ശുദ്ധീകരിക്കുന്ന പ്രവാചകനാണ് ഈശോയെന്ന് ഈ സംഭവം തെളിയിക്കുന്നു. പഴയനിയമ ആരാധനയുടെ സ്ഥാനത്ത് പുതിയ ആരാധനാക്രമം നടപ്പിലാക്കുകയാണവിടുന്ന്. തന്റെ പരസ്യജീവിതമാകുന്ന കടന്നുപോകലിലൂടെ തന്റെ കുരിശുമരണവും ഉത്ഥാനവുമാകുന്ന പെസഹായിലൂടെ (21:22) യാണ് ഈ 'പുതിയ ആരാധനാക്രമം സംസ്ഥാപിതമാകുന്നത്' എന്നതാണ് സൂചന.

### പ്രതിപാദ്യം

ദൈവാലയത്തിൽ സ്വീകരിച്ചിരുന്ന നാണയം 'റ്റയിർ' (Tyrian half Shetel) നാണയമാണ്. വിജാതിയനായ രാജാവിന്റെ (റോമൻ സീസർ) രൂപം നാണയങ്ങളിൽ കൊത്തിയിരുന്നതിനാൽ റോമൻ ദനാറയും ആറ്റിക് ദ്രാക്മയും ദേവാലയ ഭണ്ഡാരത്തിൽ നിക്ഷേപിക്കാൻ പാടില്ലായിരുന്നു. 19 വയസ്സ് പൂർത്തിയായ എല്ലാ യഹൂദരും ദൈവാലയ നികുതിയായി അര ഷെക്കൽ നാണയം നൽകണമായിരുന്നു (പുറ:30:11-16). യോഹന്നാൻ മാത്രമാണ് ബലിയർപ്പിക്കാനുള്ള കാള, ആട്, എന്നിവയെക്കുറിച്ച് പറയുന്നത്. പ്രാവുകൾ പാവപ്പെട്ടവരുടെ ബലിയർപ്പണത്തിനുള്ളതാണ് (ലേവ്യ;5:7). ജറൂസലെം ദൈവാലയത്തിന് പല മണ്ഡപങ്ങളുണ്ടായിരുന്നു. ഏറ്റവും പിന്നിലായുള്ള വിജാതിയരുടെ മണ്ഡപം ബലിമൃഗങ്ങളെ വിൽക്കുന്നതിനും നാണയം കൈമാറ്റം ചെയ്യുന്നതിനുമുള്ള സ്ഥലമായി മാറിയിരുന്നു. ദൈവത്തോടുള്ള തീക്ഷ്ണത പഴയനിയമത്തിൽ സൂചിപ്പിക്കപ്പെടുന്നുണ്ട് (സംഖ്യ:25:11; രാജാ:19:10). സങ്കീർത്തനം 69:9 ലുള്ള വാക്യം ഇവിടെ യേശുവിനെ ഉദ്ദേശിച്ചുകൊണ്ട് ഭാവികാലവാക്യമായി മാറ്റിയി

രിക്കുന്നു. ബലിയുടെ പശ്ചാത്തലം യേശുവിന്റെ കുരിശു മരണത്തെക്കുറിച്ചുള്ള സൂചനയായി വ്യാഖ്യാനിക്കപ്പെടുന്നു.

### പ്രചോദനം

കച്ചവടത്തിലെ അവിശ്വസ്തതയാണ് സമാന്തര സുവിശേഷങ്ങളിൽ ഈശോയുടെ ക്രോധത്തെ ക്ഷണിച്ച് വരുത്തുന്നതെങ്കിൽ യോഹന്നാനിൽ 'കച്ചവടം' തന്നെ തെറ്റാണെന്ന് പ്രഖ്യാപിക്കുന്നു. യഹൂദരുടെ ബലിസമ്പ്രദായം ദൈവാലയത്തെ 'ചന്ത'യാക്കി മാറ്റി. ദൈവാലയം വിശുദ്ധമാണ്. അത് പ്രാർത്ഥിക്കാനുള്ള സ്ഥലമാണ്. പിതാവിന്റെ ആലയം എന്നാണ് യേശു അതിനെ വിശേഷിപ്പിക്കുന്നത്. പിതാവിന്റെ ആലയം കച്ചവട സ്ഥലമായി അധഃപ്പതിച്ചപ്പോൾ കത്തിജ്വലിക്കുന്ന ആത്മരോഷത്തിന്റെ മുഖമാണ് ഈ ദൈവാലയശുദ്ധീകരണത്തിൽ നാം കാണുക. പ്രതീകാത്മകമായ അർത്ഥത്തിൽ നമ്മുടെ ഹൃദയമാകുന്ന ദൈവാലയത്തിൽ കുടികൊള്ളുന്ന കച്ചവട മനോഭാവത്തെയാണ് യേശു തിരുത്തുന്നത്. എന്തുകിട്ടും എന്ന 'ചന്ത' മനോഭാവത്തിൽ നിന്നും എന്ത് കൊടുക്കാൻ കഴിയും എന്ന ദൈവാലയ മനോഭാവത്തിലേക്ക് തിരികെ നടക്കാൻ ഈ സുവിശേഷം നമ്മെ ക്ഷണിക്കുന്നു. എല്ലാം ബലിദാനമായി കൊടുത്തുതീർത്ത യേശുവിന്റെ യഥാർത്ഥ സാക്ഷികളാകാൻ ഈ വചനം നമ്മെ പ്രചോദിപ്പിക്കുന്നു. ●

## ക്ഷണികനായ മനുഷ്യനും നിത്യനായ ദൈവവും

**ആണ്ടുവട്ടം 33 -ാം ഞായർ (നവം. 16)**

മലാ. 3: 19-20 a; സങ്കീ. 98: 5-6. 7-8. 9. 2 തെസ. 3: 7-12. ലൂക്ക. 21: 5-19

### റവ. ഡോ. ഡൈസൻ

ജീവിതത്തിന്റെ ക്ഷണികതയെ ബോധ്യപ്പെടുത്തുവാൻ ഗുരു ശിഷ്യനെ മഞ്ഞുതുള്ളികളിലേക്ക് നയിച്ചു. എന്നിട്ട് അവന്റെ കാതുകളിൽ മന്ത്രിച്ചു; ജീവിതം ഇലത്തുമ്പിലെ മഞ്ഞുതുള്ളിപോലെയാണ്. ഒരുചെറു തെന്നൽ വരുന്നു അതു പൊഴിയുകയും ചെയ്യുന്നു. സൂര്യൻ ഉദിക്കുന്നു. അത് അപ്രത്യക്ഷമാകുകയും ചെയ്യുന്നു. മനുഷ്യരായ നമ്മൾ അറിയേണ്ട സത്യം: ഈ ലോകത്ത് നമ്മൾ തിരോഭവിക്കുന്ന, മാഞ്ഞുപോകുന്ന വ്യക്തികളാണ്. ജീവിതദൈർഘ്യം ക്ഷണികമാണ്. ആയുസുള്ള കാലത്ത് ഹെനോക്കിനെപ്പോലെ ദൈവത്തിന്റെ കൂടെ നടക്കാം. യാത്ര അവസാനിക്കും വരെ വഴിതെറ്റിക്കാനും, വഴിമുടക്കാനും



വരുന്ന വ്യാജന്മാരെ തിരിച്ചറിയാൻ, വഴിയിലെ പ്രതിബന്ധങ്ങളെ അതിജീവിക്കുവാൻ നിത്യനായ ദൈവത്തിൽ ആശ്രയിക്കാം.

ഇസ്രായേലിന്റെ ദൈവം ഏകദൈവമാണ്. ആ ദൈവത്തിനുള്ള ഏക ആലയം ജെറുസലേമിലാണ്. യഹൂദജനതയ്ക്ക് ജെറുസലേം ദൈവാലയം ആനന്ദവും അഭിമാനവുമാണ്. മനോഹരവും ശ്രദ്ധയേവുമായ ആദ്യ ദേവാലയം സോളമൻ രാജാവാണ് പണി കഴിപ്പിച്ചത്. യേശു പറഞ്ഞു: നിങ്ങൾ കാണുന്ന ഈ ദേവാലയം കല്ലിൻമേൽ കല്ല് ശേഷിക്കാതെ തകർക്കപ്പെടുന്ന സമയം വരുന്നു. എ.ഡി 70-ലെ ആക്രമണത്തിൽ യേശുവിന്റെ ഈ പ്രവചനം പൂർത്തികരിക്കപ്പെട്ടു. കത്തി നശിച്ച ദേവാലയത്തിൽനിന്ന് ഉരുകിയൊലിച്ച സ്വർണ്ണം കൈവശമാക്കാൻ റോമൻ പടയാളികൾ ദേവാലയത്തിന്റെ കല്ലുകൾ ഇളക്കി മാറ്റിയിരുന്നു. മനുഷ്യ നിർമ്മിതമായ ദേവാലയംപോലും ശാശ്വതമല്ലെന്ന് യേശു പറയുന്നു. ശാശ്വതമായത് ദൈവവും ദൈവം മനുഷ്യനു നല്കുന്ന ആത്മാവുമാണ്!

യേശു ഇന്നത്തെ വചനഭാഗത്ത് ഇപ്രകാരം പറയുന്നു: 'ആരും നിങ്ങളെ വഴി തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. എന്തെന്നാൽ പലരും അവൻ ഞാനാണ് എന്നും സമയം അടുത്തുവെന്നും പറഞ്ഞുകൊണ്ട് എന്റെ നാമത്തിൽ വരും. നിങ്ങൾ അവരുടെ പിന്നാലെ പോകരുത്.' ഒരു ക്രിസ്തുശിഷ്യൻ എപ്പോഴും വഴികാട്ടിയാണ്, ഒരിക്കലും അവൻവഴിയല്ല. യഥാർത്ഥ വഴിയായ നസ്രായന്റെ കൂടെ ആയിരുന്നുകൊണ്ട് ആ വഴിയിലേക്ക് ജനങ്ങളെ നയിക്കുന്നവനാണ് ക്രിസ്തുശിഷ്യൻ. മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെ നടന്നാലും എനിക്ക് ഭയമുണ്ടാവുകയില്ല. കാരണം ദൈവമാണ് എന്റെ കൂടെയുള്ളത്. ●

## രാജാവ്

**ആണ്ടുവട്ടം 34 -ാം ഞായർ (നവം. 23)**

2 സാമു. 5:1-3; കൊളോ. 1: 12-20, ലൂക്ക. 23: 35-43

### ഫാ. പ്രബൽ

അധികാരത്തിന്റെ നശ്വരതയെ പരിഹസിക്കുന്ന തിരുനാളാണ് ക്രിസ്തുരാജത്വ തിരുനാൾ. 1925 ൽ പീയൂസ് 11-ാമൻ പാപ്പ ക്രിസ്തുരാജത്വ തിരുനാൾ വിളംബരം ചെയ്തുകൊണ്ട് പ്രഖ്യാപിച്ചു; 'ക്രിസ്തുവിന്റെ ഭരണത്തിൽ ക്രിസ്തുവിന്റെ സമാധാനം' (ജമഃ ഇവൃശശെ ശ ിഞലഴിീ ഇവൃശശെ). ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ കാരണം (1914-18) ജനം അസമാധാനത്തിലും അരക്ഷിതാവസ്ഥയിലും തുടർന്ന അവസരത്തിൽ ഈ പ്രഖ്യാപനത്തിന് വളരെ പ്രധാന്യമുണ്ടായിരുന്നു. സർവ ജീവജാലങ്ങളുടെയുംമേൽ ആധിപത്യമുള്ളവൻ ദൈവമാണെന്നും ദൈവപുത്രനായ യേശുക്രിസ്തുവിലൂടെയാണ് എല്ലാ സൃഷ്ടികളും നയിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യുന്നതെന്നും ഉദ്ബോധിപ്പിച്ച് ക്രിസ്തുരാജത്വ തിരുനാളിന്റെ പ്രാധാന്യം പീയൂസ് പാപ്പ വ്യക്തമാക്കി.

2011-ൽ സ്പെയിനിലെ മാഡ്രിഡിൽ വച്ചുനടന്ന യുവജന സമ്മേളനത്തിൽ ബെനഡിക്ട് 16-ാമൻ പാപ്പ ഇപ്രകാരം ഉദ്ബോധിപ്പിച്ചു; "നാം വിശ്വസിക്കുന്നതെന്തോ അത് സുപ്രധാനമാണ്. എന്നാൽ അതിനേക്കാൾ പ്രധാനപ്പെട്ടതാണ് നാം ആരിൽ വിശ്വസിക്കുന്നുവോ, ആ വ്യക്തിയെന്നത്.' യേശുവെന്ന വ്യക്തിയിലുള്ള വിശ്വാസമാണ് നമ്മുടെ ജീവിതത്തിനും ഈ തിരുനാളാഘോഷത്തിനും അർത്ഥം നേടിത്തരുന്നത്. നമ്മുടെയെല്ലാം ഭവനങ്ങളിൽ കുടുംബ പ്രതിഷ്ഠാ പ്രാർത്ഥനയിൽ നമ്മൾ ആവർത്തിച്ച് ചൊല്ലുന്ന പ്രാർത്ഥനയാണ്, 'ഞങ്ങളുടെ കുടുംബങ്ങളിൽ അങ്ങ് രാജാവായി വാ



ഴണമേ'യെന്ന്. നമ്മുടെ ഭവനത്തിന്റെ കട്ടിളപ്പടിമേൽ എഴുതിവയ്ക്കും, 'ക്രിസ്തു ഈ ഭവനത്തിന്റെ നാഥൻ'. ക്രിസ്തുരാജനെ തീർത്ഥാടനത്തിലൂടെയും മറ്റും അനുധാവനം ചെയ്യുമ്പോൾ മതത്തിന്റെ ചട്ടക്കൂടുകൾക്കുമപ്പുറം ക്രിസ്തുവിനെ രാജാവായി അംഗീകരിക്കുകയാണ്.

ഭൗമിക രാജാക്കന്മാരുടെ മനുഷ്യത്വരഹിതമായ പ്രവർത്തികൾക്കുമുമ്പിൽ ക്രിസ്തുരാജൻ അസ്വസ്ഥനാണ്. മനുഷ്യൻ അന്തിയുറങ്ങാൻ വിധിക്കപ്പെട്ട സിമൻറ്തറകളെക്കാളും പ്രാമുഖ്യം കാലിത്തൊഴുത്തുകൾക്ക് നൽകുമ്പോൾ ക്രിസ്തു അസ്വസ്ഥനാണ്, സ്വന്തം ജനത പിറന്നമണ്ണിൽ വെള്ളത്തിൽ മുങ്ങിത്താഴുമ്പോൾ ഭൗമികരാജാക്കന്മാർ അതിന്റെ തിരക്കിലാകുമ്പോൾ ക്രിസ്തുരാജൻ അസ്വസ്ഥനാണ്, ക്രിസ്തുശിഷ്യരെ സമൂഹമാധ്യമങ്ങളിൽ അനാവശ്യമായി പിച്ചിച്ചീന്തുമ്പോൾ ക്രിസ്തു അസ്വസ്ഥനാണ്. സ്വന്തം സഹോദരൻ ജീവിതത്തിനും മരണത്തിനുമിടയിൽ വെന്തുരുകുമ്പോൾ വാട്സ് ആപ്പിലും ഫെയ്സ്ബുക്കിലും സ്റ്റാറ്റസ് ഇട്ട് നിർവൃതികൊള്ളുന്നവരെ ഓർത്ത് ക്രിസ്തുരാജൻ അസ്വസ്ഥനാണ്.

ക്രിസ്തുവിനെ അറിഞ്ഞ, ക്രിസ്തുവിനെ ധരിച്ച, ക്രിസ്തുരാജ്യത്തിലേക്ക് നയിക്കുന്ന, ക്രിസ്തുകേന്ദ്രീകൃതമായി നയിക്കുന്ന ഭൗമികരാജാക്കന്മാർക്കായി ക്രിസ്തുരാജാവിന്റെ ചാരെ പ്രത്യാശയോടെ നമുക്കണയാം. ●




## ജാഗരൂകതയും ഒരുക്കവും

**ആഗമനകാലം 1-ാം ഞായർ (നവം. 30)**

**ഏശ. 2: 1-5; സങ്കീ. 122: 1-3, 6-7, 8-9. റോമ. 13: 11-14. മത്താ. 24: 37-44**

**റവ. ഡോ. ലോറൻസ് കുലാസ്**

ആഗമനകാലം ഒന്നാം ഞായറോടുകൂടി സഭയിൽ ആരാധനക്രമമനുസരിച്ച് ഒരു പുതിയ വർഷം ആരംഭിക്കുകയാണ്. പുതിയ ആരാധനാവർഷത്തിലെ ആദ്യ ഞായറിൽ മനുഷ്യപുത്രന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള ചിന്തകളാണ് രൂപപ്പെടുന്നത്. ഭാവിയിൽ സംജാതമാകാനിരിക്കുന്ന മനുഷ്യപുത്രന്റെ രണ്ടാംവരവിന് വേണ്ടിയുള്ള വർത്തമാനകാലത്തിന്റെ ഒരുക്കമാണ് ഈ ചിന്തയിൽ അടങ്ങിയിരിക്കുന്നത്. വർത്തമാനകാലത്തിൽ ആവശ്യമായി വരുന്ന ഒരുക്കത്തെ പഴയനിയമത്തിലെ ഒരു സംഭവത്തോടും മറ്റുചില പ്രതീകങ്ങളോടും ചേർത്തുവച്ചുകൊണ്ടാണ് സുവിശേഷകൻ പ്രതിപാദിക്കുന്നത്. ഇവ നോഹയുടെ കാലഘട്ടത്തിലെ ജലപ്രളയ സംഭവവും (ഉത്പ. 6-9) വയലിൽ ജോലിചെയ്യുന്ന രണ്ടുപേർ, തിരികല്ലിൽ ജോലിചെയ്തുകൊണ്ടിരുന്ന രണ്ട് സ്ത്രീകൾ, ഭവനഭേദനത്തിനെതിരെ ഉണർന്നിരിക്കുന്ന വീട്ടുടമസ്ഥൻ, തുടങ്ങിയവയുമാണ്. മനുഷ്യപുത്രന്റെ രണ്ടാം വരവിനായി വർത്തമാനകാലത്തിൽ എപ്രകാരമായിരിക്കണം എന്നതിലേക്കാണ് മേൽ സൂചിപ്പിച്ച സംഭവവും പ്രതീകങ്ങളും ശ്രോതാവിനെ നയിക്കുന്നത്.

മനുഷ്യപുത്രന്റെ ആഗമനത്തെ സൂചിപ്പിക്കുവാൻ സുവിശേഷകൻ അവലംബിക്കുന്ന പഴയനിയമ സംഭവം നോഹയുടെ കാലത്തെ ദിവസങ്ങളാണ്. നോഹയുടെ ദിവസങ്ങളിൽ ജലപ്രളയം ആരംഭിക്കുന്നതുവരെ ജനം സാധാരണ ജീവിതശൈലി തുടരുകയായിരുന്നു. ആ ദിവസങ്ങളിൽ സംഭവിക്കാനിരിക്കുന്ന ജലപ്രളയത്തെക്കുറിച്ചോ ദൈവത്തിന്റെ വിധിയെക്കുറിച്ചോ യാതൊരു വിധ ധാരണയും മുന്നറിവും ജനത്തിനുണ്ടായിരുന്നില്ല. നോഹയുടെ കാലത്ത് ജനത്തിന് ജലപ്രളയത്തെക്കുറിച്ച് സൂചനയൊന്നും ലഭിക്കാതിരുന്നതുപോലെ ഇന്നിന്റെ ജനതയ്ക്കും മനുഷ്യപുത്രന്റെ രണ്ടാം വരവിനെക്കുറിച്ച് മുന്നറിവ് ലഭിക്കില്ല.

മനുഷ്യപുത്രന്റെ രണ്ടാംവരവുമായി ബന്ധപ്പെട്ട് സുവിശേഷകൻ നല്കുന്ന മൂന്ന് പ്രതീകങ്ങളിൽ ആദ്യ രണ്ടെണ്ണം സമാനതകൾ ഉള്ളവയാണ്. രണ്ടുപേർ (പുരുഷന്മാർ) വയലിലും, രണ്ടുപേർ (സ്ത്രീകൾ) തിരികല്ലിലും ജോലിചെയ്യുന്ന പ്രതീകങ്ങളാണ്. ഈ രണ്ട് പ്രതീകങ്ങളിലും ഒരാൾ എടുക്കപ്പെടുകയും മറ്റൊരാൾ അവിശേഷിക്കപ്പെടുകയും ചെയ്യുന്നു. 'എടുക്കപ്പെടുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മനുഷ്യപുത്രന്റെ രണ്ടാംവരവിൽ രൂപപ്പെടുന്ന 'രക്ഷിക്കപ്പെട്ടവരുടെ ഗണത്തിൽ' ചേർക്കപ്പെടുക എന്നതാണ്. 'അവശേഷിപ്പിക്കപ്പെടുക' എന്നാൽ 'രക്ഷപ്പെട്ടവരുടെ ഗണത്തിൽ' ഉൾപ്പെടുന്നില്ല എന്നതാണ്. അപ്രകാരം ഈ രണ്ട് പ്രതീകങ്ങളും മനുഷ്യപുത്രന്റെ രണ്ടാം വരവിലെ നിർണായകതയെ സൂചിപ്പിക്കുന്നു. അതായത്, ജനങ്ങൾക്കിടയിൽ സംഭവിക്കുന്ന ഒരു തിരഞ്ഞെടുപ്പ് മനുഷ്യപുത്രന്റെ രണ്ടാംവരവിൽ ഉണ്ട് എന്നതിന്റെ വെളിപ്പെടുത്തലാണ്. മൂന്നാമത്തെ പ്രതീകം വീട്ടുടമസ്ഥൻ കരുതിയിരിക്കാതെ രാത്രിയുടെ ഏത് സമയത്തും കടന്നുവരാനിടയുള്ള കള്ളന്റേതാണ്. കള്ളൻ ഏത് സമയത്തും വരുമെന്ന് വീട്ടുടമസ്ഥന് ഇവിടെ കണക്കുകൂട്ടാൻ കഴിയില്ല. അതുപോലെ മനുഷ്യപുത്രന്റെ ആഗമനം ഏത് സമയത്തായിരിക്കുമെന്ന് ഇന്ന് ഈ കാലഘട്ടത്തിലെ ആർക്കും ഗണിച്ചെടുക്കാൻ കഴിയില്ല.

ഈ അവസരത്തിൽ രണ്ട് കാര്യങ്ങളാണ് തെളിഞ്ഞ് വരുന്നത്: ഒന്ന്, ജാഗരൂഗരായിരിക്കുക (24:42); രണ്ട്, തയ്യാറായിരിക്കുക (24:44). ജാഗരൂകതയും ഒരുക്കവും ഉള്ള ജനങ്ങളാണ് മനുഷ്യപുത്രന്റെ രണ്ടാം വരവിൽ രക്ഷിക്കപ്പെട്ടവരുടെ ഗണത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ. മനുഷ്യപുത്രന്റെ ആഗമനം വരും കാലങ്ങളിൽ എപ്പോഴുണ്ടായാലും ആ സംഭവം മനുഷ്യരുടെ വർത്തമാനകാലജീവിതത്തെ നിശ്ചയമായും സ്വാധീനിക്കേണ്ടതാണ്. മത്തായി സുവിശേഷകന്റെ പശ്ചാത്തലത്തിൽ ഒരു വിശ്വാസിയുടെ ഇന്നിന്റെ ജീവിതശൈലിയെ മൂന്ന് രീതിയിൽ ക്രമപ്പെടുത്താം; ഒന്ന്, കാരുണ്യപ്രവൃത്തികൾ (25:35-46), രണ്ട്, ക്ഷമ (18:21-35), മൂന്ന്, സമാധാനം (10:11-13). ഇപ്രകാരമുള്ള ജീവിതശൈലി രൂപപ്പെടുത്തലാണ് ജാഗരൂകതയുടെയും ഒരുക്കത്തിന്റെയും അടയാളം. രണ്ടാം വരവിന്റെ ചിന്ത മനുഷ്യനെ കൂടുതൽ കൂടുതൽ നന്മയുടെ പ്രവർത്തനപഥത്തിലേക്ക് നയിക്കണം. അതിനായി നമ്മുടെ ഹൃദയത്തെയും കാതുകളെയും ദൈവ ശ്രുതിയിലേക്ക് ഇഴചേർക്കേണ്ടതാണ്. ●

**നേർക്കാഴ്ച**

**ജെ. സി.**



# രണ്ടുവർഷത്തെ ചോരക്കളിക്ക് ശേഷം ഗാസാ സമാധാനത്തിലേക്ക്?

ഗാസയിലെ ഹമാസ് തീവ്രവാദികൾ 2023 ഒക്ടോബർ ഏഴിന് തെക്കൻ ഇസ്രായേലിൽ നടത്തിയ ഭീകരാക്രമണത്തെത്തുടർന്ന് ഇസ്രായേലിന് ലോകരാഷ്ട്രങ്ങളിൽനിന്ന് ലഭിച്ച സഹാനുഭൂതിയും പിന്തുണയും അളവറ്റതായിരുന്നു. ആധുനിക ഇസ്രായേലിന്റെ 77 വർഷത്തെ ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ആ സുരക്ഷാ വീഴ്ചയ്ക്ക് ഉത്തരം പറയേണ്ട പ്രധാനമന്ത്രി ബെഞ്ചമൻ നെതന്യാഹു ഗാസയിൽനിന്ന് ഹമാസ് ഭീകരരെ തുടച്ചു നീക്കാനുള്ള ദൃഢനിശ്ചയത്തോടെ ആരംഭിച്ച സൈനിക നടപടികൾ ലെബനോൻ, സിറിയ, ഇറാൻ, യെമൻ അതിർത്തികളിലേക്കുകൂടി വ്യാപിപ്പിച്ച് ഒടുവിൽ വെടി നിർത്തൽ ചർച്ചകൾക്ക് മധ്യസ്ഥത വഹിച്ചുവന്ന ഖത്തറിന്റെ തലസ്ഥാന നഗരത്തിലും ബോംബിടുന്നതിൽവരെ ചെന്നെത്തി. ഒഴിഞ്ഞുപോകാൻ ഒരിടവും ഇല്ലാതെ ഗാസ മുനമ്പിൽ കുടുങ്ങിക്കിടക്കുന്ന 21 ലക്ഷം ജനങ്ങളെ കൊടുംയാതനകളിലേക്കാഴ്ത്തി രണ്ടു വർഷമായി തുടരുന്ന യുദ്ധവെറിക്ക് ഇനിയും കൂട്ടു നിൽക്കാനാവില്ലെന്ന് യൂറോപ്യൻ രാജ്യങ്ങൾ ഉൾപ്പെടെ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന പല രാജ്യങ്ങളും മുന്നോട്ടുവന്നു. സമാധാനം - ഈ വാക്ക് പകരുന്ന പ്രകാശവും, സൗന്ദര്യവും ആശ്വാസവുമൊക്കെ ഹൃദയത്തിൽ അനുഭവിക്കുകയാണിപ്പോൾ ലോകം.

യുദ്ധം തകർത്ത ഗാസ പുതുജീവൻ തേടുകയാണിപ്പോൾ. ആ മേഖലയിൽ അവശേഷിക്കുന്ന ജനത കൊടും പട്ടിണിയിലാണ്. ദുരിതാശ്വാസ സഹായം ഊർജ്ജിതമാക്കുകയാണ് അവരുടെ അടിയന്തിരമായ ആവശ്യം. ഗാസയിലേക്ക് രാജ്യാന്തര ഏജൻസികൾ കൂടുതൽ സഹായമെത്തിച്ച് തുടങ്ങുന്നത് ആശ്വാസകരമാണ്. ഭക്ഷണത്തിനും വൈദ്യസഹായത്തിനും പുറമേ ജലവിതരണത്തിനും അഴിക്കുചാൽ അറ്റകുറ്റപ്പണികൾക്കുമുള്ള സാധന സാമഗ്രികൾ എത്തിക്കുകയാണ്.

**നവലോകത്തിന് ഒരു യുദ്ധത്തെയും ന്യായീകരിക്കാനാവില്ല. ഒരു യുദ്ധവും നഷ്ടമല്ലാതെ ഒന്നും ബാക്കിയാക്കുന്നില്ല. ചോരകൊണ്ടല്ല സഹവർത്തിത്വവും മാനുഷികതയും കൊണ്ടാവണം പുതിയ ലോകത്തിന്റെ നിർമ്മിതി. അക്രമവും നിർബന്ധിത കുടിയിറക്കവും പ്രതികാരവുംകൊണ്ട് ഒരിക്കലും ഭാവികെട്ടിപ്പെടുക്കാനാവില്ലെന്ന് ലെയോ പാപ്പ സംഘർഷ മേഖലകളിലെ രാഷ്ട്രീയ നേതാക്കളെ ഓർമ്മിപ്പിക്കുന്നുണ്ട്.**

ഇരുപതിന ഗാസാകരാറിലെ തുടർനടപടികൾ സംബന്ധിച്ചുള്ള അനിശ്ചിതത്വവും നമ്മെ ആശങ്കപ്പെടുത്തുന്നു. ട്രംപിന്റെ നേതൃത്വത്തിലുള്ള ബോർഡ് ഓഫ് പീസ് എന്ന രാജ്യാന്തര സമിതിക്കാവും യുദ്ധാനന്തര ഗാസയുടെ ഭരണമെന്നാണ് കരാറിലുള്ളത്. പാലസ്തീൻകാരുടെ സമിതിയാകാം, പുറമേയുള്ളവരുടെ ഭരണം അംഗീകരിക്കില്ലാന്നാണ് ഹമാസ് നിലപാട്. ഇതുപോലെ പല വിഷയങ്ങളിലും നിലനിൽക്കുന്ന അഭിപ്രായഭിന്നതകൾ ആശങ്കാജനകമാണ്. പാലസ്തീൻ സ്വതന്ത്രരാഷ്ട്ര പദവി വേണമെന്ന ജനാധിപത്യ വിശ്വാസികളുടെ ആവശ്യത്തിന് ലോകമെങ്ങും പിന്തുണയേറിവരികയാണെന്ന യാഥാർത്ഥ്യം ഇസ്രായേലും യുഎസും ഉൾക്കൊള്ളുകയും വേണം. ഇപ്പോഴത്തെ കരാർ വെടിനിർത്തൽ മാത്രമായിക്കൂടാ. തർക്കങ്ങൾ എത്രയുംവേഗം ഒത്തുതീർപ്പാക്കി ശാശ്വത സമാധാനം അവിടെയെന്നും നിലനിൽക്കാൻ ലോകരാഷ്ട്രങ്ങളെല്ലാം തുടർന്നും കൈകോർത്തു നിൽക്കണം.

നവലോകത്തിന് ഒരു യുദ്ധത്തെയും ന്യായീകരിക്കാനാവില്ല. ഒരു യുദ്ധവും നഷ്ടമല്ലാതെ ഒന്നും ബാക്കിയാക്കുന്നില്ല. ചോരകൊണ്ടല്ല സഹവർത്തിത്വവും മാനുഷികതയും കൊണ്ടാവണം പുതിയ ലോകത്തിന്റെ നിർമ്മിതി. അക്രമവും നിർബന്ധിത കുടിയിറക്കവും പ്രതികാരവുംകൊണ്ട് ഒരിക്കലും ഭാവികെട്ടിപ്പെടുക്കാനാവില്ലെന്ന് ലെയോ പാപ്പ സംഘർഷ മേഖലകളിലെ രാഷ്ട്രീയ നേതാക്കളെ ഓർമ്മിപ്പിക്കുന്നുണ്ട്. ചർച്ചകൾകൊണ്ടാണ് തർക്കങ്ങൾ പരിഹരിക്കേണ്ടത് എന്നുകൂടി പാപ്പ ഓർമ്മിപ്പിക്കുന്നു.



വിശുദ്ധ ഫ്രാൻസിസ് സേവ്യർ
തീർത്ഥാടന ദേവാലയം, പള്ളം.
തിരുവനന്തപുരം ലത്തീൻ അതിരൂപത
വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ
2025 നവംബർ 24 മുതൽ
ഡിസംബർ 3 വരെ
നവംബർ 17 മുതൽ 19 വരെ
തിരുനാൾ മുന്നൊരുക്ക ധ്യാനം
നയിക്കുന്നത്
IMS ധ്യാനകേന്ദ്രം
ഡിസംബർ 3 ചൊവ്വ, 6pm ന്
പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യകാർമികൻ
റൈറ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ
തീർത്ഥാടകർക്ക് സ്വാഗതം

JEEVANUM VELICHAVUM

Pub. Date: 01.11.2025
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26

Total Pages 44
Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George